33rd Year of Service 2025

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 18, 2025 Vol. XXXIII No. 34

3 രാഹുൽ നയിക്കുന്ന 'വോട്ടർ അധികാർ' യാത്ര
4 സിപിഎമ്മിലെ പരാതിച്ചോർച്ച
6 ഇന്ത്യൻ ഇതിഹാസ സിനിമയ്ക്ക് അൻപത് വയസ്സ്
15 കെസിസിഎൻഎയുടെ പ്രഥമ ഗോൾഫ് ടൂർണമെന്റ്
17 സോഷ്യൽ ക്ലബിന്റെ വടംവലി മത്സരം

## ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരത്തിൽ രാഹുൽ മാങ്കൂട്ടത്തിലും മോൻസ് ജോസഫും മാണി സി. കാപ്പനും അതിഥികൾ

ജോസ് കണിയാലി

ചിക്കാഗോ: ആഗസ്റ്റ് 31-ാം തീയതി ചിക്കാഗോ സോഷ്യൽ ക്ലബ് നേതൃത്വം നല്കുന്ന 11-ാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ, അഡ്വ. മോൻസ് ജോസഫ് എംഎൽഎ, മാണി സി. കാപ്പൻ എംഎൽഎ എന്നിവർ അതിഥികളായി പങ്കെടുക്കുമെന്ന് ചിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ എന്നിവർ അറിയിച്ചു. കേരള നിയമസഭയിലെ മൂന്ന് ജനപ്രതിനിധികൾ വടംവലി മത്സരത്തിന്റെ വേദിയിലെത്തുന്നത് തികച്ചും അഭിമാനകരമാണെന്ന് ഭാരവാഹികൾ പറഞ്ഞു.

2024 നവംബർ 20-ന് നടന്ന പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ 18,840 വോട്ടിന്റെ ഭൂരിപക്ഷത്തിൽ കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട രാഹുൽ മാങ്കൂട്ടത്തിലിന്റെ ആദ്യത്തെ അമേരിക്കൻ സന്ദർശനമാണിത്.

നിലവിൽ കേരളാ യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡണ്ടായ രാഹുൽ മാങ്കൂട്ടത്തിൽ കോളജ് വിദ്യാർത്ഥിയായിരിക്കുമ്പോൾ 2006-ൽ കെ.എസ്.യു, വിൽ അംഗമായതോടെയാണ് രാഷ്ട്രീയജീവിതം ആരംഭിച്ചത്. കെ.എസ്.യു. യൂത്ത് കോൺഗ്രസ് സംഘടനകളുടെ സംസ്ഥാന ജനറൽ സെക്രട്ടറി, എൻ.എസ്.യു.ഐ ദേശീയ സെക്രട്ടറി, കെ.പി.സി.സി. അംഗം, കെ.എസ്.യു. പത്തനംതിട്ട ജില്ലാ പ്രസിഡണ്ട് തുടങ്ങിയ വിവിധ നിലകളിൽ രാഹുൽ പ്രവർത്തിച്ചിട്ടുണ്ട്. അടൂർ തപോവൻ സ്കൂൾ, പന്തളം സെന്റ് ജോൺസ് പബ്ലിക് സ്കൂൾ എന്നിവിടങ്ങളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം നേടി. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നിന്ന് ബിരുദവും ഡൽഹി സെന്റ് സ്റ്റീഫൻസ് കോളജിൽ നിന്ന് ബിരുദാനന്തര ബിരുദവും നേടി. ഇപ്പോൾ കോട്ടയം എം.ജി. യൂണിവേഴ്സിറ്റിയിൽ ഗവേഷക വിദ്യാർത്ഥിയാണ് രാഹുൽ മാങ്കൂട്ടത്തിൽ.



രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ



അഡ്വ. മോൻസ് ജോസഫ് എംഎൽഎ



മാണി സി. കാപ്പൻ എംഎൽഎ

കേരളാ കോൺഗ്രസിന്റെ വിദ്യാർത്ഥി സംഘടനയിലൂടെ രാഷ്ട്രീയത്തിൽ സജീവമായ മോൻസ് ജോസഫ് (ശേഷം 26-ാം പേജിൽ)

## മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറെ ഇംപീച്ച് ചെയ്യാൻ പ്രതിപക്ഷ നീക്കം; ഒപ്പുശേഖരണം തുടങ്ങി

ന്യൂഡൽഹി: വോട്ടുകൊള്ള ആരോപണത്തിനു പിന്നാലെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്കെതിരെ ഇംപീച്ച്മെന്റ് ആയുധം പ്രയോഗിക്കാൻ പ്രതിപക്ഷം നീക്കം ആരംഭിച്ചതായി റി




ഗ്യാനേഷ് കുമാർ

പ്പോർട്ട്. ഇതു സംബന്ധിച്ച് ഇന്ത്യ മുന്നണിയിൽ ആലോചനകൾ തുടങ്ങി.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലും ചില സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിലും വോട്ടർ പട്ടികയിൽ വ്യാപകമായ കൂട്ടിച്ചേർക്കലുകൾ നടന്നതായി വാർത്താസമ്മേളനം നടത്തി പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ആരോപിച്ചിരുന്നു. ഇതിനു മറുപടിയായി മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറും വാർത്താസമ്മേളനം നടത്തി. രാജ്യത്ത് തെരഞ്ഞെടുപ്പ് സുതാര്യമായിട്ടാണ് നടത്തപ്പെടുന്നതെന്നും കമ്മീഷന്റെ തോളിൽ തോക്കു വെച്ച് വോട്ടർമാരെ ലക്ഷ്യമിട്ട് രാഷ്ട്രീയം കളിക്കുന്നത് അനുവദിക്കില്ലെന്നും മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ മുന്നറിയിപ്പ് നല്കിയിരുന്നു. ഒപ്പം വോട്ട്കൊള്ള സംബന്ധിച്ച ആരോപണത്തിൽ സത്യവാങ്മൂലം നല്കണമെന്നും അല്ലെങ്കിൽ മാപ്പ് പറയണമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടിരുന്നു. ഇതിനു പിന്നാലെയാണ് ഇംപീച്ച്മെന്റ് കൊണ്ടുവരാൻ കോൺഗ്രസ് നേതൃത്വത്തിൽ പ്രതിപക്ഷം നീക്കം ആരംഭിച്ചത്.

18-ന് രാവിലെ ചേർന്ന യോഗത്തിലാണ് ഇംപീച്ച്മെന്റ് നോട്ടീസ് നല്കുന്നത് ഇന്ത്യ മുന്നണി ചർച്ച ചെയ്തത്. നോട്ടീസ് നല്കുന്നതിനായി ഒപ്പുശേഖരണം നടത്തുകയാണ് ആദ്യകടമ്പ. പാർലമെന്റിലെ ഇരുസഭകളിലും മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിച്ചാൽ മാത്രമേ തെരഞ്ഞെടുപ്പ് കമ്മീഷണറെ ഇംപീച്ച് ചെയ്യാൻ സാധിക്കൂ. എന്നാൽ, ഈ വിഷയത്തിൽ ഗൗരവമേറിയ ചർച്ചകൾ (ശേഷം 34-ാം പേജിൽ)

## ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ്: സി.പി. രാധാകൃഷ്ണൻ എൻഡിഎ സ്ഥാനാർത്ഥി




ന്യൂഡൽഹി: മഹാരാഷ്ട്ര ഗവർണറും തമിഴ്നാട്ടിൽനിന്നുള്ള ബിജെപി നേതാവുമായ സി.പി. രാധാകൃഷ്ണൻ (67) എൻഡിഎയുടെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥി. ആഗസ്റ്റ് 17-ന് ചേർന്ന ബിജെപി പാർലമെന്ററി ബോർഡ് യോഗത്തിലാണു തീരുമാനം. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിനു ശേഷം ബിജെപി ദേശീയ അദ്ധ്യക്ഷൻ ജെ.പി. നഡ്ഡയാണു പ്രഖ്യാപനം നടത്തിയത്. സെപ്റ്റംബർ ഒൻപതിനാണ് തെരഞ്ഞെടുപ്പ്. തിരുപ്പൂർ സ്വദേശിയായ രാധാകൃഷ്ണൻ ബിജെപി തമിഴ്നാട് ഘടകം മുൻ പ്രസിഡണ്ടാണ്. ആർഎസ്എസ്, ജനസംഘം എന്നിവയിലൂടെ പൊതുരംഗത്ത് എത്തിയ അദ്ദേഹം രണ്ടു തവണ കോയമ്പത്തൂർ എംപിയായിരുന്നു. 2020 മുതൽ രണ്ടു വർഷം കേരളത്തിൽ ബിജെപിയുടെ പ്രഭാരിയായിരുന്നു. 2023 ഫെബ്രുവരിയിൽ ജാർഖണ്ഡ് ഗവർണറായി. കഴിഞ്ഞ വർഷം ആഗസ്റ്റിലാണു മഹാരാഷ്ട്ര ഗവർണറായത്. (ശേഷം 34-ാം പേജിൽ)




ഓർമ്മ അന്താരാഷ്ട്ര പ്രസംഗ മത്സരം സീസൺ 3 ഗ്രാൻഡ് ഫിനാലെ എ.ഡി.ജി.പി. പി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. ഓർമ്മ പ്രസിഡണ്ട് സജി സെബാസ്റ്റ്യൻ, ചലച്ചിത്രതാരം വിൻസി അലോഷ്യസ്, ജോസ് കെ. മാണി എംപി, മാണി സി. കാപ്പൻ എംഎൽഎ, തോമസ് പീറ്റർ, സംവിധായകൻ ഭദ്രൻ മാട്ടേൽ, ജോസ് ആറ്റുപുറം, സജിമോൻ ആന്റണി, ഓർമ്മ ടാലെന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, സെക്രട്ടറി എബി ജെ. ജോസ്, ഷാജി ആറ്റുപുറം, കുര്യാക്കോസ് മാണിവയലിൽ തുടങ്ങിയവർ സമീപം. (18, 19 പേജുകൾ കാണുക)

Visit Our Website: www.keralaexpress.com







# YOUTH PASTORAL VACANCY

## Bethel Pentecostal Assembly, Bay Area, California

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principles that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com with three references before Sept 12, 2025.

## ചൈനീസ് വിദേശകാര്യമന്ത്രി ഇന്ത്യയിൽ

ന്യൂഡൽഹി: ചൈനീസ് വിദേശകാര്യമന്ത്രി വാംഗ് യീ രണ്ടു ദിവസത്തെ സന്ദർശനത്തിനായി ന്യൂഡൽഹിയിൽ എത്തിച്ചേർന്നു. ആഗസ്റ്റ് 19-ന് നടക്കുന്ന ഇന്ത്യ ചൈന അതിർത്തിതർക്കം പരിഹരിക്കാനുള്ള സംയുക്ത യോഗത്തിൽ വാംഗ് യീ പങ്കെടുക്കും. ദേശീയ സുരക്ഷ ഉപദേഷ്ടാവ് അജിത് ഡോവലായിരിക്കും ഇന്ത്യൻ സംഘത്തെ നയിക്കുക.

ഷാംഗ്ഹായി സഹകരണ ഉച്ചകോടിക്ക് മോദി ചൈനയിലേക്ക് പോകാനിരിക്കെയാണ് വാംഗ് യീയുടെ ഇന്ത്യാ സന്ദർശനം. അതേ സമയം യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ തീരുവ 50 ശതമാനമായി ഇരട്ടിയാക്കിയതിനെത്തുടർന്ന് ഇന്ത്യ യുഎസ് ബന്ധത്തിൽ വർധിച്ചുവരുന്ന സംഘർഷങ്ങൾ കണക്കിലെടുക്കുമ്പോൾ, ചൈനീസ് വിദേശകാര്യമന്ത്രിയുടെ സന്ദർശനത്തിനു പ്രാധാന്യം ലഭിക്കുന്നു.

വാംഗ് യീയുടെ സന്ദർശനവേളയിൽ, അതിർത്തിയിൽ ശാശ്വതസമാധാനത്തിനും ശാന്തതയ്ക്കും വേണ്ടിയുള്ള നടപടികളെക്കുറിച്ച് ഇന്ത്യയും ചൈനയും ചർച്ചചെയ്യുമെന്നാണ് പ്രതീക്ഷ. (ശേഷം 34-ാം പേജിൽ)

## 'വോട്ട് കൊള്ള' ആരോപണം തള്ളി തെരഞ്ഞെടുപ്പ് കമ്മീഷൻ

ന്യൂഡൽഹി: തെരഞ്ഞെടുപ്പു കമ്മീഷനെതിരെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉന്നയിച്ച 'വോട്ട് ചോരി' ആരോപണം അപ്പാടെ തള്ളി മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. വോട്ട് കൊള്ള പോലുള്ള പരാമർശങ്ങൾ ഭരണഘടനയെ അവഹേളിക്കുന്നതിന് തുല്യമാണെന്ന് രാഹുലിന്റെ ആരോപണത്തിനു മറുപടിയായി മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ ഡൽഹിയിൽ വിളിച്ചുചേർത്ത വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

വോട്ട് കൊള്ള എന്ന കള്ളക്കഥ പ്രചരിപ്പിക്കുകയാണ്. ആരോപണത്തിൽ പ്രതിപക്ഷ നേതാവ് സത്യവാങ്മൂലം സമർപ്പിക്കണം. ഇല്ലെങ്കിൽ ഇന്ത്യയോടു മാപ്പു പറയണം. ഏഴ് ദിവസത്തിനുള്ളിൽ സത്യവാങ്മൂലം സമർപ്പിക്കാൻ ഗ്യാനേഷ് കുമാർ വെല്ലുവിളിക്കുകയും ചെയ്തു. ഇല്ലെങ്കിൽ ആരോപണങ്ങൾ എല്ലാം തെറ്റാണെന്ന് അർത്ഥമാക്കും.

രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി തെരഞ്ഞെടുപ്പു കമ്മീഷനെ ഉപയോഗിക്കുകയാണ്. കമ്മീഷനെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷമോ ഭരണപക്ഷമോ എന്നില്ല. എല്ലാവരും തുല്യരാണ്. പ്രത്യയശാസ്ത്രമോ ബന്ധമോ പരിഗണിക്കാതെ എല്ലാ രാഷ്ട്രീയപാർട്ടികളെയും നിയമത്തിനു കീഴിൽ തുല്യമായി പരിഗണിക്കുമെന്നും ഗ്യാനേഷ്കുമാർ പറഞ്ഞു. രാഹുൽ ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടിയില്ലെങ്കിലും ആരോപണവിധേയമായ കാര്യങ്ങളെയെല്ലാം ന്യായീകരിച്ചുകൊണ്ടായിരുന്നു കമ്മീഷന്റെ വാർത്താ സമ്മേളനം.

രാഹുലിന്റെ വോട്ട് കൊള്ള ആരോപണത്തിനു പിന്നാലെ തെരഞ്ഞെടുപ്പ് കമ്മീഷനെതിരെ ശക്തമായ പ്രചാരണം പ്രതിപക്ഷം ആരംഭിച്ചിരുന്നു.

കമ്മീഷൻ മൗനം പാലിക്കാതെ ആരോപണങ്ങൾക്കു മറുപടി നൽകണമെന്നായിരുന്നു കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷ പാർട്ടികളുടെ ആവശ്യം. ഇതിനു മറുപടിയെന്നോണമാണ് മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ തന്നെ മാധ്യമങ്ങൾക്കു മുന്നിൽ ആരോപണങ്ങളെല്ലാം ഒന്നടങ്കം നിഷേധിച്ചത്. മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർക്കൊപ്പം തെരഞ്ഞെടുപ്പു കമ്മീഷണർമാരായ സുഖ്ബീർ സിംഗ് സന്ധു, വിവേക് ജോഷി തുടങ്ങിയവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

(ശേഷം 34-ാം പേജിൽ)

## രാഹുൽ നയിക്കുന്ന 'വോട്ടർ അധികാർ' യാത്രയ്ക്ക് ബിഹാറിൽ തുടക്കം കുറിച്ചു

സസാറാം: ബിജെപിക്കുവേണ്ടി തെരഞ്ഞെടുപ്പ് കമ്മീഷൻ വോട്ട് മോഷ്ടിക്കുന്നുണ്ടെന്ന് രാജ്യത്തിനു മുഴുവൻ അറിയാമെന്നു ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ട് മോഷ്ടിക്കാനുള്ള അവരുടെ ഗൂഢാലോചന ഇന്ത്യാ സഖ്യം അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. ബിഹാറിലെ സസാറാമിൽ ആരംഭിച്ച 1300 കിലോമീറ്റർ 'വോട്ടർ അധികാർ' യാത്രയുടെ ഉദ്ഘാടനസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു രാഹുൽ.



ബിഹാറിലെ സസാറാമിൽ ആരംഭിച്ച 'വോട്ടർ അധികാർ' യാത്രയിൽ ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി പ്രവർത്തകരെ അഭിവാദ്യം ചെയ്യുന്നു.

ഇന്ത്യയിലുടനീളം നിയമസഭാ, ലോക്സഭാ തെരഞ്ഞെടുപ്പുകളിൽ വോട്ട് മോഷ്ടിക്കപ്പെടുകയാണ്. വോട്ടർപട്ടികയുടെ പ്രത്യേക തീവ്രപരിഷ്കരണം (എസ്ഐആർ) വഴി ബിഹാറിലിത് നടപ്പാക്കാൻ ഗൂഢാലോചന നടക്കുന്നുണ്ടെന്നും രാഹുൽ ആരോപിച്ചു.

"വോട്ട് മോഷണം ഉന്നയിച്ച എന്നോട് സത്യവാങ്മൂലം നൽകാൻ ആവശ്യപ്പെട്ട തെരഞ്ഞെടുപ്പ് കമ്മീഷൻ, ഇതേ ആരോപണം നടത്തിയ ബിജെപി നേതാക്കളോട് ആവശ്യപ്പെട്ടില്ല. മഹാരാഷ്ട്രയിൽ, ലോക്സഭാ തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കിയ ഇന്ത്യാ സഖ്യം നിയമസഭാ തെരഞ്ഞെടുപ്പിലും ജയിക്കുമെന്നായിരുന്നു എല്ലാ അഭിപ്രായ സർവേകളും പ്രവചിച്ചത്. ലോക്സഭാ തെരഞ്ഞെടുപ്പിനു മാസങ്ങൾക്കുശേഷം നടന്ന തെരഞ്ഞെടുപ്പ് പക്ഷേ, ബിജെപി തൂത്തുവാരി. നിയമസഭാ തെരഞ്ഞെടുപ്പിൽ മഹാരാഷ്ട്രയിൽ ഒരുകോടി പുതിയ വോട്ടർമാരെയാണ് അധികമായി ചേർത്തത്.

(ശേഷം 34-ാം പേജിൽ)

## കോഴിക്കോട് വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം

കോഴിക്കോട്: താമരശേരിയിലെ നാലാം ക്ലാസുകാരി അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ചതിന് പിന്നാലെ കോഴിക്കോട് വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളജിൽ പനി ബാധിച്ച് ചികിത്സ തേടിയ മൂന്ന് മാസം പ്രായമുള്ള കുഞ്ഞിനും യുവാവിനുമാണ് രോഗം സ്ഥിരീകരിച്ചത്. ഓമശ്ശേരി സ്വദേശിയായ മൂന്ന് മാസം പ്രായമുള്ള കുഞ്ഞിനും അന്നശ്ശേരി സ്വദേശിയായ യുവാവിനും മെഡിക്കൽ കോളജിൽ നടത്തിയ സ്രവ പരിശോധനയിലാണ് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചത്. ഇരുവരുടെയും വീടുകളിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരെത്തി ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ചു. താമരശ്ശേരിയിൽ നാലാം ക്ലാസുകാരി അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ചതോടെ പ്രദേശത്ത് ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കുട്ടി നീന്തൽ പരിശീലിച്ച കുളത്തിൽ ഉൾപ്പെടെ ആരും ഇറങ്ങരുതെന്നാണ് നിർദേശം. മുൻകരുതലിന്റെ ഭാഗമായി കുട്ടിയുടെ സഹോദരങ്ങളുടെ സ്രവ സാമ്പിളുകളും മെഡിക്കൽ കോളജിൽ പരിശോധനക്ക് അയച്ചിട്ടുണ്ട്. ആഗസ്റ്റ് 15-നാണ് നാലാം ക്ലാസുകാരി അയന അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ചത്.

## സ്വാതന്ത്ര്യദിനത്തിൽ ജനപ്രിയ പ്രഖ്യാപനങ്ങളുമായി പ്രധാനമന്ത്രി

ന്യൂഡൽഹി: ഒക്ടോബർ അവസാനത്തോടെ നിത്യോപയോഗസാധനങ്ങളുടെ ജിഎസ്ടി (ചരക്ക് സേവന നികുതി) നിരക്കുകളിൽ ഗണ്യമായ കുറവുണ്ടാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ദീപാവലി സമ്മാനമായിരിക്കുമിത്. 79-ാം സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയിൽ ദേശീയപതാക ഉയർത്തി ഇന്ത്യയെ അഭിസംബോധനചെയ്യുകയായിരുന്നു അദ്ദേഹം. 103 മിനിറ്റ് നീണ്ട പ്രസംഗത്തിൽ



ദേശീയസുരക്ഷ, സാമ്പത്തിക വളർച്ച, സ്വയംപര്യാപ്തത എന്നീ വിഷയങ്ങൾക്കാണ് പ്രധാനമന്ത്രി ഊന്നൽ നൽകിയത്.

പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിന് പിന്നാലെ ജിഎസ്ടിയിലെ മാറ്റങ്ങളെക്കുറിച്ച് ധനമന്ത്രാലയവും വിശദീകരണം നൽകി. സമഗ്ര പരിഷ്കാരമാണ് ലക്ഷ്യം.

നിലവിൽ അഞ്ച്, 12, 18, 28 ശതമാനം വീതം നാലു നിരക്കുകളാണ് ജിഎസ്ടിയിലെങ്കിൽ ഇനിയത് രണ്ടാക്കി കുറയ്ക്കും. ഭൂരിഭാഗം സാധനങ്ങളും സേവനങ്ങളും സ്റ്റാൻഡേഡ്, മെറിറ്റ് എന്നീ രണ്ടുനിരക്കുകൾക്ക് കീഴിലാകും. ചുരുക്കം ചില ആഡംബരസാധനങ്ങൾക്ക് പ്രത്യേക നിരക്ക് ഈടാക്കും. അന്തിമതീരുമാനമെടുക്കേണ്ടത് ജിഎസ്ടി മന്ത്രിതലസമിതിയാണ്.

## ശുഭാംശുവിനെ വരവേറ്റ് ഇന്ത്യ

ന്യൂഡൽഹി: രാജ്യാന്തര ബഹിരാകാശ നിലയത്തിലെ അനുഭവങ്ങളുമായി ഇന്ത്യയിൽ മടങ്ങിയെത്തിയ ശുഭാംശു ശുക്ലയ്ക്ക് വൻ വരവേൽപ്. ആഗസ്റ്റ് 17-ന് പുലർച്ചെ ഡൽഹി ഇന്ദിരാഗാന്ധി രാജ്യാന്തര വിമാനത്താവളത്തിൽ എത്തിയ ശുഭാംശുവിനെയും ഗഗൻയാൻ ബഹിരാകാശയാത്രാ സംഘത്തിന്റെ ഭാഗമായ മലയാളി പ്രശാന്ത് ബാലകൃഷ്ണൻ നായരെയും കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ്, ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത, ഐഎസ്ആർഒ ചെയർമാൻ വി. നാരായണൻ എന്നിവരുടെ നേതൃത്വത്തിലാണു സ്വീകരിച്ചത്.

'വീട്ടിലേക്ക് മടങ്ങാൻ കഴിഞ്ഞതിൽ ഏറെ സന്തോഷം'- ജിതേന്ദ്ര സിങ്ങിന്റെ സമൂഹമാധ്യമ പോസ്റ്റ് പങ്കുവെച്ച് ശുഭാംശു കുറിച്ചു.



ഇന്ത്യയിലെത്തിയ ശുഭാംശു ശുക്ലയ്ക്കൊപ്പം ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത, കേന്ദ്ര മന്ത്രി ജിതേന്ദ്ര സിങ് എന്നിവർ.

ഒരു വർഷത്തിനുശേഷം വീട്ടിലേക്കു മടങ്ങിയെത്തുന്ന ശുഭാംശു ശുക്ലയെ സ്വീകരിക്കാൻ ഭാര്യ കാമ്നയും ആറു വയസ്സുകാരൻ മകൻ കിയാഷും വിമാനത്താവളത്തിൽ എത്തിയിരുന്നു. വിമാനത്താവളത്തിൽ ത്രിവർണ പതാകയുമായി എത്തിയ നൂറുകണക്കിനാളുകളുടെ ആർപ്പുവിളിയിലേക്കാണു ശുഭാംശു വന്നിറങ്ങിയത്.

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തിയശേഷം ലക്നൗവിലേക്കു പോകുന്ന ശുഭാംശു 23-നു ഡൽഹിയിൽ നടക്കുന്ന ദേശീയ ബഹിരാകാശ ദിനാഘോഷ ചടങ്ങുകളിൽ പങ്കെടുക്കും.

ലക്നൗവിൽ അദ്ദേഹം പഠിച്ച സിറ്റി മോണ്ടിസോറി സ്കൂളിൽ 25-നു സ്വീകരണം ഒരുക്കിയിട്ടുണ്ട്.

# സിപിഎമ്മിലെ പരാതിച്ചോർച്ച: പാർട്ടി വ്യക്തത വരുത്തും

തിരുവനന്തപുരം: സിപിഎമ്മിലെ പരാതിച്ചോർച്ച വിവാദത്തിൽ പാർട്ടി വ്യക്തത വരുത്തുമെന്നു മന്ത്രി വി. ശിവൻകുട്ടി. ഇക്കാര്യത്തിൽ പാർട്ടി സെക്രട്ടറി മറുപടി പറയും. സംസ്ഥാന സമിതിയിൽ കത്ത് ചർച്ചയായിട്ടില്ല. സിപിഎം വിരോധം മൂലമുള്ള പ്രചാരണമാണ് ഇപ്പോൾ നടക്കുന്നത്. ആരോപണങ്ങൾ പറഞ്ഞ് പാർട്ടിയെ തളർത്താനാകില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

സിപിഎം നേതാക്കളും സംസ്ഥാന മന്ത്രിസഭയിലെ അംഗങ്ങളുമായി ലണ്ടനിലെ മലയാളി വ്യവസായിയായ രാജേഷ് കൃഷ്ണ നടത്തിയ സാമ്പത്തിക ഇടപാടുകളെക്കുറിച്ച് അന്വേഷണം ആവശ്യപ്പെട്ട് പോളിറ്റ് ബ്യൂറോയ്ക്ക് സ്വകാര്യ വ്യക്തി നൽകിയ രഹസ്യ പരാതി ചോർന്നതുമായി ബന്ധപ്പെട്ടാണ് വിവാദമുയർന്നത്.

നേതാക്കളുമായുള്ള സാമ്പത്തിക ഇടപാടുകളുടെ പേരിൽ ആരോപണ വിധേയനായ വ്യക്തി തന്നെയാണ് ചോർന്ന പരാതി, മറ്റൊരു മാനനഷ്ട ക്കേസിൽ തെളിവായി ഹൈക്കോടതിയിൽ എത്തിച്ചതും വിവാദം ആളിക്കത്തിച്ചതും. പരാതി ചോർത്തിയത് കേരളത്തിലെ സിപിഎം നേതൃത്വത്തിലെ ബന്ധുവിന്റെ പേരിലേക്കും നീണ്ടു.

പത്തനംതിട്ട സ്വദേശിയും എസ്എഫ്ഐ മുൻ ജില്ലാ ഭാരവാഹിയും ലണ്ടൻ വ്യവസായിയുമായ രാജേഷ് കൃഷ്ണയ്ക്ക് കേരളത്തിലെ മന്ത്രിമാർ അടക്കമുള്ളവരുമായി സാമ്പത്തിക ഇടപാടുകളുണ്ടെന്നും ഇക്കാര്യം അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് ചെന്നൈയിലെ വ്യവസായി 2021-ലാണ് പോളിറ്റ് ബ്യൂറോയ്ക്ക് പരാതി നൽകിയത്.

വിദേശത്തെ ചില കടലാസ് സ്ഥാപനങ്ങളുമായി ചേർന്നു കേരള സർക്കാർ പദ്ധതികളിൽനിന്നു പണം തട്ടുകയും ചെന്നൈയിൽ രജിസ്റ്റർ ചെയ്ത കമ്പനി വഴി ഈ പണം നേതാക്കളുടെയും മന്ത്രിമാരുടെയും അക്കൗണ്ടുകളിലേക്ക് എത്തിക്കുകയും ചെയ്തുവെന്നായിരുന്നു പരാതി. എന്നാൽ, പാർട്ടി നേതൃത്വം ഇക്കാര്യത്തിൽ നടപടിയൊന്നും സ്വീകരിക്കാതെ രഹസ്യമാക്കിവെച്ചു. മധുര പാർട്ടി കോൺഗ്രസ് പ്രതിനിധിയായി ലണ്ടനിലെ വിവാദ വ്യവസായി എത്തിയെങ്കിലും ഇയാൾക്കെതിരെ സാമ്പത്തികമുൾപ്പെടെയുള്ള ആരോപണം ഉയർന്ന സാഹചര്യത്തിൽ പാർട്ടി കോൺഗ്രസിൽ പങ്കെടുപ്പിക്കാതെ മടക്കി അയച്ചിരുന്നു. സിപിഎം പിബി അംഗമായിരുന്ന അശോക് ധാവ്ളെയ്ക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിലായിരുന്നു വിവാദ വ്യവസായിയെ പാർട്ടി കോൺഗ്രസിൽനിന്നു വിലക്കിയത്.

പിബിക്ക് കൊടുത്ത രഹസ്യപരാതി ചോർന്നതിനെതിരെ സിപിഎം ജനറൽ സെക്രട്ടറി എം.എ. ബേബിക്ക് നൽകിയ പരാതിയിലാണ്, ഇതിന് പിന്നിൽ സിപിഎം സംസ്ഥാന നേതാവിന്റെ ബന്ധുവാണെന്ന ആരോപണം ഉയർന്നത്. നേതാക്കൾക്കെതിരെ ഉയർന്ന വിദേശ സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട ആരോപണങ്ങളിൽ അന്വേഷണം വേണമെന്ന് പ്രതിപക്ഷവും ആവശ്യപ്പെട്ടിട്ടുണ്ട്.

## ബിഹാർ: ഒഴിവാക്കിയ 65 ലക്ഷം പേരുടെ വിവരം പ്രസിദ്ധപ്പെടുത്തി

ന്യൂഡൽഹി: ബിഹാറിൽ സമഗ്ര വോട്ടർപട്ടിക പരിഷ്കരണം നടത്തിയപ്പോൾ ഒഴിവാക്കപ്പെട്ട 65 ലക്ഷം വോട്ടർമാരുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചു. സുപ്രീംകോടതിയുടെ നിർദേശപ്രകാരമാണ് ജില്ല തിരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്. കരടു വോട്ടർപട്ടിക 17 ദിവസം മുൻപാണ് പ്രസിദ്ധീകരിച്ചത്.

വോട്ടർപട്ടിക പരിഷ്കരണത്തെ ചോദ്യം ചെയ്ത് നൽകിയ ഹർജികൾ തീർപ്പാക്കിയപ്പോഴാണ് ഒഴിവാക്കപ്പെട്ടവരുടെ പേരുവിവരം പ്രസിദ്ധപ്പെടുത്തണമെന്നു കോടതി ഉത്തരവിട്ടത്. നേരത്തെ ഈ ആവശ്യം തെരഞ്ഞെടുപ്പു കമ്മീഷൻ തള്ളിയിരുന്നു. ഒഴിവാക്കപ്പെടുന്നവരുടെ വിശദാംശങ്ങൾ പ്രസിദ്ധീകരിക്കേണ്ട ചുമതലയില്ലെന്നും കമ്മീഷൻ പറഞ്ഞിരുന്നു. എന്നാൽ കോടതി ഈ വാദം അനുവദിച്ചില്ല.

കോടതി ഉത്തരവിട്ട് 56 മണിക്കൂറിനുള്ളിൽ നിർദേശം പാലിച്ചതായി മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു.

## ‘അമ്മ’ യുടെ നേതൃസ്ഥാനത്തേക്ക് വനിതകൾ

കൊച്ചി: തുടക്കം മുതൽ സംഘർഷഭരിതമായി നീങ്ങിയ സിനിമയുടെ ക്ലൈമാക്സിൽ പൊട്ടിവിരിഞ്ഞ സന്തോഷപ്പൂത്തിരി പോലെയായി ‘അമ്മ’ തെരഞ്ഞെടുപ്പ്. ഹേമ കമ്മിറ്റി റിപ്പോർട്ട് ഉയർത്തിവിട്ട വിവാദങ്ങളുടെ കാറും കോളും ചൂഴ്ന്നുനിന്ന ഒരു വർഷം പിന്നിട്ടാണു താരസംഘടനയുടെ തലപ്പത്തേക്ക് ഒരു കൂട്ടം വനിതകൾ കടന്നിരിക്കുന്നത്.



‘അമ്മ’യുടെ ഭരണസമിതിയിലേക്കു തെരഞ്ഞെടുക്കപ്പെട്ടവർ സത്യപ്രതിജ്ഞ ചെയ്യുന്നു

വനിതാ അംഗങ്ങളുടെ പരാതികൾ പൊതുസമൂഹത്തിലെത്തിയ കാലം മുതൽ ‘അമ്മ’യ്ക്ക് ആൺ മക്കളേയുള്ളോ, പെൺമക്കളില്ലേ’ എന്ന് അടിക്കടി മുഴങ്ങിയ ചോദ്യങ്ങൾക്കുള്ള മറുപടി കൂടിയാണ് ഈ വനിതാ വിജയം. അമരത്തു സ്ത്രീകളെത്തുമ്പോൾ സംഘടനയുടെ പ്രവർത്തനത്തിൽ എന്തു മാറ്റം വരുമെന്നാണ് ഇനിയറിയേണ്ടത്.

വാശിയേറിയ തെരഞ്ഞെടുപ്പു പോരാട്ടത്തിൽ വെന്നിക്കൊടി പാറിച്ച പ്രസിഡണ്ട് ശ്വേത മേനോൻ ഏതാനും ദിവസങ്ങൾകൊണ്ടു നേരിട്ടതു ദുഷ്കരമായ പ്രതിസന്ധികളാണ്. പ്രഫഷനു വേണ്ടി ചെയ്ത കാര്യങ്ങൾ പോലും വ്യക്തിവൈരാഗ്യം തീർക്കാനുള്ള കുന്തമുനകളായി ചിലർ ഉപയോഗിച്ചപ്പോൾ തളരാതെ മുന്നോട്ടു പോയെന്നതാണു ശ്വേതയുടെ വിജയത്തിന് ഇരട്ടിമധുരം സമ്മാനിക്കുന്നത്.

മെമ്മറി കാർഡുമായി ബന്ധപ്പെട്ട് ഒരു വിഭാഗം അംഗങ്ങളുയർത്തിയ വിവാദങ്ങളെ നേരിട്ടു തന്നെയാണു ജനറൽ സെക്രട്ടറി കുക്കു പരമേശ്വരനും മത്സരത്തിനിറങ്ങിയത്.

1991-ലെ സ്വാതന്ത്ര്യദിനത്തിൽ റിലീസായ ‘അനശ്വരം’ എന്ന ചിത്രത്തിലൂടെ മലയാള സിനിമയിലെത്തിയ ശ്വേത, രഞ്ജിത്തിന്റെ പാലേരി മാണിക്യത്തിലൂടെ മികച്ച നടിക്കുള്ള സംസ്ഥാന പുരസ്കാരവും നേടിയിട്ടുണ്ട്. 85-ൽ റിലീസ് ചെയ്ത ‘ഒരേ തൂവൽ പക്ഷികൾ’ എന്ന ചിത്രത്തിലൂടെ മികച്ച സഹനടിക്കുള്ള പുരസ്കാരം കുക്കുവും നേടിയിട്ടുണ്ട്. ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് അൻസിബ ഹസൻ തെരഞ്ഞെടുക്കപ്പെട്ടതാകട്ടെ എതിരില്ലാതെയാണ്.

ജയൻ ചേർത്തലയും ലക്ഷ്മിപ്രിയയും വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്കു ജയിച്ചു.

സരയു മോഹൻ, അഞ്ജലി നായർ, ആശ അരവിന്ദ്, നീന കുറുപ്പ് എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ സ്ത്രീ സംവരണ സീറ്റുകളിലേക്കും കൈലാഷ്, സന്തോഷ് കീഴാറ്റൂർ, ടിനി ടോം, ജോയ് മാത്യു, വിനു മോഹൻ, ഡോ. റോണി ഡേവിഡ് രാജ്, സിജോയ് വർഗീസ് എന്നിവർ പൊതു സീറ്റുകളിലേക്കും ജയിച്ചു.

## കാണക്കാരിയിൽ വാഹനാപകടം; നീണ്ടൂർ സ്വദേശിക്ക് ദാരുണാന്ത്യം

കോട്ടയം: ഏറ്റുമാനൂർ കാണക്കാരിയിൽ നിയന്ത്രണം വിട്ട കാറും ബൈക്കും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ യുവാവിന് ദാരുണാന്ത്യം. സഹയാത്രികനെ ഗുരുതര പരുക്കുകളോടെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാണക്കാരി ആശുപത്രിപ്പടിക്കു സമീപം 18ന് പുലർച്ചെ പന്ത്രണ്ടരയോടെയായിരുന്നു അപകടം. നീണ്ടൂർ ഓണംതുരുത്ത് തൈപ്പറമ്പിൽ ജോസഫ് ടി. ഏബ്രഹാം (27) ആണ് മരിച്ചത്. കുറുപ്പന്തറ ഭാഗത്തേക്കു പോകുകയായിരുന്ന ബൈക്കിൽ എതിർ ദിശയിൽനിന്നു വന്ന കാർ ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ഉയർന്നുപൊങ്ങി റോഡിലേക്കു തെറിച്ചുവീഴുകയായിരുന്നു ബൈക്ക് യാത്രികനായ ജോസഫ്. കുറവിലങ്ങാട് പോലീസ് സ്ഥലത്തെത്തിയാണ് ഇവരെ ആശുപത്രിയിൽ എത്തിച്ചത്. ആശുപത്രിയിൽ എത്തുന്നതിനു മുൻപേ ജോസഫ് മരിച്ചുവെന്നാണ് വിവരം.

## സ്കൂൾ വാൻ കുഴിയിലേക്ക് വീണ് 31 കുട്ടികൾക്ക് പരുക്ക്

തിരുവനന്തപുരം: വട്ടിയൂർക്കാവിൽ സ്കൂൾ കുട്ടികളുമായി പോയ വാൻ കുഴിയിൽ വീണ് 31 കുട്ടികൾക്കും ഒരു അദ്ധ്യാപികയ്ക്കും പരുക്കേറ്റു. 18-ന് രാവിലെ വട്ടിയൂർക്കാവ് മലമുകളിലാണ് അപകടമുണ്ടായത്. സെ. സാന്താസ് സ്കൂളിലേക്കു വന്ന വാഹനമാണ് താഴ്ചയിലേക്ക് വീണത്. ആരുടെയും പരുക്കു ഗുരുതരമല്ല. കുട്ടികളെ ശാസ്തമംഗലത്തുള്ള സ്വകാര്യ ആശുപത്രിയിൽ എത്തിച്ചു ചികിത്സ നല്കി. വാഹനം പിന്നോട്ട് എടുക്കുന്നതിനിടെയാണ് അപകടമെന്നാണ് ദൃക്സാക്ഷികൾ പറയുന്നത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 34
August 18, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D’souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

വിശ്വാസമാണ് ജീവിതത്തിന്റെ ശക്തി.

**ടോൾസ്റ്റോയി**

കബളിപ്പിച്ചു ജയിക്കുന്നതിനെക്കാൾ എനിക്കിഷ്ടം അഭിമാനത്തോടെ തോൽക്കുന്നതാണ്.

**സോഫോക്ലീസ്**


Affordable Mortgages Made Easy!
ACHIEVE MORTGAGE GROUP, INC.
NMLS#2449193
SABU C. ACHETTU
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net
SMITHA JAMES
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com
THRESIAMMA JOB (THERESA)
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com
Achieve Real Estate
Achieve Your Dreams
Call us for All your Needs
Shawn S. Achettu
Realtor / Broker
847-529-7962
realtorachettu@gmail.com
Phone: 847-687-5100
834 E. Rand Road, Suite 6, Mount Prospect, IL 60056
Scanned with CamScanner


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www.greennestlehomes.com
greennestle01@gmail.com


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT
Peer Rated for Highest Level of Professional Excellence 2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
A+ Rating
BBB Accredited Business
Better Business Bureau

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# സ്വാതന്ത്ര്യം അവകാശവും കടമയുമാണ്

മൃതിയെക്കാൾ ഭയാനകമായ പാരതന്ത്ര്യം നൽകിയവരെ സഹനസമരത്തിലും ചില സന്ദർഭങ്ങളിൽ ഏറ്റുമുട്ടലോളമെത്തിയ പോരാട്ടം കൊണ്ടും പരാജയപ്പെടുത്തി നേടിയ സ്വാതന്ത്ര്യത്തിന്റെ 79-ാം പിറന്നാൾ നമ്മൾ ആഘോഷിച്ചു. പിറന്നാളുകൾ ആഘോഷമാകുകയും പിറന്നയാൾ അപ്രസക്തനാകുകയും ചെയ്യുന്നത് കാലഘട്ടത്തിന്റെ വൈചിത്ര്യങ്ങളിലൊന്നാണ്. ഇന്ത്യയുടെ അവസ്ഥയും മറ്റൊന്നല്ല. പതിനായിരങ്ങൾ ജീവനും സ്വത്തും തൊഴിലും ബലികൊടുത്തുനേടിയ സ്വാതന്ത്ര്യത്തിന്റെ ലക്ഷ്യം പലപ്പോഴും നാം വിസ്മരിക്കുന്നു. ഒപ്പം വൈവിധ്യങ്ങളുടെ സംഗമഭൂമിയായ ഈ രാജ്യത്തിന്റെ യഥാർത്ഥ അസ്തിത്വവും. സ്വാതന്ത്ര്യസമരത്തിൽ കൈകോർത്തത് മതങ്ങളും ജാതികളുമായിരുന്നില്ല. മനുഷ്യരായിരുന്നു. ഇതിന് പ്രചോദനമായത് രാംധുൻ എന്ന ഭജനിൽ 'ഈശ്വർ അള്ള തേരാ നാം... സബ് കോ സന്മതി ദേ ഭഗവൻ' എന്നു കൂട്ടിച്ചേർത്ത ഗാന്ധിജിയുടെ ദീർഘവീക്ഷണമായിരുന്നു.

ഒരു സ്വാതന്ത്ര്യവും സൗജന്യമല്ലെന്നു മറക്കരുത്. അതൊരു ദാനവുമല്ല. ഗാന്ധിജിയും നെഹ്റുവും ഉൾപ്പെടെയുള്ള മഹാനേതാക്കളെ മുന്നിൽ നിർത്തി ഒരു ജനത ബ്രിട്ടീഷുകാരിൽനിന്നു പിടിച്ചുവാങ്ങിയതാണ് അത്. പക്ഷേ, അർധനഗ്നനായ സൈന്യാധിപനെ തൊടാൻ സാമ്രാജ്യത്വത്തിനു കൈ പൊങ്ങില്ലായിരുന്നെങ്കിലും ഹിന്ദുത്വ തീവ്രവാദി നാഥുറാം ഗോഡ്സെ മുഖത്തു നോക്കി വെടിവെച്ചു വീഴ്ത്തി. ഉപസൈന്യാധിപനെ ചരിത്രത്തിലിട്ടു വ്യക്തിഹത്യ ചെയ്യുന്നു. പതിറ്റാണ്ടുകൾക്കു മുമ്പ് അന്നത്തെ സാഹചര്യത്തിലെടുത്ത തീരുമാനങ്ങളെ ഇന്നത്തെ സാഹചര്യത്തിലും രാഷ്ട്രീയത്തിലും വിലയിരുത്തി തെറ്റുകളുടെ പട്ടികയുണ്ടാക്കുന്നു. ഗാന്ധിയെയും നെഹ്റുവിനെയും കൈവിട്ടാൽ പിന്നെ ഇന്ത്യയില്ല. രാജ്യത്തെ സ്വാതന്ത്ര്യസമരത്തിനൊരുക്കിയതിലും ആധുനിക ഇന്ത്യയെ കെട്ടിപ്പടുത്തതിലും അവർക്കുള്ള പങ്ക്, അവരുടെ ന്യൂനതകളെക്കുറിച്ച് ഗവേഷണങ്ങളിലേർപ്പെട്ടിരിക്കുന്നവർ എത്ര നിർബന്ധിച്ചാലും നാം തള്ളിക്കളയരുത്. ഗാന്ധിജിയെയും നെഹ്റുവിനെയും നിന്ദിക്കുകയെന്നാൽ, അവർക്കു പിന്നിൽ അണിനിരന്നതിന്റെ പേരിൽ രക്തസാക്ഷികളാകേണ്ടിവന്നവരെയും ലക്ഷോപലക്ഷം സ്വാതന്ത്ര്യസമര സേനാനികളെയും നിന്ദിക്കുകയെന്നാണ്. ഓരോ സ്വാതന്ത്ര്യദിനത്തിലും ഓർക്കേണ്ടത് ഇന്ത്യ 146 കോടി ജനങ്ങളുടേതുമാണ് എന്ന സത്യമാണ്. രാജ്യപുരോഗതി കോർപ്പറേറ്റുകൾക്കായുള്ളതുമാത്രമല്ല, ഉയരേണ്ടത് ഓഹരിമൂല്യം മാത്രമല്ല, കർഷകരുടെയും തൊഴിലാളികളുടെയും ജീവിതനിലവാരം കൂടിയാണ്. ഇന്ത്യയുടെ പുരോഗതിയും വളർച്ചയും വിലയിരുത്തുന്നതിന്റെ പോരായ്മ കഴിഞ്ഞ ഏഴു പതിറ്റാണ്ടിനിപ്പുറവും മാറ്റമില്ലാതെ നിൽക്കുന്നു. അതുകൊണ്ടാണ് പാർശ്വവത്കരിക്കപ്പെടുന്നവർ എന്നും പിന്നാമ്പുറങ്ങളിൽത്തന്നെ കഴിയേണ്ടിവരുന്നത്. തുല്യതയില്ലാത്ത സ്വാതന്ത്ര്യം ഭൂരിപക്ഷമാളുകളുടെമേൽ ന്യൂനപക്ഷത്തിന്റെ ആധിപത്യമാണ് എന്ന അംബേദ്കറുടെ നിരീക്ഷണത്തിന്റെ പ്രസക്തി ഇവിടെയാണ്.


എല്ലാ പൗരന്മാർക്കും ലഭ്യമല്ലാത്ത സ്വാതന്ത്ര്യം രാജ്യത്തിന്റേതല്ലെന്നു തന്നെ. ആദ്യ ഉദാഹരണം 1975-ലേതാണ്. സ്വാതന്ത്ര്യം കിട്ടി 28 വർഷത്തിനകം അടിയന്തരാവസ്ഥക്കാലത്ത് ഈ രാജ്യത്തെ ജനതയ്ക്ക് അതു നിഷേധിക്കപ്പെട്ടു. എല്ലാ പൗരന്മാർക്കും അന്ന് ഒരേ ദുർവിധിയായിരുന്നു. ഇന്നു പ്രഖ്യാപിത അടിയന്തരാവസ്ഥയില്ലെങ്കിലും രാജ്യത്തെ ന്യൂനപക്ഷങ്ങൾ അതനുഭവിക്കുന്നുണ്ട്. 1975-ൽ ഇല്ലാതിരുന്ന ഒരു ഘടകം അതിൽ ചേർക്കപ്പെട്ടിരിക്കുന്നു; കൂടുതൽ ആപത്കരമായ മതം. അതുകൊണ്ടാണ്, ഭരണഘടനയുടെ ആമുഖത്തിൽനിന്നു മതേതരത്വം മാറ്റണമെന്ന ആക്രോശമുയരുന്നത്. അതുകൊണ്ടാണ്, പതിറ്റാണ്ടുകൾക്കു മുമ്പും ഉണ്ടായിരുന്ന മതപരിവർത്തന നിരോധന നിയമവും ഗോവധ നിരോധന നിയമവുമൊക്കെ ഇന്ന് മൂർച്ചയുള്ള ഉപകരണങ്ങളായി മാറിയത്. വർഗീയവിചാരധാരകൾ, മറ്റുള്ളവരെ രണ്ടാംതരം പൗരന്മാരായി കാണാൻ ചിലരെ പ്രേരിപ്പിക്കുന്നു. അത്തരം നീച പെരുമാറ്റങ്ങളിൽ ഈ രാജ്യത്തെ ഭൂരിപക്ഷത്തിന് ഒരു പങ്കുമില്ലെന്നു മാത്രമല്ല, രക്ഷകരായി ഓടിയെത്തുന്നതും അവരാണ്. പക്ഷേ, സ്വാതന്ത്ര്യസമരത്തിലൂടെ സംജാതമായ ദേശീയബോധത്തിലും സാഹോദര്യത്തിലും പങ്കില്ലാത്തവർ വിദ്വേഷത്തിന്റെ ആൾക്കൂട്ടങ്ങളായി ഇന്നും അലയുമ്പോൾ പ്രസംഗത്തിലൂടെ മാത്രം നാമെങ്ങനെയാണ് സ്വാതന്ത്ര്യദിനമാചരിക്കുന്നത്?

സ്വാതന്ത്ര്യദിനം ഭൂതകാലത്തിന്റെ ത്യാഗം സ്മരിക്കാൻ മാത്രമുള്ളതല്ല. വർത്തമാനകാല സമസ്യകൾ നിർധാരണം ചെയ്യാനുള്ള അവസരംകൂടിയാണ്. ജനാധിപത്യത്തെ തത്ത്വമായി മാത്രം കാണാതെ ജീവിതരീതിയാക്കി മാറ്റുകയാണ് വേണ്ടത്. പഴക്കം ചെല്ലുന്തോറും വീര്യംകൂടുന്ന സ്വാതന്ത്ര്യമധുരത്തെ എക്കാലത്തേക്കും നിലനിർത്താൻ ഈ സമീപനം വഴി കഴിയും. അതിനുള്ള വിവേകവും കരുത്തും നമുക്കുണ്ടാകണം.

# ഇന്ത്യൻ ഇതിഹാസ സിനിമയ്ക്ക് അൻപത് വയസ്സ്

**ചാണ്ടി കറുകപ്പറമ്പിൽ**

**1975** ഓഗസ്റ്റ് 15. അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ശേഷമുള്ള ആദ്യത്തെ സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഡൽഹിയിലെ റെഡ്ഫോർട്ടിൽ രാജ്യത്തെ അഭിസംബോധന ചെയ്തപ്പോൾ പ്രതിപക്ഷ പാർട്ടി നേതാക്കളിൽ പലരും ജയിലറകൾക്കുള്ളിലായിരുന്നു. ആ ദിവസം ഇന്ത്യയിലെ നഗരങ്ങളിലും പട്ടണങ്ങളിലും ഒരു സിനിമ റിലീസ് ചെയ്തു. 'ഷോലെ' എന്നായിരുന്നു സിനിമയുടെ പേര്. രണ്ട് വർഷം കൊണ്ട് ചിത്രീകരണം പൂർത്തിയാക്കി റിലീസിന് തയ്യാറെടുത്ത ഷോലെക്ക് സെൻസർ ബോർഡിന്റെ കർശന നിയന്ത്രണത്തെ തുടർന്ന് ചില സീനുകൾ നീക്കം ചെയ്യേണ്ടിവന്നു. ഷോലെ റിലീസ് ചെയ്ത ആദ്യനാളുകളിൽ തിയേറ്ററുകളിൽ വലിയ തള്ളിക്കയറ്റം ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ, ദിവസങ്ങൾ പിന്നിടുംതോറും ആൾക്കൂട്ടം തിയേറ്ററുകളിലേക്ക് ഇരച്ചുകയറുന്ന കാഴ്ചയാണ് സംജാതമായത്. ബോംബെ പോലുള്ള നഗരങ്ങളിൽ ടിക്കറ്റുകൾ നേരത്തെ വാങ്ങി ഇരട്ടി വിലയ്ക്ക് വിൽക്കുന്ന കരിഞ്ചന്തക്കാരും സജീവമായി. പ്രദർശനശാലകളിൽ ജനപ്രവാഹം അനിയന്ത്രിതമായി തുടർന്നതോടെ ഷോലെയുടെ പ്രദർശനം ആഴ്ചകൾ മാസങ്ങളായും മാസങ്ങൾ വർഷങ്ങളായും മുന്നേറി. ചിത്രീകരണ മികവുകൊണ്ടും സാങ്കേതികത്തികവ് കൊണ്ടും ഇന്നും ചലച്ചിത്ര പ്രേമികളും നിരൂപകരും ഒരുപോലെ വാഴ്ത്തുന്ന ഷോലെ എന്ന ഇതിഹാസ സിനിമയ്ക്ക് ഇന്ന് 50 വയസ്സാകുന്നു.




70-കളിലെ സാമൂഹിക, രാഷ്ട്രീയ പരിസ്ഥിതിയോട് ചേർന്നുനിന്നുകൊണ്ട് ഒരു കൊമേർഷ്യൽ സിനിമയ്ക്കു വേണ്ട എല്ലാ ചേരുവകളും കൃത്യമായ അളവിൽ ചേർത്ത്, ഊതിക്കാച്ചിയെടുത്ത തിരക്കഥയാണ് ഷോലെയുടെ വിജയത്തിന് അടിസ്ഥാനം. ഓരോ കഥാപാത്രത്തിനും ഏറ്റവും അനുയോജ്യമായ കാസ്റ്റിംഗും ഗുണം ചെയ്തു. രമേഷ് സിപ്പി എന്ന സംവിധായകന്റെ കൈയൊപ്പ് ചാർത്തപ്പെട്ട സിനിമയായിരുന്നു ഷോലെ.

ഓരോ ഷോട്ടിന്റെയും പെർഫെക്ഷനുവേണ്ടി അദ്ദേഹം ഒട്ടും കോംപ്രമൈസ് ചെയ്തില്ല. കഥയ്ക്ക് അനുയോജ്യമായ ഒരു ലൊക്കേഷൻ കണ്ടെത്തിയത് കർണാടകയിലെ കുന്നും മലനിരകളും ഉൾപ്പെട്ട ഉൾനാടൻ പ്രദേശത്തായിരുന്നു. സംവിധായകന്റെ അച്ഛനും അതിസമ്പന്നനുമായ ജി.പി. സിപ്പി തന്നെ നിർമ്മാതാവായതുകൊണ്ട് രമേഷ് മനസ്സിൽ വിഷ്വലൈസ് ചെയ്തതെല്ലാം സിനിമയിൽ ദൃശ്യാനുഭവമായി. പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ച ധർമേന്ദ്രയും അമിതാഭ് ബച്ചനും സഞ്ജീവ് കുമാറും ഹേമ മാലിനിയും ജയബാദുരിയും എല്ലാം മത്സരിച്ച് അഭിനയിച്ച സിനിമ, പ്രതിനായകനായ ഗബ്ബർ സിംഗിനെ അനശ്വരമാക്കിയ അംജിത് ഖാന്റെ കൂടെ വിജയമായിരുന്നു. ഷോലെയിലെ പാട്ടുകളും പശ്ചാത്തല സംഗീതവും അതീവ സുന്ദരങ്ങളായിരുന്നു. ആർ.ഡി. ബർമൻ എന്ന അനുഗൃഹീത സംഗീതജ്ഞന്റെ എല്ലാ കഴിവുകളും പുറത്തെടുക്കപ്പെട്ട ഷോലെയിലെ പാട്ടുകൾ ഇന്നും നമ്മൾ ഏറ്റുപാടുന്നു. ഷോലെ സിനിമ ആരംഭിക്കുന്നതു തന്നെ അന്നുവരെ ആരും ഇന്ത്യൻ സിനിമയിൽ കേട്ടിട്ടില്ലാത്ത പ്രൗഢമായ തീം മ്യൂസിക്കിന്റെ അകമ്പടിയോടെയാണ്. അതിസാഹസികമായ സംഘട്ടന രംഗങ്ങൾ കൊണ്ട് ആദ്യന്തം പ്രേക്ഷകരെ ത്രസിപ്പിക്കുന്ന സിനിമയുടെ കഥാഗതിയിൽ അതി വൈകാരികമായ മുഹൂർത്തങ്ങൾ കൃത്യമായി വിളക്കിച്ചേർക്കപ്പെട്ടിരുന്നു. 'The calm before the storm' എന്ന പ്രയോഗത്തെ അനുസ്മരിപ്പിക്കുന്ന കഥയിലെ നായകരിൽ ഒരാളായ ജയ് (അമിതാഭ് ബച്ചൻ) നായികയായ രാധയോട് (ജയബാദുരി) പറയാതെ പറയുന്ന തന്റെ ഹൃദയാനുരാഗം ഒരു ഹാർമോണിക്കയിലൂടെ പ്ലേ ചെയ്യുമ്പോൾ ഷോലെ എന്ന എപിക് സിനിമയിലെ ഏറ്റവും ഹൃദയഹാരിയായ രംഗമായി ഇന്നും ഓർമ്മകളിൽ തങ്ങി നിൽക്കുന്നു.


ലേഖകൻ

# കുൽഗാം ഓപ്പറേഷൻ അവസാനിപ്പിച്ചു

ന്യൂഡൽഹി: തെക്കൻ കശ്മീരിലെ അഖൽ വനമേഖലയിൽ രണ്ടാഴ്ചയിലധികംനീണ്ടുനിന്ന ഭീകരവിരുദ്ധ ഓപ്പറേഷൻ ഔദ്യോഗികമായി അവസാനിപ്പിച്ച് സുരക്ഷാ സേന. 12 ദിവസത്തിലധികം നീണ്ട ഓപ്പറേഷൻ, കശ്മീരിൽ സമീപകാലങ്ങളിൽ നടന്ന ഏറ്റവും ദൈർഘ്യമേറിയ സൈനിക നടപടികളിലൊന്നാണ്. കരസേനയുടെ നേതൃത്വത്തിൽ പ്രത്യേക ദൗത്യസംഘവും ജമ്മുകശ്മീർ പോലീസും സിആർപിഎഫും സംയുക്തമായാണ് ഓപ്പറേഷൻ സംഘടിപ്പിച്ചത്.


കുൽഗാം ജില്ലയിലെ വനമേഖലയിൽ ഭീകരർക്കായുള്ള വേട്ട 13-ാം ദിവസം അവസാന ഘട്ടത്തിലേക്ക് കടന്നിരുന്നു. ഇടതൂർന്ന പൈൻമരക്കാടുകളും ദുർഘടമായ മലനിരകളും നിറഞ്ഞ പ്രദേശത്ത് സുരക്ഷാസേന വിപുലമായ തെരച്ചിൽ നടത്തിയിട്ടും ഭീകര സാന്നിധ്യം സംബന്ധിച്ച് പുതിയ സൂചനകൾ ലഭിക്കാത്ത സാഹചര്യത്തിലാണ് ഓപ്പറേഷൻ അവസാനിപ്പിച്ചത്. ശേഷിക്കുന്ന ഭീകരർക്ക് അതിർത്തി കടക്കാൻ കഴിഞ്ഞതായി കശ്മീർ ഐജി വി.കെ. ബിദ്രി അറിയിച്ചു.


ഈ മാസം ഒന്നിന് അഖൽ വനമേഖലയിൽ ഓപ്പറേഷൻ ആരംഭിച്ചതിനുശേഷം രണ്ട് സൈനികർ വീരമൃത്യു വരിക്കുകയും ഒമ്പതു പേർക്കു പരുക്കേൽക്കുകയും ചെയ്തിരുന്നു. പഞ്ചാബ് സ്വദേശികളായ ഹർമീന്ദർ സിങ്ങും (26) പ്രിത്പാൽ സിങ്ങുമാണ് (28) വീരമൃത്യു വരിച്ചത്.

ഓഗസ്റ്റ് ഒൻപതിന് രാവിലെയാണ് ഇരുവർക്കും പരുക്കേറ്റത്. ഏറ്റുമുട്ടലിൽ രണ്ട് ഭീകരരും കൊല്ലപ്പെട്ടു. ഇവരെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. ഓപ്പറേഷന്റെ വിശദാംശങ്ങൾ യഥാസമയം പങ്കുവെക്കുമെന്നാണ് ഇതുസംബന്ധിച്ച് ഔദ്യോഗിക ഭാഷ്യം.

എന്നാൽ, പുൽവാമ സ്വദേശിയായ ഹാരിസ് നസിർ ദർ കൊല്ലപ്പെട്ട ഭീകരരിൽ ഉണ്ടെന്നാണു വിവരം. പഹൽഗാം ഭീകരാക്രമണത്തിനുശേഷം ഇയാൾ ഉൾപ്പെടെ കശ്മീർ സ്വദേശികളായ 14 ഭീകരരെ കണ്ടെത്താനുള്ള ശ്രമത്തിലായിരുന്നു സുരക്ഷാ ഏജൻസികൾ.

അതേസമയം, സ്വാതന്ത്ര്യദിനത്തിനു മുന്നോടിയായി നടന്ന മുഴുവൻ ഡ്രസ് റിഹേഴ്സലും സുരക്ഷാ ഡ്രില്ലും വിജയകരമായിരുന്നുവെന്ന് ഐജി വി.കെ. ബിദ്രി പറഞ്ഞു. "പ്രധാന പരിപാടി ശ്രീനഗർ നഗരത്തിലാണു നടന്നത്. അതിനായി ശ്രീനഗർ പോലീസ് സിഎപിഎഫിനൊപ്പം വിവിധ തലങ്ങളിലുള്ള ക്രമീകരണങ്ങൾ ഒരുക്കിയിരുന്നു." - അദ്ദേഹം വ്യക്തമാക്കി.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


Enhance your ministry competencies...
enrol for DMin
ipctsk IPC THEOLOGICAL SEMINARY KOTTAYAM
Integrating theology and practice
Specializations in
Pentecostal Studies
Leadership & Church Administration
Duration: 4-5 years
Eligibility: MDiv/BD with B+ grade and five years ministry experience
APPLICATION DEADLINE 31 AUGUST 2025
COURSE COMMENCEMENT JANUARY 2026
OCDS
T.G. Oommen Centre for Doctoral Studies
Doctoral Department of IPC Theological Seminary Kottayam
ocds.ipctsk@gmail.com +91 9188952098 https//ipcseminary/ocds.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

# വിസി നിയമനത്തിൽ സുപ്രീംകോടതി സെർച്ച് കമ്മിറ്റി രൂപീകരിക്കും

ന്യൂഡൽഹി: കേരള ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ വൈസ് ചാൻസലർമാരെ കണ്ടെത്തുന്നതിന് അഞ്ചംഗ സെർച്ച് കമ്മിറ്റി രൂപീകരിക്കുമെന്ന് സുപ്രീംകോടതി. കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിന് നാല് പേരുകൾ വീതം സമർപ്പിക്കാൻ ഗവർണറോടും സർക്കാരിനോടും ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, ആർ. മഹാദേവൻ എന്നിവരടങ്ങിയ ബെഞ്ച് നിർദേശിച്ചു.

കമ്മിറ്റിയിലെ ഒരംഗത്തെ യുജിസി നാമനിർദേശം ചെയ്യും. വിഷയത്തിൽ സർക്കാരും ഗവർണറും യോജിപ്പില്ലാത്ത സാഹചര്യത്തിലാണു കോടതിയുടെ നടപടി.

വിസിമാരുടെ സ്ഥിരം നിയമനം ഉറപ്പാക്കുന്നതിന് പ്രശ്നം രമ്യമായി പരിഹരിക്കാൻ കോടതി ജൂലൈ 30-ന് ഗവർണറോടും സർക്കാരിനോടും ആവശ്യപ്പെട്ടിരുന്നു. സ്ഥിരം നിയമനമാകുന്നതു വരെ താത്കാലിക വിസിമാരെ വീണ്ടും നിയമിക്കാൻ ഗവർണർക്ക് അധികാരമുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടിയിരുന്നു.

പിന്നീട് ചാൻസലർകൂടിയായ ഗവർണർ സിസ തോമസിനെയും കെ. ശിവപ്രസാദിനെയും ഡിജിറ്റൽ, ടെക്നോളജിക്കൽ സർവകലാശാലകളുടെ താത്കാലിക വിസിമാരായി വീണ്ടും നിയമിച്ചു. എന്നാൽ ഇതു ചോദ്യംചെയ്ത് സംസ്ഥാന സർക്കാർ വീണ്ടും കോടതിയെ സമീപിച്ചതിനെത്തുടർന്നാണ് ഉത്തരവ്.

ഗവർണർ സഹകരിക്കാത്തതിനാലാണു സ്ഥിരം വിസി നിയമനം വൈകുന്നതെന്നാണ് കേരള സർക്കാരിനു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ജയ്ദീപ് ഗുപ്ത കോടതിയിൽ പറഞ്ഞത്. കോടതിയുടെ നിർദേശപ്രകാരം താത്കാലിക വിസിമാരെ നിയമിച്ച് നടപടികളിലേക്കു കടക്കുകയായിരുന്നെന്ന് ഗവർണർക്കുവേണ്ടി ഹാജരായ അറ്റോർണി ജനറൽ ആർ. വെങ്കിട്ടരമണി കോടതിയെ അറിയിച്ചു.

എന്നാൽ, തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ കോടതിതന്നെ ഇടപെട്ടു പോംവഴി നിർദേശിക്കുകയായിരുന്നു. വിസി നിയമനം വൈകുന്നത് വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുമെന്നു നേരത്തേ നിരീക്ഷിച്ച കോടതി വിഷയത്തിൽ എത്രയും വേഗം നടപടി സ്വീകരിക്കണമെന്ന് ഇരുവിഭാഗത്തോടും ആവശ്യപ്പെട്ടിരുന്നു.

## ഒന്നു തൊട്ടതേയുള്ളൂ, 5.75 ലക്ഷം പോയി

പയ്യന്നൂർ: വാട്സാപ്പിലേക്കു വന്ന ആർടിഒയുടെ പേരിലുള്ള മെസേജ് ഒന്നു തുറന്നുനോക്കിയതേയുള്ളൂ. വീട്ടമ്മയ്ക്ക് നഷ്ടമായത് അഞ്ചേമുക്കാൽ ലക്ഷം രൂപ. പയ്യന്നൂർ കോളോത്തെ വീട്ടമ്മയ്ക്കാണു ചതിക്കുഴിയിൽവീണ് പണം നഷ്ടമായത്. കഴിഞ്ഞ മാസം 28-ന് ഉച്ചയോടെയാണ് വീട്ടമ്മയുടെ വാട്സാപ്പിലേക്ക് RTO Traffic Challan.apk എന്ന മെസേജ് വരുന്നത്.

എന്താണെന്ന് അറിയാനായി ഈ മെസേജ് തുറന്നു നോക്കിയതാണ് അബദ്ധമായത്. ഇവരുടെ പേരിൽ എച്ച്ഡിഎഫ്സി ബാങ്കിന്റെ പയ്യന്നൂർ ശാഖയിലെ ഫിക്സഡ് ഡെപ്പോസിറ്റുൾപ്പെടെയുള്ള പണമാണു നഷ്ടപ്പെട്ടത്. കൂടാതെ വീട്ടമ്മയുടെ നെറ്റ് ബാങ്കിംഗിലൂടെ ക്രെഡിറ്റ് കാർഡുപയോഗിച്ച് തട്ടിപ്പ് സംഘം ഇവരുടെ പേരിൽ ലോണുമെടുത്തിട്ടുണ്ട്.

## തമിഴ്നാട് ഗവർണറെ ഒഴിവാക്കി, വിസിയിൽനിന്നു ബിരുദം സ്വീകരിച്ച് വിദ്യാർത്ഥിനി

ചെന്നൈ: തമിഴ്നാട് ഗവർണർ ആർ.എൻ. രവിയെ ഒഴിവാക്കി വൈസ് ചാൻസലറിൽനിന്നു ബിരുദം സ്വീകരിച്ച് വിദ്യാർത്ഥിനി. തിരുനെൽവേലി മനോന്മണീയം സുന്ദരനാർ സർവകലാശാലയുടെ (എംഎസ്യു) ബിരുദദാന ചടങ്ങിനിടെയായിരുന്നു പ്രതിഷേധം. ഗവേഷക വിദ്യാർഥിനി ജീൻ ജോസഫാണ് ഗവർണറിൽ നിന്നു ബിരുദം സ്വീകരിക്കാൻ വിസമ്മതിച്ചത്. എല്ലാ വിദ്യാർത്ഥികളും ഗവർണറിൽനിന്നു ബിരുദ സർട്ടിഫിക്കറ്റ് സ്വീകരിച്ചപ്പോൾ ജീൻ ജോസഫ് വേദിയിലുണ്ടായിരുന്ന വൈസ് ചാൻസറിൽനിന്നാണ് തന്റെ ഡോക്ടറേറ്റ് സ്വീകരിച്ചത്. ഗവർണറുടെ തൊട്ടടുത്തായിരുന്നു വൈസ് ചാൻസലറും നിന്നിരുന്നത്. ഡിഎംകെ നാഗർകോവിൽ ഡെപ്യൂട്ടി സെക്രട്ടറി എം. രാജന്റെ ഭാര്യയാണ് ജീൻ ജോസഫ്. ഗവർണർ തമിഴിനും തമിഴ്നാടിനും എതിരായതിനാലാണ് താൻ വൈസ് ചാൻസലറിൽ നിന്നു ബിരുദം സ്വീകരിച്ചതെന്നു ജീൻ ജോസഫ് പിന്നീടു പറഞ്ഞു.



മനോന്മണീയം സുന്ദരനാർ സർവകലാശാല വൈസ് ചാൻസലറിൽ നിന്ന് ജീൻ ജോസഫ് ഡോക്ടറേറ്റ് സ്വീകരിക്കുന്നു. തമിഴ്നാട് ഗവർണർ ആർ. എൻ.രവി സമീപം.

## മാധ്യമവാർത്തകൾ രാജ്യവിരുദ്ധമായി കാണാൻ കഴിയില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ഒരു മാധ്യമ പ്രവർത്തകന്റെ വാർത്തയോ വീഡിയോയോ പ്രഥമദൃഷ്ട്യാ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണിയാകുന്ന പ്രവൃത്തിയാണെന്നു പറയാൻ കഴിയില്ലെന്ന് സുപ്രീംകോടതി.

ഭാരതീയ ന്യായ സംഹിതയിലെ രാജ്യദ്രോഹക്കുറ്റത്തിനു ചുമത്തുന്ന സെക്ഷൻ 152 പ്രകാരം ഇത്തരം വിഷയങ്ങളിൽ കേസെടുക്കാൻ സാധിക്കില്ലെന്നും ജസ്റ്റിസുമാരായ സൂര്യകാന്ത്, ജോയ്മല്യ ബാഗ്ജി എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു. ഓൺലൈൻ വാർത്താ ഏജൻസിയായ 'ദ വയറി' നെതിരെ ആസാം പോലീസ് ഭാരതീയ ന്യായ സംഹിതയിലെ സെക്ഷൻ 152 പ്രകാരം രജിസ്റ്റർ ചെയ്ത എഫ്ഐആർ ചോദ്യംചെയ്തു സമർപ്പിച്ച ഹർജിയിലാണ് സുപ്രീംകോടതിയുടെ നിരീക്ഷണം.

'ഓപ്പറേഷൻ സിന്ദൂറു'മായി ബന്ധപ്പെട്ട് 'ദ വയറി'ൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു കേസ്. 'രാഷ്ട്രീയനേതൃത്വത്തിന്റെ നിയന്ത്രണങ്ങൾ കാരണം ഇന്ത്യൻ വ്യോമസേനയുടെ യുദ്ധവിമാനങ്ങൾ നഷ്ടമായി' എന്ന ഇന്തോനേഷ്യയിലെ ഇന്ത്യൻ പ്രതിരോധ അറ്റാഷെയുടെ വെളിപ്പെടുത്തലുമായി ബന്ധപ്പെട്ടായിരുന്നു ലേഖനം.

ലേഖനമെഴുതുന്നതിന്റെ പേരിൽ അല്ലെങ്കിൽ വീഡിയോകൾ തയാറാക്കുന്നതിന്റെ പേരിൽ മാധ്യമപ്രവർത്തകരെ കേസിൽ കുടുക്കണോയെന്നു വിഷയം പരിശോധിക്കവേ കോടതി ചോദിച്ചു.

വാർത്തകൾ അല്ലെങ്കിൽ ലേഖനങ്ങൾ എഴുതുന്നത് നിയമവിരുദ്ധമായി ആയുധങ്ങളും വെടിക്കോപ്പുകളും കടത്തുന്നതുപോലെയല്ലെന്നു കോടതി നിരീക്ഷിച്ചു. രാജ്യദ്രോഹക്കുറ്റം ചുമത്തുന്ന കേസുകളെ വസ്തുതകളുടെ അടിസ്ഥാനത്തിൽ മാത്രമേ നിർവചിക്കാൻ സാധിക്കൂവെന്നും ജസ്റ്റിസ് സൂര്യകാന്ത് അഭിപ്രായപ്പെട്ടു.

നിലവിൽ സുപ്രീംകോടതിയുടെ അഞ്ചംഗ ബെഞ്ചിന്റെ പരിഗണനയിലിരിക്കുന്ന ഈ വിഷയത്തിൽ വിധി വരുന്നതുവരെ തുടർനടപടി സ്റ്റേചെയ്യണമെന്ന് ഹർജിക്കാർക്കുവേണ്ടി മുതിർന്ന അഭിഭാഷക നിത്യ രാമകൃഷ്ണൻ കോടതിയിൽ ആവശ്യപ്പെട്ടു.

വിഷയത്തിൽ 'ദ വയറി'ന്റെ എഡിറ്റർ സിദ്ധാർത്ഥ് വരദരാജനും മറ്റുള്ളവർക്കുമെതിരെയുള്ള അറസ്റ്റ് തടഞ്ഞ കോടതി, നിലവിൽ സുപ്രീംകോടതിയിലെ മറ്റൊരു ബെഞ്ചിന്റെ പരിഗണനയിലുള്ള സമാന ഹർജിയുമായി കേസിനെ ബന്ധിപ്പിച്ചു. ബിഎൻഎസ് 152 ദുരുപയോഗം ചെയ്യുന്നതായാണു ഹർജിക്കാർ പ്രധാനമായും ചൂണ്ടിക്കാട്ടിയത്.

## ചേതൻ കുമാർ മീണ ജില്ലാ കളക്ടറായി ചുമതലയേറ്റു

കോട്ടയം: ജില്ലയുടെ 50-ാമത് കളക്ടറായി ചേതൻ കുമാർ മീണ ചുമതലയേറ്റു. ആഗസ്റ്റ് 13-ന് സ്ഥാനമൊഴിഞ്ഞ ജില്ലാ കളക്ടർ ജോൺ വി. സാമുവൽ അദ്ദേഹത്തിന് ചുമതല കൈമാറി. കളക്ടറേറ്റ് അങ്കണത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ശ്രീജിത്തിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥർ പുതിയ കളക്ടറെ സ്വീകരിച്ചു. 2018 ബാച്ച് ഉദ്യോഗസ്ഥനാണ് രാജസ്ഥാനിലെ ദോസ ജില്ലക്കാരനായ ചേതൻ കുമാർ മീണ. ഭാര്യ ഡോ. ശാലിനി മീണ. അച്ഛൻ: പരേതനായ ഗിരിരാജ് മീണ, അമ്മ: കൗസല്യ ദേവി. പാലക്കാട് അസിസ്റ്റന്റ് കളക്ടറായിട്ടായിരുന്നു തുടക്കം. തിരുവല്ല സബ് കളക്ടർ നെടുമങ്ങാട് സബ് കളക്ടർ, എറണാകുളം ഡിസ്ട്രിക് ഡെവലപ്മെന്റ് കമ്മീഷണർ, സാമൂഹികനീതി വകുപ്പ് ഡയറക്ടർ എന്നീ ചുമതലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.






# മയാമിയിൽ മലയാളി കത്തോലിക്ക വൈദികരുടെ മഹാസംഗമത്തിന്റെ കിക്കോഫ്

ജോയി കുറ്റ്യാനി

മയാമി: ചിക്കാഗോ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അമേരിക്കൻ മലയാളി കത്തോലിക്ക ചരിത്രത്തിൽ ഇടം നേടുവാൻ പോകുന്ന വൈദിക മഹാസംഗമം 2025 നവംബർ 18, 19 തീയതികളിൽ കേരളത്തിന്റെ മനോഹാരിതയുമായി സാമ്യമുള്ള സൗത്ത് ഫ്ളോറിഡായിലെ ലോകപ്രശസ്തമായ മയാമിയിൽ വേദി ഒരുങ്ങുന്നു.

മയാമി നഗരാതിർത്തിയിൽ മലയാളികളുടെ ആത്മീയ അഭിമാനകേന്ദ്രമായി നിലകൊള്ളുന്ന ഔവർ ലേഡി ഓഫ് ഹെൽത്ത് കാത്തലിക് ഫൊറോനാ ദേവാലയത്തിന്റെ ആഭിമുഖ്യത്തിലാണ് “മലയാളി പ്രീസ്റ്റ് കോയ്നോനിയ” എന്നപേര് നൽകിയിരിക്കുന്ന (‘കോയ്നോനിയ’ എന്ന ഗ്രീക്ക് പദം ഒരുമ, കൂട്ടായ്മ, സൗഹൃദം പങ്കിടൽ) ഈ വൈദിക സമ്മേളനത്തിന് അരങ്ങൊരുങ്ങുന്നത്.

ചിക്കാഗോ സീറോ മലബാർ രൂപതയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ സേവനം ചെയ്യുന്ന സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ റീത്തുകളിലും, വിവിധ കോൺഗ്രിഗേഷനുകൾ, സന്യാസസഭകൾ എന്നിവയിൽ പ്രവർത്തിക്കുന്ന അഞ്ഞൂറിലധികം വരുന്ന മലയാളി കത്തോലിക്ക വൈദികർക്ക് ഒരുമിച്ചു ചേരാൻ സാധിക്കുന്ന ഒരു അപൂർവ്വ വേദിയാണ് ഈ മഹാസമ്മേളനം.

ഇദംപ്രഥമമായി നടക്കുന്ന ഈ ആത്മീയ വൈദിക സമ്മേളനത്തിന്റെ വിജയത്തിനായി മയാമി ഔവർ ലേഡി ഓഫ് ഹെൽത്ത് ഫൊറോനാ ദേവാലയത്തിലെ വിശ്വാസിസമൂഹം ഒന്നുചേർന്ന് ക്രമീകരണങ്ങൾ ഒരുക്കിവരുന്നു.



ചിക്കാഗോ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോയി ആലപ്പാട്ട് രക്ഷാധികാരിയും, വികാരി ജനറാൾ റവ. ഫാ. ജോൺ മേലേപ്പുറം സഹരക്ഷാധികാരിയും, ഫൊറോനാ വികാരി റവ. ഫാ. ജോഷി ഇളംബാശ്ശേരി ചെയർമാനും, ജോഷി ജോസഫ് ജനറൽ കൺവീനറുമായി മുപ്പതിലധികം വിവിധ കമ്മിറ്റി ചെയർമാന്മാരും, കൈക്കാരന്മാരും, വിവിധ കമ്മിറ്റി അംഗങ്ങളുമായി ഈ ആത്മീയ നേതാക്കന്മാരുടെ ഒത്തുചേരലിനായി വിവിധ പരിപാടികൾ ക്രമീകരിച്ചു വരുന്നു.

മയാമിയിൽ നടക്കുന്ന മലയാളി കത്തോലിക്ക വൈദികരുടെ മഹാസംഗമത്തിന്റെ ഭാഗമായി കൃതജ്ഞതാബലിയിൽ നൂറുകണക്കിന് മലയാളി വൈദികർ പങ്കെടുക്കുന്നു.

ഈ മഹാസംഗമത്തിന് ആദ്ധ്യാത്മിക ഭംഗി പകരുന്നത് സീറോ മലബാർ മേജർ ആർച്ച് ബിഷപ്പിന്റെയും, അമേരിക്കൻ ബിഷപ്പ് കൗൺസിൽ അംഗങ്ങളുടെയും, മയാമി ആർച്ച് ബിഷപ്പിന്റെയും, പാംബീച്ച് ബിഷപ്പിന്റെയും സാന്നിധ്യമുണ്ട്.

പൊതുസമ്മേളനത്തിലും കലാപരിപാടികളിലും ഫ്ളോറിഡ സംസ്ഥാന ഭരണാധികാരികളും, സെനറ്റർമാരും, കോൺഗ്രസ് അംഗങ്ങളും, മേയർമാരും, പ്രാദേശിക നേതാക്കളും പങ്കുചേരും.

സംഗമത്തിന്റെ സൗഹൃദവും സാംസ്കാരിക വൈവിധ്യവും പ്രതിഫലിപ്പിക്കുന്ന അത്താഴ വിരുന്ന് ഏവർക്കും ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ആഘോഷമായിരിക്കും.

കൂടാതെ, പങ്കെടുക്കുന്ന വൈദികർക്കായി മയാമിയുടെ മനോഹാരിത അനുഭവിക്കുവാൻ പ്രത്യേക ബോട്ട് ടൂറും ഒരുക്കിയിരിക്കുന്നു. സംഗമത്തിൽ പങ്കെടുക്കുന്ന വൈദികർക്കായി സൗജന്യ രജിസ്ട്രേഷനും താമസ സൗകര്യവുമാണ് ഒരുക്കിയിരിക്കുന്നത്.

ഈ മഹാസമ്മേളനത്തിനായി വരുന്ന സാമ്പത്തിക ചിലവുകൾ സുമനസ്സുകളുടെ സ്പോൺസർഷിപ്പുകളിൽ നിന്ന് ഏറ്റുവാങ്ങുന്നതിനായുള്ള കിക്കോഫ് വിജയകരമായി. സംഗമത്തിന്റെ ചെയർമാൻ റവ. ഫാ. ജോഷി ഇളംബാശ്ശേരിയും ഫിനാൻസ് കമ്മിറ്റിയും കിക്കോഫിന് നേതൃത്വം നൽകി.

അമേരിക്കയിലെ വിവിധ കർമ്മമേഖലകളിൽ സേവനം ചെയ്യുന്ന മലയാളി വൈദിക സമൂഹത്തെ അമേരിക്കയിൽ ഒരുമിപ്പിക്കുന്ന ആദ്യവേദി ആയിരിക്കും ഈ മഹാസംഗമം.

ആത്മീയ ഐക്യത്തിനും, സഭയുടെ ദൗത്യബോധത്തിനും, പരസ്പര ബന്ധങ്ങളിൽ ഊഷ്മളത കൊണ്ടുവരുവാനും, ഭാവി തലമുറയ്ക്ക് പ്രചോദനം നൽകുന്ന ഒരു ചരിത്രനിമിഷമായി തീരും ഈ മഹാസമ്മേളനമെന്ന് ബിഷപ്പ് മാർ ജോയി ആലപ്പാട്ടും, ബിഷപ്പ് എമിരറ്റസ് മാർ ജേക്കബ് അങ്ങാടിയത്തും ഓർമ്മപ്പെടുത്തി.

## ഐ.എം.എ. ഓണാഘോഷത്തിൽ കോൺസുൽ ജനറൽ മുഖ്യാതിഥി

ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: നോർത്ത് അമേരിക്കയിലെ പ്രവാസി സംഘടനകളിൽ പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ഇല്ലിനോയി മലയാളി അസോസിയേഷൻ ഈ വരുന്ന സെപ്റ്റംബർ 5-ന് വെള്ളിയാഴ്ച വൈകുന്നേരം ആറു മണി മുതൽ ഡെസ്പ്ലെയിൻസിലുള്ള ക്നാനായ




സെന്ററിൽ (1800 E Oakton St. Des Plaines, IL 60018) ഓണാഘോഷം സംഘടിപ്പിക്കുന്നു. ചിക്കാഗോയിലെ ഇന്ത്യൻ കോൺസൽ ജനറൽ സോമനാഥ് ഘോഷ് മുഖ്യാതിഥിയായി പങ്കെടുക്കുന്ന ഈ ഓണാഘോഷ പരിപാടികളിൽ ശോഭാ നായരുടെയും ആനീസ് സണ്ണിയുടെയും നേതൃത്വത്തിൽ ആകർഷകങ്ങളായ കലാപരിപാടികളും വിഭവസമൃദ്ധമായ ഓണസദ്യയും ആഘോഷങ്ങളുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

ഈ ഓണാഘോഷങ്ങളിലുടനീളം പങ്കെടുത്ത് ഈ പരിപാടിയെ വിജയിപ്പിക്കണമെന്ന് ചിക്കാഗോയിലെ നല്ലവരായ എല്ലാ മലയാളി സമൂഹത്തോട് അഭ്യർത്ഥിക്കുന്നതായി പ്രസിഡണ്ട് ജോയ് പീറ്റേഴ്സ് ഇണ്ടിക്കുഴി, സെക്രട്ടറി പ്രജിൽ അലക്സാണ്ടർ, എക്സിക്യൂട്ടീവ് അംഗങ്ങളായ സ്റ്റീഫൻ ചൊള്ളമ്പേൽ, ഷാനി ഏബ്രഹാം, ലിൻസ് താന്നിച്ചുവട്ടിൽ, ജോസി കുരിശിങ്കൽ, ജോർജ് മാത്യു എന്നിവർ അറിയിച്ചു. സംഘടനയുടെ മുൻ പ്രസിഡണ്ട് ആയിരുന്ന സാം ജോർജ് ആണ് ഇത്തവണത്തെ ഓണാഘോഷങ്ങളുടെ കോഓർഡിനേറ്റർ.

## ജോർജ് പണിക്കർ ഐ.ഒ.സി. പ്രസിഡണ്ട്

ചിക്കാഗോ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസിന്റെ ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ടായി ജോർജ് പണിക്കരെയും ജനറൽ സെക്രട്ടറിയായി അച്ചൻ



ജോർജ് പണിക്കർ



അച്ചൻകുഞ്ഞ് മാത്യു



ആന്റോ കവലയ്ക്കൽ



ജോസി കുരിശിങ്കൽ

കുഞ്ഞ് മാത്യു, ട്രഷററായി ആന്റോ കവലയ്ക്കൽ എന്നിവരെയും തെരഞ്ഞെടുത്തു. മുൻ പ്രസിഡണ്ട് സന്തോഷ് നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് തെരഞ്ഞെടുപ്പു നടന്നത്. ജോസി കുരിശിങ്കൽ-എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ടുമാരായി ഏബ്രഹാം ജോർജ് (തമ്പി), ജോൺസൺ കണ്ണൂക്കാടൻ, സെക്രട്ടറിമാരായി ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി, ബൈജു കണ്ടത്തിൽ, ജോൺസൺ കുരീക്കാട്, അഡ്വൈസറി ബോർഡിലേക്ക് പ്രഫസർ തമ്പി മാത്യു, തോമസ് മാത്യു, റ്റോമി അംബേനാട്ട്, സന്തോഷ് നായർ, ജോർജ് മാത്യു എന്നിവരും കമ്മിറ്റി മെംബർമാരായി മനോജ് തോമസ്, സെബാസ്റ്റ്യൻ വാഴേപ്പറമ്പിൽ എന്നിവരെയും തെരഞ്ഞെടുത്തു. വിവിധ മേഖലകളിൽ തങ്ങളുടെ കഴിവും പ്രാഗത്ഭ്യവും തെളിയിച്ചവരും ചിക്കാഗോയിലെ പൊതുസമൂഹത്തിൽ നിറസാന്നിദ്ധ്യമുള്ളവരാണ് തെരഞ്ഞെടുക്കപ്പെട്ടവർ.

## അനധികൃത സ്വത്ത് സമ്പാദനം: അജിത്കുമാറിന് ക്ലീൻ ചിറ്റ് നൽകിയ വിജിലൻസ് റിപ്പോർട്ട് കോടതി തള്ളി

തിരുവനന്തപുരം: അനധികൃത സ്വത്തുസമ്പാദന ആരോപണക്കേസിൽ എക്സൈസ് കമ്മീഷണർ എഡിജിപി എം.ആർ. അജിത്കുമാറിന് ക്ലീൻ ചിറ്റ് നൽകിയ വിജിലൻസ് റിപ്പോർട്ട് പ്രത്യേക വിജിലൻസ് കോടതി ജഡ്ജി എ. മനോജ് തള്ളി. മുഖ്യമന്ത്രിക്ക് എങ്ങനെ റിപ്പോർട്ട് അംഗീകരിക്കാനാകുമെന്നു ചോദിച്ച കോടതി വിജിലൻസ് വകുപ്പ് മുഖ്യമന്ത്രിയുടെ നിയന്ത്രണത്തിലാണെങ്കിലും അതു ഭരണപരമായ കാര്യങ്ങൾക്കു മാത്രമാണെന്നു ചൂണ്ടിക്കാട്ടി. ഉന്നത പോലീസ് ഉദ്യോഗസ്ഥന് എതിരായ അന്വേഷണത്തിൽ രാഷ്ട്രീയ നേതൃത്വത്തിനു റോളില്ല. വിജിലൻസ് മാന്വൽ കാറ്റിൽപറത്തി എഡിജിപിയെ രക്ഷിച്ചെടുക്കാൻ അദൃശ്യശക്തി പ്രവർത്തിച്ചെന്നു പറഞ്ഞ കോടതി ഇനി അന്വേഷണം നേരിട്ടു നടത്തുമെന്നും അറിയിച്ചു.

വിജിലൻസ് അന്വേഷണത്തിൽ ഭരണപരമായ ഇടപെടൽ സാധ്യമാണോ എന്ന ചോദ്യം കോടതി ഉന്നയിച്ചു. അന്വേഷണ റിപ്പോർട്ട് വിജിലൻസ് അംഗീകരിച്ചുവെന്നും പിന്നീട് ‘മേൽ തീരുമാനത്തിന് മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ടെന്നും അറിയിക്കുന്നു’ എന്നുമാണ് മുൻ വിജിലൻസ് ഡയറക്ടർ യോഗേഷ് ഗുപ്ത അറിയിച്ചത്. ഒരു വ്യക്തി കുറ്റം ചെയ്തിട്ടുണ്ടോ എന്നു തീരുമാനിക്കേണ്ടത് നിയമപ്രമാണങ്ങളുടെ അടിസ്ഥാനത്തിലാകണമെന്നും അല്ലാതെ ഭരണനേതൃത്വത്തിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ആകരുതെന്നും കോടതി പറഞ്ഞു. അന്വേഷണ റിപ്പോർട്ട് മറിച്ചായിരുന്നെങ്കിൽ അത് അംഗീകരിക്കപ്പെടുമെന്നു കരുതാനാകുമോയെന്നും ഇതെക്കുറിച്ച് കൂടുതലൊന്നും പറയാനില്ലെന്നും കോടതി പറഞ്ഞു.

# കന്യാസ്ത്രീകളുടെ അറസ്റ്റ്: എക്യുമെനിക്കൽ കൗൺസിൽ അപലപിച്ചു

ചിക്കാഗോ: ഛത്തീസ്ഗഢിൽ അനീതിപരവും അകാരണവും അന്യായവുമായി നടത്തിയ കന്യാസ്ത്രീകളുടെ അറസ്റ്റിനെതിരെ ചിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ ശക്തമായി പ്രതിഷേധിക്കുകയും സംഭവത്തെ അപലപിക്കുന്ന പ്രമേയം പാസാക്കുകയും ചെയ്തു.

**സാം തേക്കനാൽ/ ജോൺസൺ വള്ളിയിൽ**



ഓഗസ്റ്റ് 12-ന് സെന്റ് മേരീസ് മലങ്കര കാത്തലിക് ദേവാലയത്തിൽ കൂടിയ കൗൺസിൽ മീറ്റിംഗിൽ എക്യുമെനിക്കൽ കൗൺസിൽ പ്രസിഡണ്ട് റവ.ഫാ. തോമസ് മാത്യു അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് റവ. ബിജു യോഹന്നാന്റെ പ്രാരംഭപ്രാർത്ഥനയ്ക്കുശേഷം ബെഞ്ചമിൻ തോമസ് (ജോ. സെക്രട്ടറി) ഏവരെയും സ്വാഗതം ചെയ്തു. അദ്ധ്യക്ഷപ്രസംഗത്തിൽ ഫാ. തോമസ് മാത്യു, കന്യാസ്ത്രീകളുടെ അന്യായമായ അറസ്റ്റിനെ അപലപിച്ചു സംസാരിച്ചു. മതവിശ്വാസങ്ങൾ അനുഷ്ഠിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും ഭരണഘടന അവകാശം നല്കുന്നുണ്ട്. കന്യാസ്ത്രീകളുടെ അറസ്റ്റിലൂടെ ഭരണഘടനയുടെ ലംഘനവും മതസ്വാതന്ത്ര്യത്തിന്റെയും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളുടെ മേലുള്ള കടന്നുകയറ്റവുമാണ് നടന്നിരിക്കുന്നത്. ഇത് ഒറ്റപ്പെട്ട സംഭവമല്ലെന്നും ഇതിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതും സംഭവത്തെ അപലപിക്കുന്നതുമായ പ്രമേയം റവ. ബിജു യോഹന്നാൻ അവതരിപ്പിച്ചു.

ഇന്ത്യാ മഹാരാജ്യത്തിലെ പൗരന്മാരെ സംരക്ഷിക്കുക എന്നത് രാജ്യത്തെ ഭരണാധികാരികളുടെ ഉത്തരവാദിത്വമാണ്. ഭാരതത്തിലെ വർഗ്ഗീയ ശക്തികൾ ന്യൂനപക്ഷങ്ങളെ ഭയപ്പെടുത്തുക, വസ്തുവകകൾ നശിപ്പിക്കുക, മതചടങ്ങുകൾ തടസ്സപ്പെടുത്തുക, ശാരീരികവും മാനസികവുമായി പീഡിപ്പിക്കുക, അപമാനിക്കുക തുടങ്ങിയ കാര്യങ്ങൾ ഒരു കാരണവശാലും അനുവദനീയമല്ല. ഓരോ വർഷവും ഏതാണ്ട് എണ്ണൂറോളം അക്രമങ്ങളാണ് ക്രൈസ്തവർക്കു നേരെ നടന്നിരിക്കുന്നത്.

സംസ്കാരം, പൈതൃകം, ഭാഷ, ജാതി, മത, വർഗ്ഗം എന്നിവകൊണ്ട് ഭാരതം വ്യത്യസ്തമാണ്. നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തിന് ഏറ്റ വലിയൊരു പ്രഹരമാണ് ഈ അതിക്രമത്തിലൂടെ നടന്നത്. ക്രൈസ്തവരുടെമേൽ നടക്കുന്ന അതിക്രമത്തെയും കന്യാസ്ത്രീകളുടെ അറസ്റ്റിനെയും ശക്തമായി അപലപിക്കുന്ന പ്രമേയം ഐകകണ്ഠ്യേന പാസാക്കി. പ്രമേയം ഇന്ത്യൻ കോൺസൽ ജനറലിനും ഇല്ലിനോയി സെനറ്റേഴ്സിനും സമർപ്പിക്കുന്നതിനും യോഗം തീരുമാനിച്ചു. റവ. ജെയിംസ് തോമസ്, സാം തോമസ് എന്നിവർ കന്യാസ്ത്രീകളുടെ അറസ്റ്റിനെതിരെ പ്രതിഷേധിച്ചു സംസാരിച്ചു. ജോർജ് പണിക്കർ മീറ്റിങ്ങിൽ സംബന്ധിച്ച എല്ലാവർക്കും നന്ദിയർപ്പിച്ചു. റവ. ജെയിംസ് തോമസ് സമാപനപ്രാർത്ഥന നടത്തി. കൗൺസിൽ സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു മീറ്റിങ്ങിന്റെ നടപടിക്രമങ്ങൾ നിയന്ത്രിച്ചു.

# പാസ്റ്റർ ടി.പി. പൗലോസ് അന്തരിച്ചു



തൃശൂർ: ഐപിസി സീനിയർ ശുശ്രൂഷകനും ആലത്തൂർ സെന്റർ മിനിസ്റ്ററുമായ പട്ടിക്കാട് താണിക്കാട്ട് പാസ്റ്റർ ടി.പി. പൗലോസ് (79) അന്തരിച്ചു. തൃശൂർ ഈസ്റ്റ് സെന്റർ മുൻ ശുശ്രൂഷകനായിരുന്നു. സംസ്കാരം ഓഗസ്റ്റ് 19-ന് ചൊവ്വാഴ്ച രാവിലെ 9-ന് ഐപിസി ആൽപ്പാറ ഹെബ്രോൻ സഭാ ഹാളിലെ ശുശ്രൂഷയ്ക്കുശേഷം 1.30-ന് കരിപ്പക്കുന്ന് സെമിത്തേരിയിൽ. ഭാര്യ ഏലിയാമ്മ മൂവാറ്റുപുഴ വാളകം കൂട്ടാലിൽ കുടുംബാംഗമാണ്. മക്കൾ: ഗ്ലോറി, ഷേർളി, ലിസ്സി (എല്ലാവരും യുഎസ്). മരുമക്കൾ: ബേബി ജോൺ, ബോബി സാമുവൽ, ജിബി ജോൺ (എല്ലാവരും യുഎസ്). തൃശൂരിലെ ആരംഭകാല പെന്തെക്കോസ്ത് പ്രവർത്തകനും തൃശൂർ സെന്ററിന്റെ മുഖ്യ ശില്പിയും ദീർഘവർഷങ്ങൾ അവിഭക്ത സെന്റർ പാസ്റ്ററുമായിരുന്ന പാസ്റ്റർ ടി. പി. പോളിന്റെ മകനാണ് പരേതനായ പാസ്റ്റർ ടി.പി. പൗലോസ്

**വാർത്ത: നിബു വെള്ളവന്താനം**

# 'പരേതർ'ക്കൊപ്പം ചായ കുടിച്ച് രാഹുൽ ഗാന്ധി

ന്യൂഡൽഹി: 'പരേതരെന്നു' മുദ്രകുത്തി വോട്ടർപട്ടികയിൽനിന്നു പുറത്താക്കപ്പെട്ട ബിഹാറിൽനിന്നുള്ള ഏഴു പേർക്കൊപ്പം ചായകുടിച്ച് രാഹുൽ ഗാന്ധി. രമിക്ബാൽ റായ്, മുന്നകുമാർ, ലാൽമുനി ദേവി, വാച്യാദേവി, പുനം കുമാരി, ഹരേന്ദ്ര റായ്, മുന്നകുമാർ, ലാൽവതി ദേവി എന്നിവർക്കൊപ്പമാണ് അദ്ദേഹം ചായകുടിച്ചത്. അതിന്റെ വീഡിയോയും അദ്ദേഹം പുറത്തുവിട്ടു.



പരേതരെന്നു കാട്ടി ബിഹാർ വോട്ടർപട്ടികയിൽനിന്നു പുറത്താക്കപ്പെട്ടവർക്കൊപ്പം രാഹുൽ ഗാന്ധി.

"എനിക്ക് പല രസകരമായ അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ 'മരിച്ച' ആളുകളുമായി ചായ കുടിക്കുന്നത് ഇതാദ്യമായിട്ടാണ്. ഈ അദ്വിതീയ അനുഭവത്തിനു തെരഞ്ഞെടുപ്പ് കമ്മീഷനു നന്ദി"- അദ്ദേഹം എക്സിൽ കുറിച്ചു. പുതിയ വോട്ടർപട്ടിക പുറത്തുവന്നശേഷമാണു തങ്ങൾ 'മരിച്ചത്' അറിഞ്ഞതെന്ന് വോട്ടവകാശം നഷ്ടപ്പെട്ട ഒരാൾ വീഡിയോയിൽ പറയുന്നുണ്ട്.

"ഞാൻ ജീവിച്ചിരിപ്പുണ്ട്... മരിച്ചിട്ടില്ലെന്ന് ഞാൻ പ്രഖ്യാപിക്കാൻ വന്നതാണ്"- അദ്ദേഹം രാഹുൽ ഗാന്ധിയോട് പറഞ്ഞു. "ഒരു പഞ്ചായത്തിൽ മാത്രം 50 പേര് ഇതുപോലെ 'മരിച്ച'വരാണ്"- അദ്ദേഹം പറഞ്ഞു. രഘോപൂരിൽനിന്നുള്ള സംഘമാണു രാഹുൽ ഗാന്ധിയെ കാണാനെത്തിയത്.

'പുനഃപരിശോധനയ്ക്കുള്ള രേഖകൾ നൽകിയശേഷവും നടപടിയുണ്ടായില്ല' ഒരാൾ പറഞ്ഞു. 'ഇത് പിശകല്ല ഇത് വ്യക്തമായ അവകാശലംഘനമാണ്'- രാഹുൽ ഗാന്ധി പ്രതികരിച്ചു.






# കേരള അസോസിയേഷൻ ഓഫ് ഡാളസ് സ്വാതന്ത്ര്യദിനം ആഘോഷിച്ചു




ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാളസ് 79-ാമത് ഇന്ത്യൻ സ്വാതന്ത്ര്യദിനം ആഘോഷിച്ചു. കേരള അസോസിയേഷൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐസിഇസി ഹാളിൽ വെച്ചായിരുന്നു ആഘോഷം നടത്തിയത്. കെ.എ.ഡി. പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ, ഐസിഇസി പ്രസിഡണ്ട് നൈനാൻ മാത്യു എന്നിവർ സംസാരിച്ചു. കെ.എ.ഡി. സോഷ്യൽ ഡയറക്ടർ ജയ്സി ജോർജ് നന്ദി പ്രകാശിപ്പിച്ചു.

ഐസിഇസി കമ്മിറ്റിയംഗം പി.ടി. സെബാസ്റ്റ്യൻ, മുതിർന്ന അംഗം സണ്ണി ജേക്കബ്, ഗാർലന്റ് സിറ്റി സീനിയർ അഡ്വൈസറി കമ്മിറ്റി ചെയർമാൻ പി.സി. മാത്യു, മുതിർന്ന മാധ്യമപ്രവർത്തകൻ പി.പി. ചെറിയാൻ, മുതിർന്ന അംഗങ്ങളായ സിജു വി. ജോർജ്, ജോസ് കുഴിപ്പിള്ളി, മാധ്യമ പ്രവർത്തകരായ രാജു തരകൻ, ബാബു സൈമൺ, കൂടാതെ ബാബു മാത്യു, ജേക്കബ് സൈമൺ, കെ.എ.ഡി. കമ്മിറ്റി അംഗം വിനോദ് ജോർജ്, ടോമി കളത്തിവീട്ടിൽ തുടങ്ങി അമ്പതോളം അസോസിയേഷൻ അംഗങ്ങൾ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പങ്കെടുത്തു.

## ലൂയിസ് തൈവളപ്പിൽ അന്തരിച്ചു



ഹൂസ്റ്റൺ: വളരെക്കാലമായി ഹൂസ്റ്റണിൽ താമസിക്കുന്ന ലൂയിസ് തൈവളപ്പിൽ (88) അന്തരിച്ചു. 1937 ഫെബ്രുവരി 10-ന് ഇരിങ്ങാലക്കുടയിലാണ് ജനനം. പരേതരായ ആന്റണിയും റോസയുമാണ് മാതാപിതാക്കൾ.

ട്രീസാ ലൂയിസാണ് ഭാര്യ. മക്കൾ: ആന്റണി, ജോസഫ്, ജോർജ്. മരുമക്കൾ: ദീപ, ലിസ. ഇന്ത്യൻ റെയിൽവേയിൽ ടെലികമ്യൂണിക്കേഷൻ എൻജിനീയറായി ജോലി ചെയ്തശേഷം അമേരിക്കയിൽ കുടിയേറിയ പരേതൻ ഏതാണ്ട് 26 വർഷത്തോളം അമേരിക്കൻ കമ്പനിയിൽ ടെലിക്കമ്യൂണിക്കേഷൻ എൻജിനീയറായി സേവനമനുഷ്ഠിച്ച ശേഷം വിശ്രമജീവിതം നയിക്കുകയായിരുന്നു.

August 18, 2025 (Monday) St. Joseph Syro Malabar Catholic Forane Church, (2011 Present St. Missouri City, TX 77489). 8.30 AM Mass, 9.30 AM Oppeesu, 9.45 AM Viewing. 10.45 AM Eulogies & Funeral 11.30 AM Procession to Burial Cemetery Forest Park, Westheimer Funeral Home & Cemetery (12800 Westheimer Road Houston, TX 77077), 12.30 PM Burial Cemetery. Reception immediately following at Forest Park Event Room.

Wake Funeral Service Youtube link: https://www.youtube.com/watch?v=Xf86IP4KqEQ

വാർത്ത: എ.സി. ജോർജ്

## ഇന്ത്യൻ കോൺസുലേറ്റ് സ്വാതന്ത്ര്യദിനം ആഘോഷിച്ചു

ചിക്കാഗോ: ഭാരതത്തിന്റെ 79-ാമത് സ്വാതന്ത്ര്യദിനം വിവിധ പരിപാടികളോടുകൂടി കൊണ്ടാടി. രാവിലെ ഒൻപത് മണിക്ക് ഫ്ളാഗ് ഹോസ്റ്റിങ് കോൺസിലേറ്റ് ജനറൽ ഹോണറബിൾ സോമനാഥ് ഘോഷ് നിർവഹിച്ചു. അതിനുശേഷം ദേശീയഗാനവും ഇന്ത്യൻ പ്രസിഡണ്ട് ദ്രൗപതി മുർമു അയച്ച സ്വാതന്ത്ര്യദിന സന്ദേശവും വായിച്ചു.



വൈകുന്നേരം 7 മണിക്ക് ചിക്കാഗോ കൾച്ചറൽ സെൻട്രൽ പ്രിസ്റ്റൺ ബ്രാഡ്‌ലി ഹാളിൽ നടന്ന പൊതുസമ്മേളനത്തിൽ മതനേതാക്കൾ, സാമുദായിക, സാംസ്കാരിക, രാഷ്ട്രീയനേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു. മലയാളി സമൂഹത്തെ പ്രതിനിധീകരിച്ച് ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, ഫോമാ മുൻ വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം എന്നിവർ ആശംസകളറിയിച്ചു സംസാരിച്ചു. ചിക്കാഗോ സീറോ മലബാർ രൂപത വികാരി ജനറാൾ ഫാ. ജോൺ മേലേപ്പുറം ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി. ക്ഷണിക്കപ്പെട്ട അതിഥികൾക്ക് ഡിന്നറോടെ സമ്മേളനം 9 മണിക്ക് പര്യവസാനിച്ചു.

## വോട്ടർപട്ടിക: വിവാദ പരാമർശവുമായി സുരേഷ് ഗോപി



തൃശൂർ: 'വോട്ടർപട്ടിക വിഷയത്തിൽ ഉന്നയിക്കലുകളുമായി ഇറങ്ങിയ വാനരന്മാരോടു സുപ്രീംകോടതിയിലേക്കു പോയി ചോദിക്കാൻ പറയൂ' എന്നു കേന്ദ്രമന്ത്രി സുരേഷ് ഗോപി. വോട്ടർ പട്ടിക ക്രമക്കേട് ആരോപണങ്ങളിൽ ആദ്യമായാണു കേന്ദ്രമന്ത്രിയുടെ പ്രതികരണം.

'നിങ്ങൾ ഉന്നയിച്ച വിഷയങ്ങൾക്കെല്ലാം ചീഫ് ഇലക്ഷൻ കമ്മീഷൻ മറുപടി പറയും. എന്തുകൊണ്ട് ഞാൻ മറുപടി പറഞ്ഞില്ല? മറുപടി പറയേണ്ടത് അവരാണ്. ഞാൻ മന്ത്രിയാണ്. ആ ഉത്തരവാദിത്തം ഞാൻ ഉചിതമായി നിറവേറ്റിപ്പോരുന്നുണ്ട്. ചോദ്യങ്ങൾ കൂടുതൽ ഉണ്ടെങ്കിൽ തെരഞ്ഞെടുപ്പു കമ്മീഷനോടു ചോദിച്ചോളൂ. അല്ലെങ്കിൽ അവരതു സുപ്രീംകോടതിയിൽ എത്തിക്കുമ്പോൾ സുപ്രീംകോടതിയോടു ചോദിച്ചാൽ മതി. അക്കരെയായാലും ഇക്കരെയായാലും അവിടെ പോയി ചോദിക്കാൻ പറയൂ' സുരേഷ് ഗോപി പ്രതികരിച്ചു.




# റവ. കുര്യൻ പീറ്റർ കൊച്ചിൻ മഹായിടവകയുടെ രണ്ടാമത് ബിഷപ്പ്

എറണാകുളം: കൊച്ചിൻ മഹായിടവകയുടെ രണ്ടാമത് ബിഷപ്പായി വന്ദ്യ കുര്യൻ പീറ്റർ അച്ചൻ ഓഗസ്റ്റ് 15-ന് അഭിഷിക്തനായി. കൊച്ചിൻ മഹായിടവക രൂപീകൃതമായതിനുശേഷം നടത്തപ്പെടുന്ന ആദ്യത്തെ കോൺസിക്രേഷനാണിത്.

ചർച്ച് ഓഫ് സൗത്ത് ഇന്ത്യ, കൊച്ചി മഹായിടവകയിലെ മുതിർന്ന വൈദികനായ റവ. കുര്യൻ, നിലവിൽ ഫോർട്ട് കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് സിഎസ്ഐ ദേവാലയത്തിലെ വൈദികനും അഡ്മിനിസ്ട്രേറ്റീവ് ഫിനാൻസ് സെക്രട്ടറിയുമാണ്.

1971 ഡിസംബർ 5-നാണ് റവ. കുര്യൻ ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസം എറണാകുളം തേവരയിലും സേക്രഡ് ഹാർട്ട് ഹൈസ്കൂളിലും കോളജിലും പൂർത്തിയാക്കി. 1990-93 കാലയളവിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്ന് ഇക്കണോമിക്സിൽ ബി.എ. നേടി. തുടർന്ന് 1995-1999 കാലയളവിൽ സെറമ്പൂർ സർവകലാശാല, കൊൽക്കത്തയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ജബൽപൂർ ലിയൊണാർഡ് തിയോളജിക്കൽ കോളജിൽ നിന്ന് ബാച്ചിലർ ഓഫ് ഡിവിനിറ്റി നേടി. 2019-2022 കാലയളവിൽ ഓസ്ട്രേലിയയിലെ മെൽബൺ യൂണിവേഴ്സിറ്റി ഓഫ് ഡിവിനിറ്റിയുടെ ട്രിനിറ്റി കോളജ് ഡിവിനിറ്റി സ്കൂളിൽ നിന്ന് പാസ്റ്ററൽ കെയറിൽ മാസ്റ്റർ ഓഫ് തിയോളജി നേടി.

1999 മെയ് 9-ന് ആർ. റവ.ഡോ. ജെ.ഡബ്ല്യു ഗ്ലാഡ്സ്റ്റോൺ അദ്ദേഹത്തെ ഡീക്കനായി അഭിഷേകം ചെയ്തു. 2000 മാർച്ച് 25-ന് ആർ. റവ. ജോർജ് ഐസക് അദ്ദേഹത്തെ വൈദികനായി അഭിഷേകം ചെയ്തു, കഴിഞ്ഞ 25 വർഷങ്ങളിൽ പല നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്-1993-ൽ നോർത്ത് കേരള മഹായിടവകയിൽ ചർച്ച് വർക്കർ, 1994-ൽ മഹായിടവക യൂത്ത് വർക്കർ, ക്രിസ്ത്യൻ എജ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഡയറക്ടർ, സൺഡേസ്കൂൾ ജനറൽ സെക്രട്ടറിയായി



അഞ്ചുവർഷം പ്രവർത്തിച്ചു. സിഎസ്ഐ മലബാർ മഹായിടവകയ്ക്കായി പ്രവർത്തനാധിഷ്ഠിത സൺഡേസ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. വയനാട്ടിലെ സിഎസ്ഐ ചൈൽഡ് ഡെവലപ്മെന്റ് സെന്ററിലും എറണാകുളത്തെ സിഎസ്ഐ കൗൺസിലിംഗ് സെന്ററിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

റവ. കുര്യൻ ഇടവക ശുശ്രൂഷകളിൽ നിലമ്പൂർ (1999-2002), മേപ്പാടി (2002-2004), ഷൊർണ്ണൂർ (2004-2007), ആലുവ (2007-2009), സിഎസ്ഐ ഇ

**പി.പി. ചെറിയാൻ**

മ്മാനുവേൽ കത്തീഡ്രൽ എറണാകുളം (2009-2013), വല്ലിയോത്തോട് (2014-2016), അടിമാലി (2016-2019), സെന്റ് മാത്യൂസ് ആംഗ്ലിക്കൻ ചർച്ച്, മെൽബൺ സിഎസ്ഐ ചർച്ച് (2019-2023) എന്നിവയും ഇപ്പോഴത്തെ ഫോർട്ട് കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് സിഎസ്ഐ ദേവാലയവും ഉൾപ്പെടുന്നു.

മറ്റു ശുശ്രൂഷാ ചുമതലകളിൽ നിലമ്പൂരിലെ എക്സ്സെപ്രസി പേഷ്യന്റ് ഹോമിലെ ചെയർമാൻ, എറണാകുളത്തെ സിഎസ്ഐ കൗൺസിലിംഗ് സെന്ററിന്റെ ചെയർമാൻ, മെൽബണിലെ പ്രായമായവരുടെ മൂന്ന് സേവന കേന്ദ്രങ്ങളിൽ വോളണ്ടിയർ, കൊച്ചി തുറമുഖ ചാപ്ലെയിൻ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു.

റവ. കുര്യൻ അന്താരാഷ്ട്ര തലത്തിലും വൈവിധ്യമാർന്ന അനുഭവങ്ങൾ സമ്പാദിച്ചിട്ടുണ്ട്. 2007-ൽ യുഎസ്എയിലെ ഡാളസിലെ ഫസ്റ്റ് പ്രസ്ബിറ്റേറിയൻ ചർച്ചുമായി പങ്കാളിത്ത പരിപാടിക്കായി, 2009-ൽ ടെക്സസിലെ സാൻ അന്റോണിയോയിലുണ്ടായ ഓൾ പ്രസ്ബിറ്റേറിയൻ ക്രിസ്ത്യൻ എജ്യൂക്കേറ്റേഴ്സ് കോൺഫറൻസിൽ ഏക ഏഷ്യൻ പ്രതിനിധിയായി. 2010-ൽ ന്യൂജേഴ്സിയിലെ ടപ്പാനിൽ ഒരു എപ്പിസ്കോപ്പൽ ചർച്ചിൽ വോളണ്ടിയർ ശുശ്രൂഷയ്ക്കായി, 2010-ൽ ഇസ്രയേൽ, ഈജിപ്റ്റ് തീർത്ഥാടനം എന്നിവയ്ക്ക് നേതൃത്വം നല്കി. 2019 മുതൽ 2023 വരെ മെൽബണിലെ സെന്റ് മാത്യൂസ് ആംഗ്ലിക്കൻ ചർച്ചിലും മെൽബൺ സിഎസ്ഐ ചർച്ചിലും വികാരിയായി സേവിച്ചു. 2024-ൽ ദുബായിൽ നടന്ന മിഡിൽ ഈസ്റ്റ് ആൻഡ് സൗത്ത് ഏഷ്യ റീജിയണൽ കോൺഫറൻസ് ഓഫ് മിഷൻ ടു സീഫാരേഴ്സിൽ പങ്കെടുത്തു.

റവ. കുര്യൻ പരേതനായ കെ.ജെ. പീറ്ററിന്റെയും പരേതയായ ആല്യമ്മ പീറ്ററിന്റെയും മകനാണ്. ഭാര്യ സ്മിത മേരി മാത്യു. പി.ജി. ബിരുദധാരിയായ അവർ മെൽബണിൽ ഏജ്കെയർ മേഖലയിൽ സേവനം ചെയ്തിട്ടുണ്ട്. 19-കാരിയായ മകൾ കൃപ എൽസാ കുര്യൻ സൗത്ത് ഓസ്ട്രേലിയ സർവകലാശാലയിലെ വിദ്യാർത്ഥിനിയാണ്. 11-കാരനായ മകൻ കേഫാ കുര്യൻ പഠനത്തിലാണ്.

റവ. കുര്യൻ പീറ്ററിന്റെ ബിഷപ് അഭിഷേക ശുശ്രൂഷ ചർച്ച് ഓഫ് സൗത്ത് ഇന്ത്യ മോഡറേറ്റർ മോസ്റ്റ് റവ. ഡോ. കെ. റൂബൻ മാർക്ക് മുഖ്യശുശ്രൂഷകനായും സിഎസ്ഐ ജനറൽ സെക്രട്ടറി അഡ്വ. സി. ഫെർണാണ്ടസ് രത്നിരാജ, ട്രഷറർ പ്രഫ. ഡോ. ബി. വിമൽ സുകുമാർ, മറ്റു ബിഷപ്പുമാർ, മഹായിടവക ഓഫീസർമാർ, വൈദികർ, സുവിശേഷകർ, സിനഡ് ഡയറക്ടർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിലും ഓഗസ്റ്റ് 15-ന് വെള്ളിയാഴ്ച രാവിലെ 9 മണിക്ക് എറണാകുളം ബ്രോഡ്‌വേയിലുള്ള ഹോളി ഇമ്മാനുവേൽ സിഎസ്ഐ കത്തീഡ്രലിൽ വെച്ച് നടത്തപ്പെട്ടു.

## ത്രികോണ വിസ്തീർണം: പുതിയ ഫോർമുല കണ്ടെത്തി

കോട്ടയം: ത്രികോണത്തിന്റെ വിസ്തീർണം കണ്ടെത്താൻ പുതിയ സമവാക്യം കണ്ടെത്തിയെന്ന അവകാശവാദവുമായി മലയാളി. കങ്ങഴ ഗ്രിഗോറിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഇലക്ട്രിക്കൽ വിഭാഗം അദ്ധ്യാപകനായ തിരുവല്ല ചുമത്ര പ്ലാംപറമ്പിൽ വീട്ടിൽ അരുൺ ശശിധരനാണു പേറ്റന്റിന് അപേക്ഷിച്ചത്.

നിലവിൽ ത്രികോണത്തിന്റെ മൂന്നു വശങ്ങളുടെ അളവുകൾ ഹെറോൺസ് ഫോർമുലയിൽ ഉപയോഗിച്ചാണു വിസ്തീർണം കണ്ടെത്തുന്നത്. തന്റെ സമവാക്യം ഉപയോഗിച്ച് അതിനെക്കാൾ വേഗത്തിൽ വിസ്തീർണം കണ്ടെത്താമെന്ന് അരുൺ പറയുന്നു.

## ഓപ്പറേഷൻ സിന്ദൂർ പൈലറ്റുമാർക്കുൾപ്പെടെ 15 പേർക്ക് വീർചക്ര; അജിത്തിനും എറിക്കിനും വിശിഷ്ട സേവാ മെഡൽ

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യയുടെ വ്യോമാക്രമണത്തിനു നേതൃത്വം നൽകിയ ഒൻപത് യുദ്ധവിമാന പൈലറ്റുമാർക്കുൾപ്പെടെ 15 പേർക്ക് വീർ ചക്ര. യുദ്ധകാലത്തെ ധീരതയ്ക്കുള്ള മൂന്നാമത്തെ വലിയ സേനാ മെഡൽ നൽകിയാണു രാജ്യം പൈലറ്റുമാരെ ആദരിച്ചത്. ഓപ്പറേഷൻ സിന്ദൂറിന്റെ ഘട്ടത്തിൽ നേവൽ ഓപ്പറേഷൻസ് ഡയറക്ടർ ജനറലായിരുന്ന മലയാളി വൈസ് അഡ്മിറൽ എ.എൻ. പ്രമോദ് യുദ്ധ സേവാമെഡലിനും മിലിറ്ററി ഓപ്പറേഷൻസ് ഡയറക്ടർ ജനറലായിരുന്ന ലഫ്. ജനറൽ രാജീവ് ഘായി സർവോത്തം യുദ്ധ സേവാ മെഡലിനും അർഹനായി. കരസേനയുടെ നോർത്തേൺ കമാൻഡർ ലഫ്. ജനറൽ പ്രതീക് ശർമയും സർവോത്തം യുദ്ധസേവാ മെഡലിന് അർഹനായി.

സേനാ ആസ്ഥാനത്തു ഇന്റഗ്രേറ്റഡ് ഹെഡ്ക്വാർട്ടേഴ്സിൽ സേവനം ചെയ്യുന്ന ബ്രിഗേഡിയർ രാകേഷ് നായർ, പൈലറ്റ് എയർ കമഡോർ രോഹിത് കാപ്പിൽ എന്നിവർക്കു യുദ്ധസേവ മെഡൽ ലഭിച്ചു. നാവികസേനാംഗം കമാൻഡർ വിവേക് കുര്യാക്കോസ് ധീരതയ്ക്കുള്ള സേനാ മെഡലിനും അർ



എസ്പി അജിത് വിജയൻ

ഹനായി. ധീരതയ്ക്കുള്ള 127 അവാർഡും വിശിഷ്ട സേവനത്തിനുള്ള 40 സേനാ അവാർഡുകളുമാണു സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി പ്രഖ്യാപിച്ചത്. ധീരതയ്ക്കുള്ള അവാർഡിന് അർഹരായവരിൽ 40 സൈനികർ ഓപ്പറേഷൻ സിന്ദൂറുമായി ബന്ധപ്പെട്ടുള്ളവരാണ്. രണ്ട് അഗ്നിവീറുകൾക്കും മെഡലുണ്ട്.

എസ്പി അജിത് വിജയനും സിആർപിഎഫ് കമൻഡാന്റ് എറിക് ഗിൽബർട്ട് ജോസിനും വിശിഷ്ട സേവ



എറിക് ഗിൽബർട്ട് ജോസ്

നത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡൽ. ഡിഐജി ആയി വിരമിച്ച അജിത് വിജയൻ വർക്കല സ്വദേശിയാണ്. ഒഡീഷ-ഛത്തീസ്ഗഢ് അതിർത്തിയിൽ ആന്റി നക്സൽ ഓപ്പറേഷൻസ് ചുമതലയുള്ള സിആർപിഎഫ് 216-ാം ബറ്റാലിയന്റെ കമൻഡാന്റ് ആണ് കൊല്ലം ഇരവിപുരം സ്വദേശി എറിക് ഗിൽബർട്ട് ജോസ്.



FAMILY DENTAL
GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS
552 S WASHINGTON ST., SUITE # 101, NAPERVILLE, ILLINOIS 60540
PHONE: 630 999 1976
9709 N. MILWAUKEE AVE. GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)
Children Welcome
Invisalign & Braces





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD
Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR


# ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരളാ ഘടകം പുനഃസംഘടിപ്പിച്ചു

ചിക്കാഗോ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരളാ ഘടകം പുനഃസംഘടിപ്പിച്ചു. സതീശൻ നായർ പ്രസിഡണ്ടായുള്ള സംഘടനയിൽ പുനഃസംഘടനയുടെ ഭാഗമായി ചെയർമാൻ പോൾ കറുകപ്പള്ളി, ഡെപ്യൂട്ടി ചെയർമാൻ ജയചന്ദ്രൻ രാമകൃഷ്ണൻ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ടായി സജി കരിമ്പന്നൂർ, വൈസ് പ്രസിഡണ്ടുമാരായി ജോസ് ചാരുംമൂട്, പ്രൊഫ. തമ്പി മാത്യു, സന്തോഷ് നായർ, സന്തോഷ് ഏബ്രഹാം, തോമസ് ഓലിയാംകുന്നേൽ, സന്തോഷ് കാപ്പിൽ, വർഗീസ് പോത്താനിക്കാട്, ജനറൽ സെക്രട്ടറിയായി ജോസഫ് ഇടിക്കുള, സെക്രട്ടറിമാരായി സൈമൺ വാളാച്ചേരി, ആന്റോ കവലയ്ക്കൽ, കുര്യൻ വർഗീസ്, വിപിൻ രാജ്, ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി, ട്രഷററായി മാത്യു വർഗീസ്, ജോയിന്റ് ട്രഷറർ മോൻസി വർഗീസ്, കമ്മിറ്റി മെമ്പർമാരായി മാത്യു വൈരമൺ (ലീഗൽ അഡ്വൈസർ), റേച്ചൽ വർഗീസ് (സ്ട്രാറ്റജിക് അഡ്വൈസർ), ചെറിയാൻ കോശി, ഷാലു പുന്നൂസ്, ശോശാമ്മ ആൻഡ്രൂസ്, ഉഷാ ജോർജ്, ജോൺ വർഗീസ് എന്നിവരും ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ടായി ജോർജ് പണിക്കർ, ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ടായി നോഹ ജോർജ്, ന്യൂജേഴ്സി ചാപ്റ്റർ പ്രസിഡണ്ടായി ജെയിംസ് ജോർജ്, ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡണ്ടായി ജസ്റ്റിൻ ജേക്കബ് എന്നിവരേയും ഉൾപ്പെടുത്തി സംഘടന പുനഃസംഘടിപ്പിച്ചു. ഡോ. ഈപ്പൻ വർഗീസ് ചെയർമാനായും, ഐഒസി യുഎസ്എയുടെ വൈസ് ചെയർമാൻ ജോർജ് ഏബ്രഹാം, ഐഒസി കേരളയുടെ പ്രസിഡണ്ട് സതീശൻ നായർ, ചെയർമാൻ തോമസ് മാത്യു, മുൻ പ്രസിഡണ്ട് ലീലാ മാരേട്ട് എന്നിവരടങ്ങിയ അഞ്ചംഗ കമ്മിറ്റിയാണ് പുനഃസംഘടനയ്ക്കു നേതൃത്വം നൽകിയത്. പുനഃസംഘടനയുടെ ഭാഗമായി പുതിയ ഭാരവാഹിത്വത്തിലേക്ക് വന്നവരെ കമ്മിറ്റി പ്രത്യേകം അഭിനന്ദിക്കുകയും ആശംസകൾ നേരുകയും ചെയ്തു. കൂടാതെ സംഘടനാ പ്രവർത്തനങ്ങൾ ശക്തമാക്കുവാനും മറ്റു ചാപ്റ്ററുകൾ കൂടുതൽ ശക്തിപ്പെടുത്തുവാനും ഏവരും ആത്മാർത്ഥമായി പ്രവർത്തിക്കണമെന്നും ജോർജ് ഏബ്രഹാം ഏവരേയും ഓർമ്മിപ്പിച്ചു.

**സതീശൻ നായർ**



സതീശൻ നായർ
പ്രസിഡണ്ട്



പോൾ കറുകപ്പള്ളി
ചെയർമാൻ



ജയചന്ദ്രൻ രാമകൃഷ്ണൻ
ഡെപ്യൂട്ടി ചെയർമാൻ



ജോസഫ് ഇടിക്കുള
ജനറൽ സെക്രട്ടറി



മാത്യു വർഗീസ്
ട്രഷറർ

# MACF 2025 ഓണാഘോഷത്തിന് അരങ്ങൊരുങ്ങി

ടാമ്പാ: മുപ്പത്തി അഞ്ചു വർഷമായി പ്രവർത്തിക്കുന്ന ടാമ്പായിലെ ആദ്യത്തെ മലയാളി സംഘടനയായ മലയാളി അസോസിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡ ഈ വർഷത്തെ ഓണാഘോഷം 'മാമാങ്കം' അതിഗംഭീരമായി സംഘടിപ്പിക്കുന്നു. അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഓണാഘോഷമായ MACF 2025 ഓണാഘോഷം, കേരളത്തിന്റെ സമ്പന്നമായ പാരമ്പര്യവും കലാരൂപങ്ങളും പ്രതിഫലിപ്പിക്കുന്ന വിപുലമായ പരിപാടികളിലൂടെ, ടാമ്പയിലെ മലയാളി സമൂഹത്തിന് മറക്കാനാകാത്ത അനുഭവമായി മാറും.

ഓഗസ്റ്റ് 23-ന് ടാമ്പായിലെ സേക്രഡ് ഹാർട്ട് ക്നാനായ കമ്മ്യൂണിറ്റി ഹാളിൽ (2620 Washington Rd, Valrico, FL33594) വെച്ചു നടത്തുന്ന ഓണാഘോഷത്തിന് പൂക്കളം, അതിവിപുലമായ കേരള സദ്യ, ഫോട്ടോബൂത്ത്, ചെണ്ടമേളം, മാവേലി, ഓണം ഘോഷയാത്ര, കലാപരിപാടികൾ, 200-ൽപരം പേർ ചേർന്ന് നടത്തുന്ന 'മാമാങ്കം' എന്നിവ ആണ് ഒരുങ്ങുന്നത്.

പ്രസിഡണ്ട് ടോജിമോൻ പൈത്തുരുത്തേലിന്റെയും സെക്രട്ടറി ഷീല ഷാജുവിന്റെയും ട്രഷറർ സാജൻ കോരതിന്റെയും നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി തയ്യാറെടുപ്പുകൾ നടത്തുന്നു.

മെയ് മാസത്തിൽ തുടങ്ങിയ ഓണാഘോഷപരിപാടിയുടെ അണിയറ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നത് MACF വിമൻസ് ഫോറം (ദിവ്യ ബാബു, ആൻസി സെഡ്വിൻ) എന്നിവർ ആണ്. എഡ്യൂക്കേഷൻ ആൻഡ് എംപവർമെന്റ് കമ്മിറ്റി, ആർട്സ് ആൻഡ് എന്റർടൈൻമെന്റ് കമ്മിറ്റി, സ്പോർട്സ് കമ്മിറ്റി കൊറിയോഗ്രാഫേഴ്സ് എന്നിവരും മറ്റനവധി വോളന്റിയേഴ്സും ചേർന്നാണ് ഓണാഘോഷത്തിനുള്ള ഒരുക്കങ്ങൾ നടത്തുന്നത്.

ടാമ്പാ മലയാളികൾ കാത്തിരിക്കുന്ന ഓണാഘോഷത്തിനും കലാപരിപാടികളുടെ കൊട്ടിക്കലാശത്തിനും പങ്കുചേരാൻ ടാമ്പയിലെ എല്ലാ മലയാളി സുഹൃത്തുക്കളെയും MACF സ്വാഗതം ചെയ്യുകയും നിങ്ങളുടെ ഓരോരുത്തരുടെയും സാന്നിധ്യ സഹകരണങ്ങൾ കൊണ്ട് ഈ ആഘോഷം വിജയിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

അമേരിക്കയിലെ കേരളമായ ഫ്ളോറിഡയിലെ കേരളത്തനിമ നിലനിർത്തുന്ന കലാസാംസ്കാരിക കേന്ദ്രമായ MACF-ന്റെ ഭാഗമാകുവാനും പരിപാടികളുടെ അപ്ഡേറ്റ്സ് കിട്ടുവാനും MACF ഫേസ്ബുക് പേജ് (https://www.facebook.com/MacfTampa) ഫോളോ ചെയ്യുക. സദ്യ ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ: https://www.macftampa.com/event-details/tampaonam2025

# ബലൂചിസ്ഥാൻ ലിബറേഷൻ ആർമിയെ വിദേശ ഭീകര സംഘടനയായി പ്രഖ്യാപിച്ചു

ന്യൂയോർക്ക്: പാകിസ്ഥാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബലൂചിസ്ഥാൻ ലിബറേഷൻ ആർമിയെയും സഖ്യകക്ഷിയായ ദ മജീദ് ബ്രിഗേഡിനെയും വിദേശ ഭീകരസംഘടനയായി യുഎസ് പ്രഖ്യാപിച്ചു. 2019 മുതൽ ബലൂചിസ്ഥാൻ ലിബറേഷൻ ആർമി നിരവധി ഭീകരാക്രമണങ്ങൾ നടത്തിയിട്ടുണ്ടെന്ന് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് പ്രഖ്യാപിച്ചു.

ഭീകരതയ്ക്കെതിരെയുള്ള ട്രംപിന്റെ വിട്ടുവീഴ്ചയില്ലാത്ത നീക്കത്തിന്റെ ഭാഗമാണ് ഇപ്പോഴത്തെ നടപടിയെന്നും സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു.

2024-ൽ കറാച്ചി വിമാനത്താവളത്തിന് സമീപമുണ്ടായ സ്ഫോടനങ്ങളും ഇക്കൊല്ലം ജാഫർ എക്സ്പ്രസ് ഹൈജാക്ക് ചെയ്യാൻ നടത്തിയ ശ്രമത്തിന്റെ പിന്നിലും ഈ സംഘടനയാണെന്നാണു യുഎസിന്റെ കണ്ടെത്തൽ.






# ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക അന്താരാഷ്ട്ര മാധ്യമ സമ്മേളനം ഫിലാഡൽഫിയ ചാപ്റ്റർ കിക്കോഫ് നടത്തി

**സുമോദ് തോമസ് നെല്ലിക്കാല**

ഫിലാഡൽഫിയ: ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ന്യൂജേഴ്സിയിൽ നടക്കുന്ന അന്താരാഷ്ട്ര മാധ്യമ കോൺഫറൻസിനു മുന്നോടിയായി ഫിലാഡൽഫിയ ചാപ്റ്റർ സംഘടിപ്പിച്ച കിക്കോഫ് സമ്മേളനം മയൂര റെസ്റ്റോറന്റിൽ വെച്ച് നടന്നു. ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡണ്ട് അരുൺ കോവാട്ട് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നാഷണൽ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, നാഷണൽ ജനറൽ സെക്രട്ടറി ഷിജോ പൗലോസ്, നിയുക്ത പ്രസിഡണ്ട് രാജു പള്ളത്ത്, കൂടാതെ ഫിലാഡൽഫിയയിലെ പ്രസ്ക്ലബ് അംഗങ്ങളും സാംസ്കാരിക, സാമൂഹിക നേതാക്കളും ചടങ്ങിൽ പങ്കെടുത്തു. ചാപ്റ്റർ സെക്രട്ടറി സുമോദ് നെല്ലിക്കാല യോഗനടപടികൾ നിയന്ത്രിച്ചു. ട്രഷറർ വിൻസന്റ് ഇമ്മാനുവേൽ, ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക അന്താരാഷ്ട്ര മാധ്യമ കോൺഫറൻസിനു ഫിലാഡൽഫിയ ചാപ്റ്ററിന്റെ എല്ലാവിധ സഹകരണങ്ങളും അറിയിക്കുകയുണ്ടായി.

ഈ കോൺഫറൻസിലേക്ക് ഫിലാഡൽഫിയയിലെ മാധ്യമസ്നേഹികളായ എല്ലാവരെയും ക്ഷണിക്കുന്നതായി നാഷണൽ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ പറഞ്ഞു. തികച്ചും വ്യത്യസ്തമായി വരുന്നവർക്കെല്ലാം തന്നെ ഈ കോൺഫറൻസിൽ പങ്കെടുക്കാനും കേരളത്തിൽ നിന്നും ഇവിടെയുമുള്ള മുതിർന്നതും പ്രശസ്തരുമായ മാധ്യമപ്രവർത്തകരോടൊപ്പം തന്നെ രാഷ്ട്രീയ രംഗത്തെ അതികായരുമായി സമയം പങ്കിടാനും അവരുമായി സംവാദത്തിലേർപ്പെടാനുമുള്ള നോർത്തമേരിക്കയിലെ ഏക വേദിയാണ് ഇന്ത്യാ പ്രസ്ക്ലബ് കോൺഫറൻസ് സമ്മേളനസ്ഥലം എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇതുവരെ ഫിലാഡൽഫിയ ഏരിയയിൽ നിന്ന് വമ്പിച്ച സഹകരണമാണ് ഉണ്ടായിട്ടുള്ളതെന്നും ഈ വർഷവും അത് പ്രതീക്ഷിക്കുന്നതായും നാഷണൽ ജനറൽ സെക്രട്ടറി ഷിജോ പൗലോസ് തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. വെറും ഒരു മണിക്കൂർ യാത്ര ചെയ്താൽ എത്താവുന്ന ന്യൂജേഴ്സിയിലെ എഡിസണിലാണ് ഇപ്രാവശ്യത്തെ സമ്മേളനം എന്നതും അദ്ദേഹം പറഞ്ഞു.




അന്താരാഷ്ട്ര മാധ്യമ കോൺഫറൻസിന് കേരളത്തിൽ നിന്നുള്ള പ്രശസ്തരായ മാധ്യമപ്രവർത്തകർ ജോണി ലൂക്കോസ്, ഹാഷ്മി താജ് ഇബ്രാഹിം, ലീൻ ജെസ്മസ്, അബ്ജോത് വർഗീസ്, സുജയ പാർവതി കൂടാതെ രാഷ്ട്രീയ രംഗത്തെ പ്രഗത്ഭരും ഒരേ വേദിയിൽ പങ്കെടുക്കുന്നതാണ്. ഇന്ത്യ പ്രസ്ക്ലബിന്റെ പ്രവർത്തനങ്ങൾ അഭംഗുരം തുടരുമെന്നും ഇപ്രാവശ്യത്തെ കോൺഫറൻസിന്റെ വിജയത്തിനായി അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നാഷണൽ ട്രഷറർ വിശാഖ് ചെറിയാൻ, വൈസ് പ്രസിഡണ്ട് അനിൽകുമാർ ആറന്മുള, ജോ. സെക്രട്ടറി ആശ മാത്യു, ജോ. ട്രഷറർ റോയ് മുളകുന്നം, കോൺഫറൻസ് ചെയർമാൻ സജി ഏബ്രഹാം കൂടാതെ അഡ്വൈസറി ബോർഡും ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് ഷോളി കുമ്പിളുവേലിയുടെ നേതൃത്വത്തിൽ ചാപ്റ്റർ ഭാരവാഹികളും പ്രവർത്തിച്ചുവരുന്നു എന്ന് നിയുക്ത പ്രസിഡണ്ട് രാജു പള്ളത്ത് അറിയിച്ചു.

സമ്മേളന മികവുകൊണ്ട് ഖ്യാതി നേടിയ പ്രസ്ക്ലബിന്റെ സമ്മേളനത്തോടനുബന്ധിച്ച് പ്രശസ്ത സിനിമ/ടിവി കലാകാരന്മാരുടെ എന്റർടൈൻമെന്റ് നൈറ്റ് ഒരുക്കിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെ എല്ലാ സംഘടനകളുടെയും വളർച്ചയ്ക്കുവേണ്ടി നിരന്തരം വാർത്തകൾ റിപ്പോർട്ട് ചെയ്യുന്ന റീജിയണൽ ലേഖകർ മുതൽ ഓൺലൈൻ ചാനലുകളും പത്രങ്ങളും ടെലിവിഷനും അമേരിക്കൻ മലയാളികളുടെ ഇടയിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ വിലയിരുത്താനാവാത്തതാണെന്നും അതിന് എല്ലാവിധ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യേണ്ടത് സമൂഹത്തിന്റെ കടമയാണെന്നും പ്രമുഖ അറ്റോർണി ജോസഫ് കുന്നേൽ തന്റെ ആശംസാപ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. അങ്ങോട്ട് ചോദിക്കാതെ തന്നെ അറ്റോർണി കുന്നേൽ സിൽവർ സ്പോൺസർ തന്റെ പിന്തുണ അറിയിച്ചു. അറ്റോർണി കുന്നേലിൽ നിന്നും സെക്രട്ടറി ഷിജോ പൗലോസ് സിൽവർ സ്പോൺസർഷിപ്പ് തുക കൈപ്പറ്റി. അതോടൊപ്പം പ്രസ്ക്ലബിന്റെ സ്വന്തം എന്നു വിശേഷിപ്പിക്കാവുന്ന ഫിലാഡൽഫിയ ചാപ്റ്റർ അംഗം സുധ കർത്തയും മുന്നോട്ടുവന്ന് സ്പോൺസർഷിപ്പ് തുക ഷിജോയ്ക്ക് കൈമാറി. ഫിലാഡൽഫിയയിലെ തന്നെ തോമസ് പോളും സംഭാവന കൈമാറി പ്രസ്ക്ലബിന്റെ പ്രവർത്തനങ്ങളെ സഹായിച്ചു.

ഫിലാഡൽഫിയയിലെ വിവിധ സാമൂഹിക സാംസ്കാരിക സംഘടനകൾക്കുവേണ്ടി ജോൺ പണിക്കർ, അഭിലാഷ് ജോൺ, സജി സെബാസ്റ്റ്യൻ, തോമസ് പോൾ സ്റ്റാൻലി ജോൺ, ജോസ് തോമസ്, കോര ചെറിയാൻ എന്നിവർ ആശംസ അർപ്പിക്കാനെത്തിയിരുന്നു.

ഫിലാഡൽഫിയയിലെ മറ്റു ചാപ്റ്റർ അംഗങ്ങളായ റോജിഷ് സാമുവൽ (വൈസ് പ്രസിഡണ്ട്), ജോർജ് ഓലിക്കൽ (ജോ. സെക്രട്ടറി), സിജിൻ തിരുവല്ല (ജോ. ട്രഷറർ), ചാപ്റ്റർ മെംബേഴ്സ് ജോബി ജോർജ്, സുധാ കർത്താ, ജോർജ് നടവയൽ, രാജു ശങ്കരത്തിൽ, ജീമോൻ ജോർജ്, ജിജി കോശി, ലിജോ ജോർജ്, ജിനോ ജേക്കബ്, സജു വർഗീസ്, എബിൻ സെബാസ്റ്റ്യൻ എന്നിവർ ചടങ്ങിലെ സജീവ സാന്നിദ്ധ്യമായിരുന്നു. കൂടുതൽ വിവരങ്ങൾക്ക്: www.indiapressclub.org സന്ദർശിക്കുക.

# ഡിട്രോയിറ്റ് കേരള ക്ലബിന്റെ 'കേരളീയം' വേറിട്ട അനുഭവമായി

**അലൻ ചെന്നിത്തല**

മിഷിഗൺ: 1975-ൽ സ്ഥാപിതമായ മിഷിഗണിലെ ആദ്യ ഇന്ത്യൻ കലാ-സാംസ്കാരിക സംഘടനയായ ഡിട്രോയിറ്റ് കേരള ക്ലബിന്റെ സുവർണ്ണ ജൂബിലി ആഘോഷം 'കേരളീയം' മിഷിഗണിലെ ഇന്ത്യൻ സമൂഹത്തിന് വേറിട്ട അനുഭവമായി മാറി. അഞ്ച് പതിറ്റാണ്ട് പിന്നിട്ട ഡിട്രോയിറ്റ് കേരള ക്ലബിന്റെ കേരളീയം എന്ന മെഗാ ഷോയിലൂടെ വർണ്ണാഭമായ പരിപാടികളാണ് അവതരിപ്പിക്കപ്പെട്ടത്. മിഷിഗണിലെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ നേതാക്കൾ പങ്കെടുത്തു. മിഷിഗണിലെ ഇന്ത്യൻ സമൂഹത്തോടൊപ്പം ഇന്ത്യാനാ, ഒഹായോ, കലാമസൂ, കാനഡ എന്നിവിടങ്ങളിൽ നിന്നുള്ളവരും ഒത്തുചേർന്നപ്പോൾ വ്യത്യസ്തമായ ഇന്ത്യൻ സംസ്കാരത്തിന്റെ ഒത്തുചേരലായി മാറി.



കേരളത്തിന്റെ കലാ-സാംസ്കാരിക പാരമ്പര്യവും വിശ്വാസാചാര മൂല്യങ്ങളും വിളിച്ചോതുന്ന നിറപ്പകിട്ടാർന്ന കലാപരിപാടികളും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള പരമ്പരാഗത നൃത്തകലാ രൂപങ്ങളും അവതരിപ്പിക്കപ്പെട്ടു. കഥകളി, കളരിപ്പയറ്റ് തുടങ്ങിയവയ്ക്കൊപ്പം കേരളത്തിന്റെ മതമൈത്രി വിളിച്ചോതുന്ന മോഹിനിയാട്ടം, ഒപ്പന, മാർഗ്ഗംകളി എന്നിവയും അരങ്ങേറി. കേരളത്തിന്റെ ചെണ്ടമേളം, മഹാരാഷ്ട്ര ഫോക്ക് ഡാൻസ്, തെലുങ്ക് ബാത്തുകാമ്മ, ധോൽ-ചെണ്ട, ഫ്യൂഷൻ, ഫ്ളാഷ്മോബ് എന്നിവ കാണികളിൽ ആവേശകരമായ ആനന്ദമാണ് സൃഷ്ടിച്ചത്. കേരളീയ സംസ്കാരത്തിന്റെയും കലയുടെയും വിശ്വാസാചാരങ്ങളുടെയും നേർക്കാഴ്ചയായിരുന്നു കേരളീയത്തിലൂടെ സൗത്ത് ഫീൽഡ് പവലിയനിലൊരുക്കിയ എക്സിബിഷൻ സെന്ററുകൾ. കേരളത്തിന്റെ പ്രകൃതിഭംഗി വിളിച്ചോതുന്ന മനോഹരമായ കട്ടൗട്ടുകൾ കൊണ്ട് അലങ്കരിച്ച എക്സിബിഷൻ സെന്ററുകൾ കേരളത്തിൽ നേരിട്ടെത്തിയ ഒരനുഭവം കാണികൾക്ക് സമ്മാനിച്ചു. പ്രശസ്ത ഗായകർ ഫ്രാങ്കോയും ലക്ഷ്മി നായരും ചേർന്ന ബാക്ക് വാട്ടേഴ്സ് ബീറ്റ്സിന്റെ ഗാനമേള, വർണ്ണാഭമായ ഫാഷൻ ഷോ, വെർച്ച്യുൽ റിയാലിറ്റി ഷോ എന്നിവയും കേരളീയത്തിന് മാറ്റുകൂട്ടി.

കേരളത്തനിമയാർന്ന ഭക്ഷണങ്ങളുടെയും വസ്ത്രങ്ങളുടെയും കരകൗശല വസ്തുക്കളുടെയും വിപുലമായ ശേഖരവുമായി നിരവധി സ്റ്റാളുകൾ പ്രവർത്തിച്ചു. പവലിയനിൽ ഒരുക്കിയ കേരള ക്ലബ് ചായക്കട ഏവർക്കും കേരളത്തിലെ ചായക്കടയുടെയും അതിലെ നാടൻ വിഭവങ്ങളുടെയും ഗൃഹാതുരത്വമാർന്ന അനുഭവമായി മാറി. മിഷിഗണിലെ ഇന്ത്യൻ സമൂഹത്തിന് എന്നും ഓർമ്മയിൽ സൂക്ഷിക്കുവാൻ നവ്യാനുഭവം സമ്മാനിച്ച ഡിട്രോയിറ്റ് കേരള ക്ലബിന്റെ കേരളീയം വൻ വിജയമായി പര്യവസാനിച്ചു.



# കെസിസിഎൻഎയുടെ പ്രഥമ ഗോൾഫ് ടൂർണമെന്റ് ചിക്കാഗോയിൽ ഓഗസ്റ്റ് 30–ന് ആരംഭിക്കും

ബൈജു ആലപ്പാട്ട്

ഡാളസ്: ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക (കെസിസിഎൻഎ) യുടെ പ്രഥമ ഗോൾഫ് ടൂർണമെന്റ് ചിക്കാഗോ കെ.സി.എസുമായി സഹകരിച്ച് ചിക്കാഗോയിൽ ഓഗസ്റ്റ് 30 മുതൽ 31 വരെ അരങ്ങേറും. കെ.സി.സി.എൻ.എ ആദ്യമായി സംഘടിപ്പിക്കുന്ന ക്നാനായ ഇൻവിറ്റേഷണൽ ഗോൾഫ് ടൂർണമെന്റിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി കെ.സി.സി.എൻ.എ ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ അറിയിച്ചു.

വടക്കെ അമേരിക്കയിലെ ക്നാനായ ജനതയുടെ അഭിമാനമായ കെ.സി.സി.എൻ.എയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ നിർണായകമായ പുതിയ തലമുറയെയും വടക്കെ അമേരിക്കയിലെ മുഴുവൻ ക്നാനായ സമൂഹത്തെയും ഉൾപ്പെടുത്തുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന പുതിയതും ആവേശകരവുമായ ഒരു സംരംഭമാണിത്.

ജയ്സ് തണ്ടച്ചേരിൽ, ജോയ്സിമോൻ പുത്തൻപുരയിൽ, ജോബി തേക്കുനിൽക്കുന്നതിൽ, നിതിൻ കുന്നുംപുറത്ത് എന്നിവരാണ് ടൂർണമെന്റ് ഏകോപിപ്പിക്കുന്നത്.

കെ.സി.എസ്. ചിക്കാഗോ എക്സിക്യൂട്ടീവുകൾക്കൊപ്പം കെ.സി.സി.എൻ.എ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ, ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ, മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ ടൂർണമെന്റ് കമ്മിറ്റിയോടൊപ്പം ചേർന്ന് ടൂർണമെന്റിന്റെ വിജയത്തിനായി പ്രയത്നിക്കുന്നു. കെ.സി.സി.എൻ.എ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ ടൂർണമെന്റിനെ പിന്തുണയ്ക്കുന്നതിനും പങ്കെടുക്കുന്നവരുമായി ഇടപഴകുന്നതിനുമായി ചിക്കാഗോയിൽ എത്തിച്ചേരും.

ജോസ് ആനമല, മാറ്റ് വിലങ്ങാട്ടുശ്ശേരിൽ, ഷാജി പള്ളിവീട്ടിൽ, ടീന നെടുവാമ്പുഴ, ക്രിസ് കട്ടപ്പുറം എന്നിവരടങ്ങുന്ന കെ.സി.എസ് ചിക്കാഗോ നേതൃത്വം അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽനിന്നും ടൂർണമെന്റിനായി ചിക്കാഗോയിലേക്ക് യാത്ര ചെയ്യുന്ന എല്ലാ കളിക്കാരെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

നിലവിൽ ഏകദേശം 40 പേർ രജിസ്റ്റർ ചെയ്തിട്ടുള്ള രണ്ട് ദിവസത്തെ ടൂർണമെന്റിൽ ഏകദേശം 60 റൗണ്ട് ഗോൾഫ് കളിക്കുമെന്ന് കണക്കാക്കുന്നു. ടൂർണമെന്റ് ആവേശകരമായി നിലനിർത്തുന്നതിനായി സംഘാടകർ ഓരോദിവസവും വ്യത്യസ്ത മത്സര ഫോർമാറ്റുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വിജയികൾക്കും റണ്ണേഴ്സ് അപ്പുകൾക്കുമുള്ള സമ്മാനങ്ങൾ ഓരോ ദിവസവും ലോങ്ങസ്റ്റ് ഡ്രൈവ് ക്ലോസസ്റ്റ് ടു ദി പിൻ, പ്രത്യേക അവാർഡുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഈ ടൂർണമെന്റ് വെറുമൊരു കായിക പരിപാടി എന്നതിലുപരി പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലിന്റെ നേതൃത്വത്തിൽ യുവാക്കൾക്കും കുടുംബങ്ങൾക്കും ബന്ധപ്പെടാനും സൗഹൃദങ്ങൾ കെട്ടിപ്പടുക്കാനും നമ്മുടെ ക്നാനായ സമൂഹത്തിന്റെ ഭാഗമാകുന്നതിന്റെ യഥാർത്ഥ മൂല്യം വിലമതിക്കാനും അവസരങ്ങൾ സൃഷ്ടിക്കുകയെന്ന വിശാലമായ കാഴ്ചപ്പാടിന്റെ ഭാഗമാണിത്.

ഇതുപോലുള്ള പരിപാടികൾ അവതരിപ്പിക്കുന്നതിലൂടെ വടക്കെ അമേരിക്കയിലെ ക്നാനായ സമുദായം എന്ന നിലയിൽ നമ്മെ ഒന്നിപ്പിക്കുന്ന ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനൊപ്പം അംഗങ്ങളുടെ വികസിച്ചുകൊണ്ടിരിക്കുന്ന താല്പര്യങ്ങൾ നിറവേറ്റാനും കെ.സി.സി.എൻ.എ ലക്ഷ്യമിടുന്നു.

ക്നാനായ ഇൻവിറ്റേഷണൽ ഗോൾഫ് ടൂർണമെന്റ് ആസ്വാദ്യകരവും ഊർജ്ജസ്വലവുമായ ഒരു വാരാന്ത്യം വാഗ്ദാനം ചെയ്യുന്നു. ഇത് ഗോൾഫ് പ്രേമികളെ ഒരുമിച്ച് കൊണ്ടുവരുക മാത്രമല്ല, തീർച്ചയായും ക്നാനായ സമൂഹത്തെ പുതിയതും അർത്ഥവത്തായതുമായ രീതിയിൽ ബന്ധിപ്പിക്കാനുള്ള കെ.സി.സി.എൻ.എയുടെ ദൗത്യത്തിലെ ഒരു നാഴികക്കല്ലാകും.




# സാൻഫ്രാൻസിസ്കോ സെ. മേരീസ് പള്ളിയിൽ പരി. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ ആഘോഷിച്ചു

വർഗീസ് പാലമലയിൽ

സാൻഫ്രാൻസിസ്കോ: വിശുദ്ധ കന്യക മറിയാമിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന സാൻഫ്രാൻസിസ്കോ സെന്റ് മേരീസ് പള്ളിയിൽ ആണ്ടുതോറും നടത്തിവരാറുള്ള പരിശുദ്ധ കന്യകാമറിയാമിന്റെ വാങ്ങിപ്പ് പെരുന്നാൾ ആഗസ്റ്റ് മാസം 16, 17 (ശനി, ഞായർ) തീയതികളിൽ പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു. ഈ വർഷത്തെ പെരുന്നാളിന്റെ കൊടിയേറ്റ് ആഗസ്റ്റ്മാസം 10–ാം



തീയതി ഞായറാഴ്ച വിശുദ്ധ കുർബാനാനന്തരം വികാരി റവ. ഫാ. തോമസ് കോര നിർവ്വഹിച്ചു. മരിച്ച് ഗത്സമൻ തോട്ടത്തിൽ അടക്കം ചെയ്യപ്പെട്ട കന്യക മറിയാമിന്റെ ശരീരം അവളുടെ പുത്രന്റെ കല്പന പ്രകാരം മൂന്നാം ദിവസം മാലാഖമാരാൽ ഉയരത്തിലേക്ക് എടുക്കപ്പെട്ടു. ഇതിന്റെ ഓർമ്മപ്പെരുന്നാൾ എല്ലാ വർഷവും ആഗസ്റ്റ് 15–ന് എല്ലാ പള്ളികളിലും ആഘോഷിച്ചു വരുന്നു.

സാൻഫ്രാൻസിസ്കോ പള്ളിയിൽ വെച്ച് നടന്ന ഈ പെരുന്നാളിലേക്ക് വികാരി റവ. ഫാ. തോമസ് കോര, വൈസ് പ്രസിഡണ്ട് ജോയി ഫിലിപ്പ്, സെക്രട്ടറി റോഷൻ ഫിലിപ്പ്, ട്രസ്റ്റി ആൻഡ്രൂ വർഗീസ്, കമ്മിറ്റി അംഗങ്ങളായ സൗമ്യ സാമുവൽ, ബിജോയി വർഗീസ്, ജേക്കബ് ആൻഡ്രൂസ് എന്നിവർ എല്ലാ ഭക്ത വിശ്വാസികളേയും ഈ പെരുന്നാളിലേക്ക് ഹൃദയംഗമായി സ്വാഗതം ചെയ്തു.

# ഡാളസ് സെന്റ് മേരീസ് പള്ളിയിൽ പരി. കന്യകാ മറിയാമിന്റെ ശൂനോയോ പെരുന്നാൾ ആഘോഷിച്ചു

വർഗീസ് പാലമലയിൽ

ഡാളസ്: പരിശുദ്ധ കന്യകാമറിയാമിന്റെ നാമത്തിൽ സ്ഥാപിതമായ കരോൾട്ടൻ സെന്റ് മേരീസ് മലങ്കര യാക്കോബായ സുറിയാനി പള്ളിയിലെ പ്രധാന തിരുനാളായ പരിശുദ്ധ കന്യകാമറിയാമിന്റെ ശൂനോയോ പെരുന്നാൾ ആഗസ്റ്റ് 16, 17 (ശനി, ഞായർ) തീയതികളിൽ പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചു. ആഗസ്റ്റ് 10–ാം തീയതി വിശുദ്ധ കുർബാനാനന്തരം പെരുന്നാളിന്റെ കൊടികയറി. വികാരി റവ.ഫാ. പോൾ തോട്ടക്കാട്ടാണ് കൊടിയേറ്റ് കർമ്മം നിർവഹിച്ചത്. മരിച്ച് ഗത്സമൻ തോട്ടത്തിൽ അടക്കം ചെയ്യപ്പെട്ട കന്യകാ മറിയാമിന്റെ ശരീരം മൂന്നാംദിവസം മാലാഖമാരാൽ ഉയരത്തിലേക്ക് എടുക്കപ്പെട്ടതിന്റെ ഓർമ്മയായി എല്ലാ വർഷവും ആഗസ്റ്റ് മാസം 15–ാം തീയതി വാങ്ങിപ്പ് പെരുന്നാൾ കൊണ്ടാടുന്നു.

ഈ വർഷത്തെ പെരുന്നാളിന്റെ പ്രധാന അതിഥി മൂവാറ്റുപുഴ–അങ്കമാലി മേഖലകളുടെ ചുമതലയുള്ള മെത്രാപ്പോലീത്ത അഭിവന്ദ്യ മോർ അന്തീമോസ് മാത്യൂസ് തിരുമേനിയായിരുന്നു. 16–ാം തീയതി ശനിയാഴ്ച സന്ധ്യാപ്രാർത്ഥനാനന്തരം അഭിവന്ദ്യ തിരുമേനിയുടെ വചനശുശ്രൂഷ നടത്തപ്പെട്ടു.

17–ാം തീയതി രാവിലെ പ്രഭാതപ്രാർത്ഥനാനന്തരം അഭിവന്ദ്യ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബാന നടത്തി. കുർബാനയോടനുബന്ധിച്ച് കന്യകാമറിയാമിന്റെ നാമത്തിൽ മദ്ധ്യസ്ഥപ്രാർത്ഥനയും ഉണ്ടായിരിക്കുന്നു. വിശുദ്ധ കുർബാനാനന്തരം വാദ്യമേളങ്ങളോടെ പള്ളിക്കുചുറ്റും പ്രത്യേക പ്രദക്ഷിണവും നടത്തി. അതിനുശേഷം നടത്തിയ സ്നേഹവിരുന്നോടെ ഈ വർഷത്തെ പെരുന്നാൾ സമാപിച്ചു.




ഇടവക ഒന്നടങ്കം ചേർന്ന് നടത്തിയ ഈ പെരുന്നാളിലേക്ക് നേർച്ചകാഴ്ചകളോടെ വന്ന് സംബന്ധിച്ച എല്ലാവർക്കും വികാരി റവ.ഫാ. പോൾ തോട്ടക്കാട്ട് കർത്തൃനാമത്തിൽ നന്ദി പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക്: വൈസ് പ്രസിഡണ്ട് സാജുമോൻ മത്തായി 972 603 8585, സെക്രട്ടറി ലിജോ ജോർജ് 214 793 6746, ട്രഷറർ ബിനു ഇട്ടി 201 993 9383.

# എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് 24–ന് ന്യൂയോർക്കിൽ

# എംഎൽഎമാരായ മാണി സി. കാപ്പൻ, മോൻസ് ജോസഫ് എന്നിവർ മുഖ്യാതിഥികൾ

**ഷോളി കുമ്പിളുവേലി**

ന്യൂയോർക്ക്: പതിനെട്ടാമത് എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് ആഗസ്റ്റ് 24-ന് ഞായറാഴ്ച ന്യൂയോർക്കിലെ ബെത്പേജ് മൾട്ടി സ്പോർട്സ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് നടക്കുന്നതാണെന്ന് ആതിഥേയരായ ഫോമാ മെ



മാണി സി. കാപ്പൻ എംഎൽഎ



മോൻസ് ജോസഫ് എംഎൽഎ



ജോണി ആന്റണി

ട്രോ റീജിയൺ ഭാരവാഹികൾ ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ന്യൂയോർക്ക് ചാപ്റ്ററുമായി നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. വോളിബോൾ മുൻ ഇന്ത്യൻ ദേശീയ താരം മാണി സി. കാപ്പൻ എംഎൽഎ, മോൻസ് ജോസഫ് എംഎൽഎ, സംവിധായകനും നടനുമായ ജോണി ആന്റണി എന്നിവർ മുഖ്യാതിഥികളായി സംബന്ധിക്കും.

അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നുമായി 24 ടീമുകൾ ടൂർണമെന്റിൽ പങ്കെടുക്കും. ട്രോഫികൾ കൂടാതെ എൻ.കെ. ലൂക്കോസ് ഫൗണ്ടേഷൻ നല്കുന്ന 5000 ഡോളറിന്റെ ക്യാഷ് അവാർഡും വിജയികളാകുന്ന ടീമുകൾക്ക് ലഭിക്കുമെന്നും മെട്രോ റീജിയൺ ആർവിപി പി. മാത്യു ജോഷ്വ പറഞ്ഞു.

യുവാക്കളെ ഫോമായിലേക്കും അതുപോലെ അവരുടെ സർഗ്ഗാത്മകമായ കഴിവുകളെ ക്രിയാത്മകമായി സമൂഹ നന്മയ്ക്കായി വിനിയോഗിക്കുന്നതിന്റെയും ഭാഗമായാണ് ഫോമാ ഈ വോളിബോൾ ടൂർണമെന്റിന് ആതിഥേയത്വം വഹിക്കുന്നതെന്നും അദ്ദേഹം വിശദീകരിച്ചു. മൾട്ടി സ്പോർട്സ് ഇൻഡോർ സ്റ്റേഡിയത്തിലെ അഞ്ചു കോർട്ടുകളിലായി കളികൾ നടക്കുമെന്നും ഓപ്പൺ പൂളിൽ പന്ത്രണ്ട് ടീമുകളും 18 വയസിൽ താഴെയുള്ളവരുടെ ആറ് ടീമുകളും അതുപോലെ നാല്പതു വയസിനു മുകളിൽ പ്രായമുള്ളവരുടെ ആറ് ടീമുകളും മത്സരത്തിൽ മാറ്റുരയ്ക്കുമെന്നും ടൂർണമെന്റ് കോ-ഓർഡിനേറ്റർ ബിഞ്ചു ജോൺ പറഞ്ഞു.

കളികൾ രാവിലെ എട്ടു മണിക്ക് ആരംഭിക്കും. പ്രഫഷണൽ റഫറിമാരായിരിക്കും കളികൾ നിയന്ത്രിക്കുക. ട്രോഫികളും ക്യാഷ് അവാർഡും അന്നേദിവസം വൈകുന്നേരം ആറ് മണിക്ക് എൽമോണ്ടിലുള്ള സെയിന്റ് വിൻസെന്റ് ഡി പോൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന ബാങ്ക്വറ്റിൽ വെച്ച് എംഎൽഎമാർ വിതരണം ചെയ്യുന്നതാണെന്ന് റീജിയണൽ സെക്രട്ടറി മാത്യു ജോഷ്വ (ബോബി) അറിയിച്ചു.

2026 ഓഗസ്റ്റിൽ ഹൂസ്റ്റണിൽ വെച്ച് നടക്കുന്ന 9-ാമത് ഫോമാ ഇന്റർനാഷണൽ കൺവൻഷന്റെ കിക്കോഫും ഈ ചടങ്ങിൽ വെച്ച് നടത്തുന്നതാണെന്ന് ഫോമാ നാഷണൽ ജോയിന്റ് സെക്രട്ടറി പോൾ ജോസ് പറഞ്ഞു. എംഎൽഎമാരായ മാണി സി. കാപ്പൻ, മോൻസ് ജോസഫ്, കൂടാതെ സംവിധായകനും നടനുമായ ജോണി ആന്റണി എന്നിവരും ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ തുടങ്ങിയവരും സംബന്ധിക്കും.

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വോളിബോൾ ടീം അംഗമായിരുന്ന തൊടുപുഴ കരിങ്കുന്നം സ്വദേശി നടുപ്പറമ്പിൽ എൻ.കെ. ലൂക്കോസ് 1980-ൽ ആണ് അമേരിക്കയിൽ എത്തുന്നത്.

അമേരിക്കയിൽ എത്തിയിട്ടും ചെറുപ്പം മുതലുള്ള വോളിബോൾ പ്രേമം കൈവിട്ടു പോയില്ല. അദ്ദേഹവും സുഹൃത്തുക്കളും ചേർന്ന് 1987-ൽ കേരള സ്പൈക്കേഴ്സ് എന്ന പേരിൽ ഒരു വോളിബോൾ ടീം ന്യൂയോർക്കിൽ രൂപീകരിച്ചു. സ്പോർട്സ് കൂടാതെ വിവിധ സാമൂഹിക, സാംസ്കാരിക രംഗങ്ങളിലും എൻ.കെ. ലൂക്കോസ് സജീവമായിരുന്നു.

എന്നാൽ, 2003-ൽ ന്യൂയോർക്കിലുണ്ടായ ഒരു വാഹനാപകടത്തിൽ അദ്ദേഹം അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞു. അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനു വേണ്ടി കുടുംബവും സുഹൃത്തുക്കളും ചേർന്നു രൂപീകരിച്ച എൻ.കെ. ലൂക്കോസ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ വോളിബോൾ കളിയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കഴിഞ്ഞ 18 വർഷമായി അമേരിക്കയിലും കേരളത്തിലും വോളിബോൾ ടൂർണമെന്റുകൾ നടത്തിവരുന്നു.

ഇക്കൊല്ലം 5000 ഡോളറാണ് എൻ.കെ. ലൂക്കോസ് ഫൗണ്ടേഷൻ വിജയികൾക്ക് സമ്മാനമായി നല്കുന്നതെന്ന് എൻ.കെ. ലൂക്കോസിന്റെ മകളും ഫൗണ്ടേഷൻ ട്രസ്റ്റിയുമായ സെറിൻ ലൂക്കോസ് പറഞ്ഞു.

ന്യൂയോർക്ക് കേരളാ സെന്ററിൽ നടന്ന വാർത്താ സമ്മേളനത്തിൽ ഫോമാ മെട്രോ റീജിയനെ പ്രതിനിധീകരിച്ച് ആർവിപി മാത്യു ജോഷ്വാ, ഫോമാ നാഷണൽ ജോ. സെക്രട്ടറി പോൾ ജോസ്, ടൂർണമെന്റ് കോ-ഓർഡിനേറ്ററും റീജിയണൽ ട്രഷററുമായ ബിഞ്ചു ജോൺ, റീജിയണൽ സെക്രട്ടറി മാത്യു ജോഷ്വാ (ബോബി), ഫോമാ മുൻ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ്, നാഷണൽ കമ്മിറ്റി അംഗങ്ങളായ ജോസ് വർഗീസ്, ഏബ്രഹാം ഫിലിപ്പ്, സുവനീർ കമ്മിറ്റി ചെയർമാൻ മാത്തുക്കുട്ടി ഈശോ, എൻ.കെ. ലൂക്കോസിന്റെ ഭാര്യ ഉഷ ലൂക്കോസ്, മകളും ഫൗണ്ടേഷൻ ട്രസ്റ്റിയുമായ സെറിൻ ലൂക്കോസ് എന്നിവർ പങ്കെടുത്തു.

ഇന്ത്യാ പ്രസ്ക്ലബ് ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് ഷോളി കുമ്പിളുവേലി സ്വാഗതം പറഞ്ഞു.

പ്രസ്ക്ലബിനെ പ്രതിനിധീകരിച്ച് നാഷണൽ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, മുൻ പ്രസിഡണ്ട് താജ് മാത്യു, ഐപിസിഎൻഎ കൺവൻഷൻ ചെയർമാൻ സജി ഏബ്രഹാം, ചാപ്റ്റർ ട്രഷറർ ബിനു തോമസ്, ട്രഷറർ ജേക്കബ് മാനുവേൽ തുടങ്ങിയവരും പങ്കെടുത്തു.

കൂടാതെ ഫോമാ നേതാക്കളായ തോമസ് കോശി, ലാലി കളപ്പുരക്കൽ, തോമസ് ഉമ്മൻ, ബിജു ചാക്കോ, ജെയിംസ് മാത്യു, ബേബിക്കുട്ടി തോമസ്, അലക്സ് എസ്തപ്പാൻ, ഷാജി വർഗീസ്, ജോസി സ്കറിയ, ജെസ്വിൻ സാമുവേൽ, അലക്സ് സിബി എന്നിവരും സംബന്ധിച്ചു.

മെട്രോ റീജിയന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഈ ടൂർണമെന്റിനെ സാമ്പത്തികമായി സഹായിച്ച എല്ലാ സ്പോൺസേഴ്സിനോടുമുള്ള ആത്മാർത്ഥമായ നന്ദി അറിയിക്കുന്നതായി ഭാരവാഹികൾ പറഞ്ഞു.




## കേരള സമാജം ഓഫ് ന്യൂജേഴ്സി രക്തദാനം സംഘടിപ്പിച്ചു




**ജിനേഷ് തമ്പി**

ന്യൂജേഴ്സി: കേരള സമാജം ഓഫ് ന്യൂജേഴ്സിയും (KSNJ) വൈറ്റാലന്റ് ഗ്രൂപ്പും (vitalant.-org) സംയുക്തമായി ബെർഗെൻ ഫീൽഡിൽ രക്തദാനം സംഘടിപ്പിച്ചു.

28 പേർ പങ്കെടുത്ത ഈ രക്തദാന പരിപാടിക്ക് കേരള സമാജം ഓഫ് ന്യൂജേഴ്സി ഭാരവാഹികളായ റ്റോമി തേമസ്, സെബാസ്റ്റ്യൻ ചെറുമഠത്തിൽ, ബോബി തോമസ്, ബിനു ജോസഫ് പുളിക്കൽ, സിറിയക് കുര്യൻ എന്നിവർ നേതൃത്വം കൊടുത്തു.

# ചിക്കാഗോ സോഷ്യൽ ക്ലബിന്റെ അന്താരാഷ്ട്ര വടംവലി മത്സരം: ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**ജോസ് കണിയാലി**

ചിക്കാഗോ: ആഗോള മലയാളി സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിയ ചിക്കാഗോ സോഷ്യൽ ക്ലബ് നേതൃത്വം നല്കുന്ന 11-ാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക് പുരോഗമിക്കുന്നു. സോഷ്യൽ ക്ലബ് ഹാളിൽ പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മുൻ പ്രസിഡണ്ടുമാരുടെ യോഗം നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി.



2013-ൽ സ്ഥാപിതമായ ചിക്കാഗോ സോഷ്യൽ ക്ലബിന്റെ പ്രഥമ പ്രസിഡണ്ട് സൈമൺ ചക്കാലപ്പടവിലാണ്. പിന്നീട് സാജു കണ്ണമ്പള്ളി, അലക്സ് പടിഞ്ഞാറേൽ, പീറ്റർ കുളങ്ങര, ബിനു കൈതക്കതൊട്ടിയിൽ, സിബി കദളിമറ്റം എന്നിവർ വിവിധ കാലയളവുകളിൽ സോഷ്യൽ ക്ലബിന് സമർത്ഥമായ നേതൃത്വം നല്കി. മുൻകാലങ്ങളിൽ അന്താരാഷ്ട്ര വടംവലി മത്സരങ്ങൾക്ക് നേതൃത്വം നല്കിയിട്ടുള്ള മുൻ പ്രസിഡണ്ടുമാർ അവരുടെ അനുഭവങ്ങളും നിർദ്ദേശങ്ങളും നിലവിലുള്ള സോഷ്യൽ ക്ലബ് ഭാരവാഹികളായ പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയ് കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത്ത് എന്നിവരുമായി പങ്കുവെച്ചു.

മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരുദിവസം തന്നെ മൂന്നു പ്രോഗ്രാമുകളാണ് ഈ വർഷം നടത്തപ്പെടുക. പുതിയ സ്ഥലത്താണ് ഈ വർഷം മത്സരം നടക്കുന്നത്. ആഗസ്റ്റ് 31-ന് ഞായറാഴ്ച രാവിലെ 9 മണി മുതൽ മത്സരം ആരംഭിച്ച് 5 മണിയോടുകൂടി മത്സരം അവസാനിപ്പിക്കാനാണ് തീരുമാനം. മത്സരത്തിന്റെ സമയം കൃത്യമായി പാലിക്കപ്പെടും. 5 മണി മുതൽ രാത്രി 10 മണി വരെ വൈവിധ്യമാർന്ന ഇന്ത്യൻ ഭക്ഷണവിഭവങ്ങൾ ആസ്വദിക്കാനുള്ള 'ഇന്ത്യ ഫുഡ് ടേസ്റ്റ്' നടത്തപ്പെടും. 7 മണി മുതൽ 10 മണി വരെയാണ് അഫ്സലിന്റെ നേതൃത്വത്തിലുള്ള കലാസന്ധ്യ.

ജോസ് മണക്കാട്ട് ചെയർമാനായുള്ള കമ്മിറ്റി ഈ രണ്ട് പ്രോഗ്രാമുകൾക്കും നേതൃത്വം നല്കും. മുൻ പ്രസിഡണ്ടുമാരുടെ യോഗത്തിന്റെ അടിസ്ഥാനത്തിൽ നിരവധി പുത്തൻ ആശയങ്ങൾക്ക് രൂപം നല്കിയതായി പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ പറഞ്ഞു.




# മാഗിന്റെ ചിരകാല സ്വപ്നം സാഫല്യമായി; കേരള ഹൗസിന് 1.5 ഏക്കർ പുതിയ ഭൂമി

ഹൂസ്റ്റൺ: വടക്കെ അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനയായ മാഗിന്റെ (മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹൂസ്റ്റൺ) ചരിത്രത്തിൽ മറ്റൊരു പൊൻതൂവൽ കൂടി പതിഞ്ഞു. സ്റ്റാഫോർഡ് സിറ്റിയിലെ കേരള ഹൗസിനോട് ചേർന്ന് 1.5 ഏക്കർ സ്ഥലവുംകൂടി സ്വന്തമാക്കി, സംഘടനയുടെ ഭാവി വികസന പദ്ധതികൾക്ക് പുതിയ തുടക്കം നല്കി.

ഓഗസ്റ്റ് 11-ന് ഉച്ചയ്ക്ക് 1.30-ന് കേരള ഹൗസിൽ നടന്ന കരാർ ഒപ്പിടൽ ചടങ്ങിൽ പ്രസിഡണ്ട് ജോസ് കെ. ജോൺ, സെക്രട്ടറി രാജേഷ് എസ്. വർഗീസ്, ട്രഷറർ സുജിത് ചാക്കോ, ബിൽഡിങ് കമ്മിറ്റി ചെയർമാൻ ശശിധരൻ നായർ, ട്രസ്റ്റി ബോർഡ് ചെയർമാൻ ജിമ്മി കുന്നശ്ശേരി എന്നിവർ ഒപ്പുവെച്ചു. മുൻ ട്രസ്റ്റി ബോർഡ് ചെയർമാൻ ജെയിംസ് ജോസഫ്, ട്രസ്റ്റി ബോർഡ് അംഗം എസ്.കെ. ചെറിയാൻ, വൈസ് പ്രസിഡണ്ട് മാത്യൂസ് ചാണ്ടപ്പിള്ള എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

പുതുതായി സ്വന്തമാക്കിയ ഭൂമി മൂർ റോഡിലേക്ക് നേരിട്ടുള്ള പ്രവേശനവും ഉറപ്പു നല്കുന്നു. ഏകദേശം 3.5 ഏക്കർ വിസ്തീർണമുള്ള സ്ഥലത്ത് ഭാവിയിൽ കൂടുതൽ സൗകര്യങ്ങളോടു കൂടിയ പുതിയ ആസ്ഥാനം പണിയുകയെന്നതാണ് സംഘടനയുടെ അടുത്ത ലക്ഷ്യം.

നിലവിലുള്ള 2500 സ്ക്വയർ ഫീറ്റ് വിസ്തീർണമുള്ള കെട്ടിടത്തിൽ പ്രധാന ഹാൾ, ഓഫീസ് മുറി, സ്റ്റോർ, അടുക്കള, ശൗചാലയങ്ങൾ എന്നിവയും 1000 സ്ക്വയർ ഫീറ്റ് വിസ്തീർണമുള്ള റിക്രിയേഷൻ സെന്ററിൽ ബാഡ്മിന്റൺ കോർട്ടും പിറകുവശത്ത് ക്രിക്കറ്റ് പ്രാക്ടീസ് നെറ്റും നിലവിൽ പ്രവർത്തിക്കുന്നു. മിതമായ നിരക്കിൽ സമൂഹത്തിനു ലഭ്യമാകുന്ന ഹാളിൽ ബുധനാഴ്ചകളിൽ നൂറോളം സീനിയർ അംഗങ്ങൾ ഒത്തുകൂടി വിനോദങ്ങളും സൗഹൃദ സംഗമങ്ങളും നടത്തുന്നു. ദിവസവും വൈകുന്നേരം 5 മണിക്കു ശേഷം പൊതുപ്രവർത്തനങ്ങൾക്കായി വാതിലുകൾ തുറക്കപ്പെടുന്നു.

1987-ൽ ഏതാനും സുമനസ്സുകളുടെ നേതൃത്വത്തിൽ ആരംഭിച്ച മാഗ് 38 വർഷമായി ഹൂസ്റ്റൺ മലയാളി സമൂഹത്തിന്റെ സാംസ്കാരിക, സാമൂഹിക കേന്ദ്രമായി നിലകൊള്ളുന്നു. മുൻ ഭരണസമിതികളുടെ ദീർഘദർശനവും പരിശ്രമവുമാണ് ഇന്നത്തെ നേട്ടത്തിന് അടിസ്ഥാനം. കേരള ഹൗസിന്റെ വികസനം ഏകദേശം 10,000 മലയാളികൾക്ക് നേരിട്ടും പരോക്ഷമായും പ്രയോജനപ്പെടുമെന്ന് ഭാരവാഹികൾ വ്യക്തമാക്കി.

ഭാവി പദ്ധതികൾക്കായി പുറത്തിറക്കിയിട്ടുള്ള റാഫിൾ കൂപ്പണുകൾക്ക് എല്ലാവരുടെയും അകമഴിഞ്ഞുള്ള സഹകരണവും പിന്തുണയും ഉണ്ടാകണമെന്ന് ഭാരവാഹികൾ അഭ്യർത്ഥിച്ചു. കൂടാതെ ഒറ്റത്തവണ സംഭാവന മുഖേന പേട്രൺ, ലൈഫ്ടൈം അംഗത്വങ്ങളും

**ജിനു കുര്യൻ പാമ്പാടി**

ലഭ്യമാണ്. ഭാരവാഹികളിലൂടെ അല്ലെങ്കിൽ വെബ്സൈറ്റ് വഴിയും അംഗത്വം നേടാം. ശശിധരൻ നായരുടെ നേതൃത്വത്തിൽ ഏബ്രഹാം കെ. ഈപ്പൻ, ജോജി ജോസഫ്, വിനോദ് വാസുദേവൻ, മാർട്ടിൻ ജോൺ, ജോൺ ഡബ്ല്യു. വർഗീസ്, ആൻഡ്രൂസ് ജേക്കബ്, ജോയ് സാമുവൽ, എസ്.കെ. ചെറിയാൻ എന്നിവർ ഉൾപ്പെടുന്ന ഏകദേശം 40 അംഗങ്ങളുള്ള ബിൽഡിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നു. ഫെസിലിറ്റി മാനേജർ മോൻസി കുര്യാക്കോസിന്റെ സേവനം കേന്ദ്രത്തിന്റെ സുഗമമായ നടത്തിപ്പിന് വലിയ പിന്തുണയാണ്. ഹാൾ ബുക്കിംഗിന് മോൻസി കുര്യാക്കോസ്: 346 481 3795.





**വാർത്തയും ചിത്രങ്ങളും:**
**ജിനു കുര്യൻ പാമ്പാടി**

Oversease Resident Malayalees Association Inc, Philadelphia, USA

International ORMA Talent Promotion Forum

# Moments from ORMA International Speech Competition Finale

2025 Season 3

ORMA International Speech Competition

August 8 & 9

Pala, Kerala




Inauguration by P. Vijayan IPS, ADGP of Intelligence, Kerala



P. Vijayan IPS, ADGP



Jose K. Mani, MP



Mani C. Kappan, MLA



Bhadran Mattel
(Film Director)



Sajimon Antony
(Fokana President)



Saji Sebastian
(President, ORMA International)



Jose Thomas
(Chairman Talent Promotion Forum)



Senior Eng & Mal Finale Participants with Guests and ORMA Officials



Junior Eng & Mal Finale Participants with Guests and ORMA Officials








International ORMA Talent Promotion Forum
Moments from ORMA International Speech Competition Finale
Speech Competition season 3
August 9, 2025
Senior, Junior - Eng & Mal Finale Winners of Season 3 with ORMA Officials
Star Participants of Round 2 Season 3
Packed Audience - Parents, Teachers, Friends and Well wishers
Grand Finale
ORMA Leaders and Guests were Honored

കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

# ഏത്തപ്പഴക്കൊട്ട

ലേഖനം



മിനി വിശ്വനാഥൻ

**അ**പ്രതീക്ഷിത സമയങ്ങളിൽ ഞങ്ങളുടെ വീട്ടിൽ വിരുന്നു വരുന്ന അതിഥിയായിരുന്നു ദച്ചൂട്ടി വല്യമ്മ. വീട്ടിൽ ഉണ്ടാക്കിയ കിണ്ണത്തപ്പവും, നേന്ത്രക്കുലയും ഉരലിൽ പൊടിച്ച് വറുത്ത പുന്നെല്ലിന്റെ പുട്ടുപൊടിയുമടങ്ങുന്ന കുട്ടയും തലയിലേറ്റി വല്യമ്മയും ഒരു കൂട്ടുകാരിയും കൂടെയാണ് വെയില് താഴാറാവുമ്പോൾ പടിഞ്ഞാറേ മുറ്റം കടന്ന് വരിക. സന്ധ്യാസമയമായിട്ടും മുറ്റത്തെ പൊടി മണ്ണിൽ കളിക്കുന്ന ഞങ്ങളെ നോക്കി ശാസിച്ചുകൊണ്ട് കൂട്ടുകാരിയുടെ തലയിലെ കുട്ട ഉമ്മറത്തെ ഇരുത്തിയിൽ താഴ്ത്തി വെക്കും.

'ഇതെല്ലം എന്തിനേനും ദച്ചൂട്ടീ' എന്നൊരു ഉപചാരം പറഞ്ഞിട്ട് സന്തോഷത്തോടെ 'ജാനൂ ഇതാരാ വന്നിനീന്ന് നോക്ക്യേ' എന്ന് അകത്തേക്ക് നോക്കി അച്ഛമ്മ ഉറക്കെ വിളിക്കും. ഞങ്ങളാണെങ്കിൽ പലഹാരക്കൊട്ടക്ക് മുന്നിൽ മണം പിടിച്ച് കൊതിയോടെ നോക്കി നിൽക്കും. വല്യമ്മ കൊണ്ടുവരുന്ന പലഹാരങ്ങൾക്ക് അസാദ്ധ്യ രുചിയാണ്. കിണ്ണത്തപ്പത്തിനിടയിൽ നേന്ത്രപ്പഴത്തിന്റെ മഞ്ഞനിറം തിളങ്ങിക്കാണുമ്പോൾ വലിയ ഒന്ന് നോക്കി ഞാൻ സ്വന്തമാക്കും. പച്ചക്കായകൊണ്ട് കാളനും എരിശ്ശേരിയുമുണ്ടാക്കുന്നതിനോടു എനിക്ക് ഒരിക്കലും യോജിക്കാനാവുമായിരുന്നില്ല.

നേന്ത്രപ്പഴത്തിനോടുള്ള കൊതി രക്തത്തിലലിഞ്ഞു ചേർന്നതു പോലെയായതു കൊണ്ട് നാട് വിട്ടപ്പോഴും ഞാൻ നേന്ത്രപ്പഴത്തെ കൈ വിട്ടില്ല. കൂട്ടത്തിൽ പച്ചക്കായ വിഭവങ്ങളും പരീക്ഷിച്ചു തുടങ്ങി. പുളിശ്ശേരിയും വറുത്തെരുശ്ശേരിയും ഇഷ്ടപ്പെട്ട ഒരാളെ കൂട്ടിനു കിട്ടിയപ്പോഴാണ് ദുബായിൽ ഞാൻ നേന്ത്രക്കായയും നേന്ത്രപ്പഴവും തിരഞ്ഞത്. കേരള ഐറ്റങ്ങൾ എല്ലാം കിട്ടുമെന്ന് പേര് കേട്ട സൂപ്പർ മാർക്കറ്റിലേക്ക് വിളിച്ച് നേന്ത്രപ്പഴത്തിന് ഓർഡർ ചെയ്തപ്പോൾ 'അതെന്തൂട്ട് പഴം' എന്നായി ചോദ്യം. പൂവൻ പഴമുണ്ട് പാളയൻ കോടനുണ്ട്,

ഏത്തപ്പഴമുണ്ട്, പിന്നെ ഫിലിപ്പീൻസിൽ നിന്ന് വരുന്ന പച്ചനിറവും മഞ്ഞനിറവുമുള്ള പഴങ്ങളുമുണ്ടവിടെ. പക്ഷേ, നേന്ത്രക്കായയും നേന്ത്രപ്പഴവും മാത്രമില്ല.

എന്നാലും എന്റെ നേന്ത്രപ്പഴത്തിന് മാത്രം ഈ നാട്ടിൽ ഇത്ര അയിത്തമെന്തെന്ന് കരുതി സങ്കടപ്പെട്ടിരിക്കുമ്പോൾ ഒരു ദിവസം വീടിനടുത്തുള്ള പുതുതായി



തുടങ്ങിയ മലയാളി സൂപ്പർ മാർക്കറ്റിൽ പോവാനിടയായി. 'ചേച്ചിക്ക് വേണ്ട എല്ലാ ഐറ്റംസും ഇവിടെയുണ്ട് ട്ടാ' എന്ന് പറഞ്ഞു കൊണ്ട് അവിടത്തെ മാനേജർ കേരള വിഭവങ്ങൾ പരിചയപ്പെടുത്തിത്തുടങ്ങി. മീൻ ചട്ടികളുടെ താഴത്തെ നിരയിലുള്ള പച്ചക്കറിതട്ടിലെ കറുമൂസിനെ ചൂണ്ടിക്കാട്ടി കപ്ലങ്ങ എന്ന് പരിചയപ്പെടുത്തിയപ്പോൾ ഞാൻ ഞെട്ടി. കയ്പക്ക പാവക്കയാണത്രെ! കോട്ടപ്പയർ അച്ചിങ്ങപ്പയർ എന്ന പേരിനു താഴെ വളഞ്ഞ് കിടക്കുന്നത് കണ്ടപ്പോൾ എനിക്ക് പാവം തോന്നി, കണ്ണുകൾ എതിർ വശത്തേക്ക് പായിച്ചപ്പോൾ അവിടെ മൈസൂർപ്പഴം പാളയം കോടനായി രൂപദേദപ്പെട്ടിരിക്കുന്നത് കണ്ട് അടുത്തോട്ട് പോയപ്പോഴാണ് എന്റെ നേന്ത്രപ്പഴം മഞ്ഞരാശിയിൽ നിന്ന് കറുപ്പിലേക്ക് നിറം മാറി അവിടെ തൂങ്ങിയിരിക്കുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടത്. ഞാൻ നേന്ത്രപ്പഴത്തെ പ്രേമപൂർവ്വം നോക്കുന്നത് കണ്ടാവണം 'നല്ല ഏത്തപ്പഴമാണ്, വേണോ' എന്ന ചോദ്യവുമായി സെയിൽസ് മാൻ അടുത്തു വന്നത്..

'എത്തപ്പഴമോ, ഇതോ' എന്ന ചോദ്യത്തിന് ഉറക്കെ മൂളിക്കൊണ്ട് അരക്കിലോ അയാൾ തൂക്കിയെടുത്തു. നേന്ത്രപ്പഴമെന്ന ഇതിന്റെ പേര് അവർ കേട്ടിട്ടേയില്ലത്രെ! ഏത്തക്കായയും എത്തപ്പഴവും സ്റ്റോക്ക് ഉണ്ടെന്ന് ഫോണിലൂടെ പറയുന്ന ഇയാൾ തന്നെ നേന്ത്രപ്പഴം ഇല്ലെന്ന് പറയുന്ന തോർത്തപ്പോൾ ഞാൻ തരിച്ച് പോയി !

കപ്ളങ്ങയും പാവക്കയും, ഏത്തപ്പഴവും അപ്പോഴും എന്നെ നോക്കി നിസ്സഹായരായി പുഞ്ചിരിച്ചത് ഭാഷയുടെ വൈചിത്ര്യങ്ങൾ ഓർത്തു തന്നെയാവണം...

---

കവിത



വി. കെ. ഷാഹിന

# പെണ്ണ് പൂക്കുമ്പോൾ

**പെ**ണ്ണ് പൂക്കുമ്പോൾ
മണ്ണു ചുവക്കുന്നു
മാമരം കുളിരാർന്ന്
പൂച്ചിരി വിതറുന്നു
കിഴക്കനാകാശം
കണ്ണു വിടർത്തുന്നു
കരിമഷി പടർത്തി
മുടിയഴിച്ചാടുന്നു
അകം പൊള്ളിപ്പടർന്നിട്ട്
ഓടെടാ, വീട്ടിലടച്ചിരിക്കെടാ
കാതിലിടി മുഴക്കങ്ങൾ
കനലെരി പടഹങ്ങൾ
കണ്ണു കത്തിപ്പടർന്നൊലിക്കുന്നു
പടരും തീ കെടുത്തുവാൻ
പനിനീര് തളിയെന്ന്
വടക്കൻ കാറ്റ് കണ്ണിറുക്കുന്നു
തണുക്കുന്നു , വിറയ്ക്കുന്നു
ചൂടിൽ വിയർത്തൊലിക്കുന്നു



മൂക്കു ചുവയ്ക്കും പെണ്ണ്
മണ്ണിൽ തളർന്നൊട്ടുന്നു
പൂക്കും പെണ്ണേ
കായ്ക്കും പെണ്ണേ
വെള്ളം കണ്ടാൽ നിൽക്കാത്ത
പെണ്ണേ...

---

കവിത



രജനി എസ്.



# വിരിയാൻ കഴിയാത്തവർ

**കാ**ണ്ടുതമ്മിലിഷ്ടവും തോന്നീട്ട്,
ഏറെനൽപൊരുത്തവും നോക്കീട്ട്,
നാലുപാടും നാലാൾക്കാരെക്കൂട്ടീട്ട്
കേമമോടെ നടത്തുന്നു മംഗല്യം

രണ്ടുമേനിയാലൊരുമനമാണെന്നും
എന്നുമെന്നുംപാർത്തുകൊള്ളാമെന്നും
ഒന്നിനൊന്നുംകുറവുവരുത്താതെ
ഉള്ളനാൾ വരെ
കൈവെടിയില്ലെന്നും വാക്കാൽ

ഏറെ മോദമോടെയാപുത്തൻവീട്ടിൽ
വന്നുകേറുന്നൊരൈശ്വര്യലക്ഷ്മിപോൽ
ഏറെനാളത് പിന്നിട്ടില്ലന്നേരം
മാറിപ്പോയത് വാക്കും വീട്ടുകാരും

ഒറ്റമുറീൽ രണ്ടുമനമോടെ
തമ്മിലൊന്നു മുഖംകൊടുക്കാതെയും
ബദ്ധപ്പെട്ടുകഴിഞ്ഞുപോകുന്നേരം
കേട്ടവിടെദീർഘനിശ്വാസങ്ങൾ

ഒരു തലോടൽ കൊതിക്കുന്ന തനുവും
ഒറ്റവാക്കിനാൽ മാറുന്നമനവും
ചേർത്തുനിർത്തലിൽതീരും
നിശ്വാസവുമെന്നാൽ –
വിട്ടുകൊടുക്കുവാനാർക്കും മനസ്സില്ല.

പണിക്കത്തി



രാജീവ് പണിക്കർ



# റോട്ടോമീറ്റർ

'ചേട്ടാ.. ഇനിയെന്നതാ ചെയ്യണ്ടേ?'

ആ വലിയ എഞ്ചിന്റെ മുകളിൽ നിന്നു കൊണ്ട് ഞാൻ ചോദിച്ചു..

'ങ്ഹേ?'

ഒരു ഉണ്ടംപൊരി മൊത്തമായി വായിലേക്ക് തള്ളി വെച്ച് വേണമെങ്കിൽ അലിഞ്ഞോടാ എന്ന മട്ടിൽ ഒരു കവിൾ ചായയും കൂടെ വായിലൊഴിച്ച് പതിയെ അരച്ചരച്ച് വിഴുങ്ങുന്നതിനിടെ ആ ടെക്നീഷ്യൻ ചേട്ടൻ തല പൊക്കി എന്നെ നോക്കി.

'അല്ല, ഇത് ക്ളീൻ ചെയ്തു കഴിഞ്ഞു. ഇനി എന്നാ ചെയ്യണ്ടേ?'

'നീ അത് അങ്ങോട്ട് പിടിപ്പിക്കെടാ...' ആൾ, ഇവനൊരു ശല്യമായല്ലോ എന്ന മട്ടിൽ പറഞ്ഞു.

****

കമ്പനിയിൽ വലിയ രണ്ടു ജനറേറ്ററുകൾ ആയിരുന്നു ഉണ്ടായിരുന്നത്.. ഓരോന്നും ഓരോ വലിയ ഹാളുകൾ നിറഞ്ഞു നിന്നിരുന്നു. രണ്ടു ജനറേറ്റർ എഞ്ചിനുകളുടെയും മുൻഭാഗത്തായി, എന്റെ രണ്ടിരട്ടി വലുപ്പമുള്ള, എനിക്ക് അനക്കാൻ പോലും പറ്റാത്ത രണ്ടു വലിയ പൽച്ചക്രങ്ങളും ഉണ്ടായിരുന്നു. രണ്ടു ജനറേറ്ററുകളിലും ഇന്ധനമായി പെട്രോളിയം ഉൽപ്പന്നമായ എൽ. എസ്. എച്ച്. എസ് അഥവാ ലോ സൾഫർ ഹൈ സ്റ്റോക്ക് എന്ന, ടാറു പോലത്തെ കറു കറുത്ത ഒരു സംഗതി ആയിരുന്നു ഉപയോഗിച്ചിരുന്നത്. ഈ ടാറ് എഞ്ചിനകത്തേക്ക് വളരെ ഉയർന്ന പ്രഷറിൽ കടത്തി വിടുമ്പോഴുള്ള ഫ്ളോ അളക്കാനുള്ള ഉപകരണമായ റോട്ടാ മീറ്റർ ആയിരുന്നു ഞാൻ ക്ലീൻ ചെയ്തു കൊണ്ടിരുന്നത്..

ഒരു ജോലി എന്നത് ഒരു ജാഥ ആയിട്ടാണ് കമ്പനിയിൽ പൊതുവെ അറിയപ്പെട്ടിരുന്നത്. ഒരു വർക്ക് കോൾ വന്നാൽ ഒരു മാനേജർ, ഒരു എഞ്ചിനീയർ, ഒരു സൂപ്പർവൈസർ, ഒരു ടെക്നീഷ്യൻ, ഒരു ഹെൽപ്പർ, ഒരു മസ്ദൂർ എന്നിവർ കൂടാതെ ക്രെയിൻ ഓപ്പറേറ്റ് ചെയ്യണ്ട സാഹചര്യം ആണെങ്കിൽ ഒരു റിഗ്ഗറും ആ ജോലിക്കായി പുറപ്പെടും. ഇവരുടെ കൂടെ പോകുക, പറ്റിയാൽ വല്ല പണിയും പഠിക്കുക, പട്ടിപ്പണികളിൽ നിന്ന് മുങ്ങുക എന്നീ ഉദ്ദേശങ്ങളോടെ ഞങ്ങൾ അപ്രന്റീസുകളും കൂടെപ്പോകും.

അങ്ങനെ ഒരു ജാഥ, മേൽപ്പറഞ്ഞ റോട്ടാമീറ്റർ സർവീസ് ചെയ്യാൻ പോയ സമയത്താണ് കാന്റീനിൽ നിന്ന് ചായയും ഉണ്ടംപൊരിയും വന്നത്.

****

പ്രസ്തുത റോട്ടാമീറ്റർ ചതുരത്തിലുള്ള ഒരു ബോക്സ് ആയിരുന്നു. അതിന്റെ ഇരുവശങ്ങളിലുമായി ഇരുപത് വീതം ദ്വാരങ്ങൾ. എല്ലാ ദ്വാരങ്ങളിലേക്കും പൈപ്പുകൾ വരുന്നുണ്ട്.. ഈ ദ്വാരങ്ങളാകട്ടെ ഒരു വശത്ത് വലുപ്പം കൂടുതലും മറ്റേ വശത്ത് വലുപ്പം കുറവും ആയിരുന്നു. ഓരോ ദ്വാരത്തിലും ഒരു സ്റ്റീൽ ബോൾ ഉണ്ട്. വലുപ്പം കുറഞ്ഞ ഭാഗത്ത് നിന്നും വലുപ്പം കൂടിയ ഭാഗത്തേക്ക് നേരത്തെ പറഞ്ഞ ടാർ ഫ്ളോ ചെയ്യുമ്പോൾ ഈ സ്റ്റീൽ ബോളുകൾ ഫ്ളോയ്ക്കനുസരിച്ച് ഫ്ളോട്ട് ചെയ്തു നിൽക്കും. ആ ബോളിന്റെ പൊസിഷൻ മീറ്ററിന്റെ പുറത്ത് നിന്നും മാർക്ക് ചെയ്താണ് എത്രമാത്രം വേഗത്തിലാണ് ടാർ ഫ്ളോ ചെയ്യുന്നത് എന്ന് കണ്ടുപിടിക്കുന്നത്.

പാവം മീറ്റർ കറുത്ത ഇന്ധനം നിറഞ്ഞ് കരി പിടിച്ചിരുന്നതുകൊണ്ട് റീഡിങ് കാണാൻ സാധിക്കാത്തതു കൊണ്ട്, അത് ക്ളീൻ ചെയ്യാനാണ് ഞങ്ങൾ പോയിട്ടുള്ളത്.

****

'അല്ല.. ഞാൻ പിടിപ്പിച്ചാ...' ഞാൻ പിന്നെയും ടെക്നീഷ്യന്റെ അനുവാദത്തിനായി കാത്തു.

'നീ എന്നതേലും ഒക്കെ കാണിക്ക്.' ആൾ പിന്നെയും ഉണ്ടമ്പൊരി വിഴുങ്ങലിൽ മുഴുകി..

ഞാൻ പതിയെ ആ റോട്ടാമീറ്റർ ആ വലിയ എഞ്ചിനിൽ പിടിപ്പിക്കാനാരംഭിച്ചു..

മുകളിലും താഴെയുമായി നാൽപ്പത് പൈപ്പുകളും പിടിപ്പിച്ച് കഴിഞ്ഞ്, അപ്പോഴേക്കും ആറിത്തണുത്ത എന്റെ ചായ കുടിക്കാനായി ഞാൻ എഞ്ചിന്റെ മുകളിൽ നിന്ന് താഴെ ഇറങ്ങി..

'കഴിഞ്ഞോടാ?'

'ഉം കഴിഞ്ഞു.'

'ഓണാക്കട്ടെ?'

'ഉം'

പിന്നെ ആകെ രണ്ടു ശബ്ദങ്ങളെ കേട്ടുള്ളൂ..

സ്വിച്ച് ഓണാക്കുന്നതിന്റെ ടിക് ശബ്ദവും, ഞാൻ ഫിറ്റ് ചെയ്ത റോട്ടാമീറ്റർ പൊട്ടിത്തെറിക്കുന്ന ഘോരശബ്ദവും.

കരിയിൽ കുളിച്ചു നിൽക്കുന്ന ജാഥാംഗങ്ങളിൽ ഒരാൾ കണ്ണിൽ നിന്നും വായിൽ നിന്നും കരി തുടച്ചു കളഞ്ഞ് കരിയിൽ മുങ്ങിയ ഉണ്ടംപൊരി കൈയിൽ പിടിച്ചു നിൽക്കുന്ന എന്നെ നോക്കി ചോദിച്ചു..

'നീ എങ്ങനെയാ അത് പിടിപ്പിച്ചത്?'

ഞാൻ നിഷ്കളങ്കമായി മറുപടി പറഞ്ഞു..

'ആ'

തല തിരിച്ച്, അതായത് വാവട്ടം കൂടിയ ഭാഗം താഴെ വരത്തക്ക വിധം പിടിപ്പിച്ച റോട്ടാമീറ്ററിന്റെ താഴെക്കൂടി കൊടും പ്രഷറിൽ തള്ളിക്കയറി വന്ന ടാറിനെ തടഞ്ഞു കൊണ്ട് മീറ്ററിനകത്തെ ഇരുപത് സ്റ്റീൽ ബോൾട്ടുകൾ ഒരൊറ്റ നിൽപ്പ് നിന്നു പോലും! വേറെങ്ങും പോകാനില്ലാഞ്ഞ കൊണ്ട് റോട്ടാമീറ്റർ ചെറുതായിട്ടൊന്ന് പൊട്ടിത്തെറിച്ചു പോലും!

ശമ്പളം എന്ന് പറയാൻ ഒന്നും കിട്ടുന്നില്ലായിരുന്ന കൊണ്ട് എന്റെ കൈയിൽ നിന്ന് ഒന്നും പിടിച്ചില്ല. ബാക്കിയുള്ളവരുടെ കാര്യം സത്യായിട്ടും എനിക്കോർമ്മയില്ല...

എന്തായാലും അന്നു മുതലായിരിക്കണം അപ്രന്റീസുകൾ പട്ടിപ്പണി മാത്രം ചെയ്താ മതി എന്ന അലിഖിത നിയമം ഉണ്ടായത്!

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!



# ഓർമകൾ

കവിത



ദീപാറാണി പി.എസ്.

എന്റെ വിദ്യാലയമെന്നു ഞാനോർക്കുമ്പോൾ
നിറമോലുമോർമകൾ ഓടിയെത്തും.....!
എന്നുമെൻ മനസ്സിന്റെ അകതാരിൽ നിന്നുമാ-
മധുരിക്കുമോർമകൾ ഓടിയെത്തും......!

ഇടവപ്പാതി തുടികൊട്ടിയാർക്കുമ്പോൾ,
പുത്തൻമണമോലും പുസ്തകങ്ങൾ,
പുതുമണമേകുന്ന സഞ്ചിയിൽ ഭദ്രമായ്-
പെൻസിലും പേനയും ഒപ്പം വച്ചു....!

പുത്തനുടുപ്പും അണിഞ്ഞൊരുങ്ങി...
ഇലപ്പൊതി ചോറുമെടുത്തുവച്ചു

അമ്മതന്നുമ്മയും കവിളിൽ വാങ്ങി,
അച്ഛന്റെ കൈയും പിടിച്ചുമെല്ലെ...!
പുത്തൻ കുടയും നിവർത്തിമെല്ലെ...!
വിദ്യാലയത്തിലേക്ക് യാത്രയായി....
ഇടവഴി പലവഴി താണ്ടി മെല്ലേ....
ഒരുപാടു ദൂരം നടന്നു നീങ്ങി

ഇടവിട്ടു പെയ്യുന്ന ചാറ്റൽ മഴ-
നനവിന്റെ സുഖവുമിടയ്ക്കറിഞ്ഞു.....!
പാടവരമ്പത്തെ മഷിത്തണ്ടു കൈകളിൽ,
ഭദ്രമായ് മെല്ലെ തെരുപ്പിടിച്ചും......
വിദ്യാലയത്തിന്റെ മുന്നിലേക്ക്.......
സന്തോഷത്തോടെ നടന്നു നീങ്ങി.....!

വർഷങ്ങളെത്ര കടന്നു പോയെന്നിട്ടും
സുഖമുള്ളൊരോർമയെൻ വിദ്യാലയം....!
എന്നെ ഞാനാക്കിയ പുണ്യക്ഷേത്രം......
നല്ല ഗുരുക്കൻമാർ തന്ന പാഠം,
ജീവിത വിജയത്തിൻ നാന്ദിയായി....!
സരസ്വതീ ക്ഷേത്രമേ നന്ദിമാത്രം......!

# കോട്ടയം ബ്രദേഴ്സ് കാനഡ ടിസാക്ക് അന്താരാഷ്ട്ര വടംവലി ചാമ്പ്യൻസ്

ജീമോൻ റാന്നി

ഹൂസ്റ്റൺ: ആവേശത്തിമിർപ്പിന്റെ പോർക്കളത്തിൽ കാരിരുമ്പിന്റെ കരുത്തുമായി കാലുറപ്പിച്ച് കമ്പക്കയറിൽ സിംഹഗർജനത്തോടെ ആഞ്ഞുവലിച്ച് ആയിരങ്ങളുടെ ആവേശമായി മാറിയ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ, ടെക്സസ് ഇന്റർനാഷണൽ സ്പോർട്സ്




ആൻഡ് ആർട്സ് ക്ലബിന്റെ (ടിസാക്ക്) അന്താരാഷ്ട്ര വടംവലി മത്സരത്തിൽ ചാമ്പ്യന്മാരായി. മെയ്ക്കരുത്തും മനക്കരുത്തും സ്വന്തമാക്കിയ ഗ്ലാഡിയേറ്റേഴ്സ് കാനഡ റണ്ണറപ്പായി ട്രോഫി ഉയർത്തി. കായികശേഷി പരീക്ഷിച്ച് ഗാലക്സി ഡബ്ലിൻ അയർലൻഡിന് മൂന്നാം സ്ഥാനക്കാരുടെ കപ്പെടുത്തു. ന്യൂയോർക്ക് കിങ്സാണ് നാലാം സ്ഥാനത്തെത്തിയത്.

ഓഗസ്റ്റ് 9-ന് ശനിയാഴ്ച രാവിലെ മുതൽ വൈകുന്നേരം 10 മണി വരെ ഫോർട്ബെൻഡ് കൗണ്ടി എപ്പിസെന്ററിലായിരുന്നു മല്ലന്മാർ ചേരിതിരിഞ്ഞ് ചുവടുറപ്പിച്ച് താളത്തിനൊത്ത് കയറിൽ പിടിമുറുക്കിയ വടംവലിയുടെ പെരുംപോരാട്ടം അരങ്ങേറിയത്. ഏതാണ്ട് ആറായിരത്തിലധികം കാണികൾ സാക്ഷ്യം വഹിച്ച ടിസാക്കിന്റെ ഈ നാലാം സീസൺ മത്സരം അമേരിക്കൻ മലയാളി സമൂഹത്തിൽ കായികാഭിനിവേശത്തിന്റെ വേറിട്ട ചരിത്രമെഴുതി. എരിയുന്ന കനലിൽ കാരിരുമ്പിട്ട് വെട്ടി കൊത്തുപണിയിലൂടെ കടഞ്ഞെടുത്ത ഉരുക്കുമുഷ്ഠിയും അടിപതറാത്ത പാദച്ചുവടുകളുമായി ശ്വാസമടക്കിപ്പിടിച്ചിരുന്ന കാണികൾക്ക് ആവേശത്തിന്റെ പൂരക്കാഴ്ചയാണ് കായിക കേരളത്തിന്റെ പോരാട്ടങ്ങൾക്ക് അമേരിക്കൻ മണ്ണിൽ ആസ്ഥാനമുറപ്പിച്ച് ടിസാക്ക് സമ്മാനിച്ചത്.

ചാമ്പ്യന്മാരായ കോട്ടയം ബ്രദേഴ്സ് ബ്ലൂ ടീം, മെൽവിൻ തോമസ് വാഴപ്പള്ളിൽ-എക്സൽ റിയൽറ്റി ആൻഡ് സി.ഒ. ആൻഡ് മാത്യു കല്ലിടുക്കിൽ സ്പോൺസർ ചെയ്ത 8001 ഡോളറും പ്രോംപ്റ്റ് റിയൽറ്റിയുടെ പേരിലുള്ള ട്രോഫിയും റണ്ണേഴ്സ് അപ്പായ കുളങ്ങര ഫാമിലി നേതൃത്വം നല്കിയ ഗ്ലാഡിയേറ്റേഴ്സ് കാനഡ ടീം ഫോർസൈറ്റ് കൺസ്ട്രക്ഷൻ-അനീഷ് സൈമൺ സ്പോൺസർ ചെയ്ത 6001 ഡോളറും എംഎച്ച്എസ് കൺസ്ട്രക്ഷന്റെ പേരിലുള്ള ട്രോഫിയും മൂന്നാം സ്ഥാനക്കാരായ ഗാലക്സി ഡബ്ലിൻ അയർലൻഡ് ടീം യുജിഎം പ്രിൻസ് പോൾ ആൻഡ് ഡോ. ഷിജു സക്കറിയ സ്പോൺസർ ചെയ്ത 4001 ഡോളറും അർകോള ഡന്റൽ ഡോ. നവീൻ നല്കിയ ട്രോഫിയും സ്വന്തമാക്കി. നാലാം സ്ഥാനത്തെത്തിയ ന്യൂയോർക്ക് കിങ്സ് ഷോൺ ലൂക്ക് വെട്ടിക്കൽ-താജംസ് മാർബിൾസ് ആൻഡ് ഗ്രാനൈറ്റ് സ്പോൺസർ ചെയ്ത 2001 ഡോളറും സെന്റ് മേരീസ് പെട്രോളിയത്തിന്റെ



പേരിലുള്ള ട്രോഫിയും സ്വന്തമാക്കി.






അഞ്ചുമുതൽ എട്ടുവരെ സ്ഥാനങ്ങളിലെത്തിയ ടീമുകളുടെ പേര് വിവരങ്ങൾ ഇപ്രകാരം. ബ്രായ്ക്കറ്റിൽ സ്പോൺസേഴ്സിന്റെ പേരുവിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അഞ്ചാം സ്ഥാനം-ഹൂസ്റ്റൺ ബ്രദേഴ്സ്: 1001 ഡോളർ (ബെൽ ഫോർട്ട് ലോയൽ ഇൻവെസ്റ്റ്മെന്റ്), ആറാം സ്ഥാനം -ഗരുഡൻസ് ടൊറന്റോ: 1001 ഡോളർ (സന്ദീപ് തേവർവേലിൽ-പെറി ഹോംസ്: എ ട്രഡീഷൻ ഓഫ് എക്സലൻസ്), ഏഴാം സ്ഥാനം-കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലാക്ക്: 1001 ഡോളർ (ആൻസ് ഗ്രോസറി), എട്ടാം സ്ഥാനം -ഹോക്സ് കാനഡ: 1001 ഡോളർ (സീബ്രാ പ്രോഡക്ട്സ് എൽ.എൽ.സി).

പുരുഷകേസരികൾക്കൊപ്പം മഹിളാമണികളും വിട്ടുവീഴ്ചയില്ലാതെ പോരടിച്ചപ്പോൾ ഡാളസ് ഡാർളിങ്സിന്റെ പെൺകരുത്ത് ട്രോഫിയിൽ മുത്തമിടുകയും മസാല ഹട്ട്-റിമൽ ആൻഡ് സുനിൽ സ്പോൺസർ ചെയ്ത 2501 ഡോളർ നേടിയെടുക്കുകയും ചെയ്തു. രണ്ടാം സ്ഥാനം ഹൂസ്റ്റൺ കാന്താരീസും-1501 ഡോളർ (മാസ് മ്യൂചൽ ഇൻഷുറൻസ്-ജോർജ് ജോസഫ് സി.എച്ച്.എഫ്.സി) മൂന്നാം സ്ഥാനം ഷിപ്പ്മാൻ കോവ് ടഗ് റിബൽസും-1001 ഡോളർ (ജെനുവിൻ ക്രാഫ്റ്റ്-മാത്യു ആൻഡ് അലക്സ്) കരസ്ഥമാക്കി.

ഹെവി വെയ്റ്റ് വിഭാഗത്തിൽ ഹൂസ്റ്റൺ കിങ്സ് ക്ലബ് ഒന്നാം സ്ഥാനത്തെത്തി സൈക്കിൾ അഗർബത്തീസ് സ്പോൺസർ ചെയ്ത 1501 ഡോളർ സ്വന്തമാക്കി. രണ്ടാം സ്ഥാനം-ഹൂസ്റ്റൺ സ്റ്റാലിയൻസും-1001 ഡോളർ (നെക്സിനോവ്, സൊലൂഷൻസ് ഫോർ ബിസിനസ്), മൂന്നാം സ്ഥാനം ഹൂസ്റ്റൺ റോയൽസും-501 ഡോളർ (ലിജോ ലൂക്കോസ്) നേടി.

കൊടുങ്കാറ്റിലും ആടിയുലയാത്ത മെയ്ക്കരുത്തും മനക്കരുത്തും കാട്ടി ഒന്നു മുതൽ ഏഴു വരെയുള്ള ബെസ്റ്റ് പൊസിഷനുകളിലെത്തിയ ശ്രീരാഗ്-ഗ്ലാഡിയേറ്റർ, ഗീരു-കെ.ബി.സി, ജെയ്സ്-ന്യൂയോർക്ക് കിങ്സ്, ജിനേഷ് -ഗാലക്സി അയർലൻഡ്, റോബിൻസൺ-ഗ്ലാഡിയേറ്റർ, സുമൽ-കെ.ബി.സി, ഷിന്റോ-ഗാലക്സി അയർലൻഡ് ട്രോഫിയും ആകർഷകമായ പ്രൈസ് മണിയും കരസ്ഥമാക്കി. ഗ്ലാഡിയേറ്ററിന്റെ അജീഷ് ആണ് മോസ്റ്റ് വാല്യൂബിൾ പ്ലെയർ. ഗ്ലാഡിയേറ്ററിന്റെ അനന്തു ബെസ്റ്റ് കോച്ചായി.

പോരാട്ടച്ചൂട് ശമിപ്പിക്കാൻ എയർ കണ്ടീഷൻ ചെയ്ത ഇൻഡോർ സ്റ്റേഡിയത്തിലാണ് ടിസാക്കിന്റെ സീസൺ-4 വടംവലി പോരാട്ടങ്ങൾ നടന്നത്. അമേരിക്കയിലെ പ്രഥമ ഇൻഡോർ വടംവലി മത്സരമായിരുന്നു ഇത്. കൈയും മെയ്യും മറന്ന് ശക്തിയും ബുദ്ധിയും ഒരേ ബിന്ദുവിൽ കേന്ദ്രീകരിച്ച് ഗോദയിലേക്ക് കച്ചമുറുക്കി എത്തിയത് യുഎസ്എക്ക് പുറമെ കാനഡ, യൂറോപ്പ്, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള നിരവധി ടീമുകളാണ്.

മേയർ റോബിൻ ഇലക്കാട്ട് അഡ്വൈസറി ചെയർമാനായുള്ള കമ്മിറ്റിയാണ് വടംവലി മത്സരത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചത്. ടിസാക്ക് ചെയർമാൻ ഡോ. സക്കറിയ തോമസ്, പ്രസിഡണ്ട് ഡാനി വി. രാജു, സെക്രട്ടറി ജിജോ കരോട്ട്മുണ്ടയ്ക്കൽ, ട്രഷറർ റിമൽ തോമസ്, പിആർഒ ജിജു കുളങ്ങര, വൈസ് പ്രസിഡണ്ട് ജോയി തൈയിൽ, ജോ. സെക്രട്ടറി മാത്യൂസ് കറകക്കളം, ജോ. ട്രഷറർ ഫിലിപ്പ് ചോരത്ത്, ടൂർണമെന്റ് കോ-ഓർഡിനേറ്റർമാരായ ചാക്കോച്ചൻ മേടയിൽ, ലൂക്ക് കിഴക്കേപ്പുറത്ത് തുടങ്ങിയവർ മത്സരങ്ങൾക്ക് ചുക്കാൻ പിടിച്ചു.

# സ്വാതന്ത്ര്യദിനം: സ്വപ്നം കണ്ട ഇന്ത്യയും ഇന്നത്തെ വെല്ലുവിളികളും

ബാബു പി. സൈമൺ

ഡാളസ്: ഓരോ ആഗസ്റ്റ് 15-ഉം രാജ്യത്തിന്റെ ആത്മാവിനെ തൊട്ടുണർത്തുന്ന ദിവസമാണ്. 1947-ൽ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയ ആ സുപ്രധാന മുഹൂർത്തം വെറുമൊരു രാഷ്ട്രീയ മാറ്റം മാത്രമായിരുന്നില്ല, മറിച്ച് ഒരു ജനതയുടെ സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും സാക്ഷാത്കാരമായിരുന്നു. നമ്മൾ 79-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ, ആ പോരാട്ടങ്ങളുടെ ഓർമ്മകൾ മനസ്സിൽ ഒരു തിരമാല പോലെ ഉയർന്നു വരുന്നു.

സ്വാതന്ത്ര്യദിനം എന്ന് കേൾക്കുമ്പോൾ മനസ്സിലേക്ക് ആദ്യം ഓടിയെത്തുന്നത് സ്കൂൾ മുറ്റത്ത് അണിനിരന്ന കുട്ടിക്കാലമാണ്. വെളുത്ത യൂണിഫോമിട്ട്, നെഞ്ചിൽ ആവേശത്തിന്റെ ഭാരം പേറി, ദേശീയഗാനം പാടി, 'ഭാരത് മാതാ കീ ജയ്' എന്ന് ആർത്തുവിളിച്ച ആ ഓർമ്മകൾക്ക് ഇന്നും മധുരമേറെയാണ്.

സ്കൂളിലെ പ്രധാനാധ്യാപകൻ ഉയർത്തുന്ന ത്രിവർണ്ണ പതാക, അതിന് ആദരവോടെ സല്യൂട്ട് ചെയ്യുന്ന വിദ്യാർത്ഥികൾ, ഒടുവിൽ മധുര വിതരണം... ഇതെല്ലാം ചേർന്ന് ഒരു സുന്ദരമായ ചിത്രമാണ് മനസ്സിൽ തെളിയുന്നത്.

സ്കൂളിൽ നടന്ന പ്രസംഗ മത്സരങ്ങൾ പ്രധാന ആകർഷണമായിരുന്നു. സ്വാതന്ത്ര്യസമര സേനാനികളുടെ പേരുകൾ ഉരുവിട്ടും പോരാട്ടങ്ങളെക്കുറിച്ച് പഠിച്ചും ആവേശത്തോടെ പ്രസംഗങ്ങൾ തയ്യാറാക്കിയതും ഇന്നും മനസ്സിൽ തങ്ങിനിൽക്കുന്നു. സ്കൂൾ അങ്കണത്തിൽ നടന്ന മത്സരങ്ങളും കളികളും ആ ദിനത്തിന് ചിരിയുടെയും സ്നേഹത്തിന്റെയും നിറം പകർന്നു. ജയിക്കാനും തോൽക്കാനും ഒപ്പം നിന്നിരുന്ന കൂട്ടുകാർ, സ്വാതന്ത്ര്യത്തിന്റെ ആത്മാവ് സൗഹൃദത്തിലൂടെയും



ലേഖകൻ

സ്നേഹത്തിലൂടെയും എങ്ങനെ ആഘോഷിക്കാമെന്ന് അന്നേ പഠിപ്പിച്ചു.

സ്കൂൾ കഴിഞ്ഞുള്ള കോളജ് ജീവിതത്തിൽ സ്വാതന്ത്ര്യദിനം ഒരു പുതിയ മുഖം കൈക്കൊണ്ടു. യൂണിയൻ നേതാക്കളുടെ നേതൃത്വത്തിൽ നടക്കുന്ന പതാക ഉയർത്തലിന് ശേഷം, സ്വാതന്ത്ര്യത്തിന്റെ രാഷ്ട്രീയ മാനങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കും സംവാദങ്ങൾക്കും വേദിയായി കാമ്പസ് മാറി.

സ്വാതന്ത്ര്യം വെറുമൊരു അവധിയായി കാണാതെ, അതിന്റെ സാമൂഹികവും രാഷ്ട്രീയവുമായ അർത്ഥങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിക്കാനുള്ള ഒരു അവസരമായിരുന്നു അത്. കാമ്പസിൽ നിന്ന് തുടങ്ങുന്ന മനുഷ്യച്ചങ്ങലകളും നാടകങ്ങളും ചുവരെഴുത്തുകളുമെല്ലാം അന്നത്തെ യുവത്വത്തിന്റെ ആവേശത്തിന്റെ ഭാഗമായിരുന്നു.

എന്നാൽ ഇന്ന് നമ്മുടെ രാജ്യം ഗുരുതരമായ വെല്ലുവിളികളെ നേരിടുന്നു. നമ്മുടെ ഭരണഘടന എല്ലാ പൗരന്മാർക്കും അവരുടെ മതം സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ഉറപ്പുനൽകുന്നു. ഒരു മതേതര രാഷ്ട്രീയമെന്ന നിലയിൽ എല്ലാ മതങ്ങളെയും തുല്യമായി പരിഗണിക്കുന്ന ഒരു നയം ഇന്ത്യ പിന്തുടരുന്നു. എന്നാൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വർദ്ധിച്ചു വരുന്ന മതപരമായ അതിക്രമങ്ങൾ ഈ മതേതര സങ്കൽപ്പങ്ങൾക്ക് ഭീഷണിയാകുന്നു. ഒരു മതവിഭാഗം മറ്റൊരു മതവിഭാഗത്തെ ലക്ഷ്യമിട്ട് നടത്തുന്ന ആക്രമണങ്ങൾ, സമൂഹത്തിൽ ഭിന്നതയും ഭയവും സൃഷ്ടിക്കുന്നു. ഇത് സ്വാതന്ത്ര്യസമര സേനാനികൾ സ്വപ്നം കണ്ട, ഒരൊറ്റ ഇന്ത്യ എന്ന സങ്കൽപ്പത്തെത്തന്നെ ചോദ്യം ചെയ്യപ്പെടുന്നു.


ജനാധിപത്യത്തിന്റെ നെടുംതൂണായ തെരഞ്ഞെടുപ്പ് പ്രക്രിയയിലും ആശങ്കകൾ ഉയരുന്നുണ്ട്. 'ഒരു പൗരന് ഒരു വോട്ട്' എന്ന ജനാധിപത്യ തത്വത്തിന് വെല്ലുവിളിയായി വോട്ടിങ് യന്ത്രങ്ങളിൽ കൃത്രിമം നടന്നതായും വ്യാജ വോട്ടർമാരെ ഉൾപ്പെടുത്തിയതായും ഉള്ള ആരോപണങ്ങൾ ഉയർന്നു വരുന്നു. ഇത്തരം ആരോപണങ്ങൾ രാഷ്ട്രീയ അനിശ്ചിതത്വത്തിനും സംഘർഷങ്ങൾക്കും വഴിതുറന്നിരിക്കുന്നു. സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പുകളാണ് ഒരു ജനാധിപത്യത്തിന്റെ ശക്തി. ഈ ആശങ്കകൾ പരിഹരിക്കാൻ സുതാര്യമായ നടപടികൾ സ്വീകരിക്കാൻ ഭരണകൂടം തയ്യാറാകണം.

നമ്മുടെ സ്വാതന്ത്ര്യസമര സേനാനികൾ ജീവൻ ബലിയർപ്പിച്ചത് വെറുമൊരു മണ്ണിന് മാത്രമായിരുന്നില്ല, മറിച്ച് സാഹോദര്യത്തിലും സ്നേഹത്തിലും അടിയുറച്ച ഒരു ഭാവിക്കുവേണ്ടിയായിരുന്നു. വർഗീയതയുടെയും ഭീകരവാദത്തിന്റെയും ഇരുണ്ട ശക്തികൾ ഭാരതത്തിന്റെ ഐക്യത്തെ തകർക്കാൻ ശ്രമിക്കുമ്പോൾ, ഓരോ ഇന്ത്യക്കാരനും ഒറ്റക്കെട്ടായി അതിനെതിരെ പോരാടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. "എല്ലാ ഭാരതീയരും എന്റെ സഹോദരീസഹോദരന്മാരാണ്" എന്ന വികാരം നമ്മുടെ ഹൃദയങ്ങളിൽ കെടാത്ത ദേശസ്നേഹത്തിന്റെ ജ്വാലയായി എന്നും ജ്വലിച്ചുനിൽക്കട്ടെ! ആകാശംമുട്ടെ ഉയർന്നുപാറുന്ന നമ്മുടെ ത്രിവർണ്ണ പതാകയ്ക്ക് കീഴിൽ അഭിമാനത്തോടെ, ഭാരതത്തിന്റെ യശസ്സിനായി നമുക്ക് ഒറ്റക്കെട്ടായി അണിചേരാം. ജയ് ഹിന്ദ്!

# വിൻസർ മലയാളി അസോസിയേഷന്റെ ഓണാഘോഷം 'പൂത്തുമ്പി' സെപ്റ്റംബർ 6-ന്

അലൻ ചെന്നിത്തല

വിൻസർ: വിൻസർ മലയാളി അസോസിയേഷന്റെ 2025-ലെ ഓണാഘോഷം 'പൂത്തുമ്പി' സെപ്റ്റംബർ 6-ന് പാരമ്പര്യത്തനിമയോടെ വിൻസർ ഡബ്ല്യുഎഫ്സിയു സെന്ററിൽ വെച്ച് നടക്കും. ഈ വർഷത്തെ ഓണാഘോഷത്തിൽ മുഖ്യാതിഥികളായി പ്രശസ്ത സിനിമാ നടിയും ഗിന്നസ് വേൾഡ് റെക്കോർഡ്




ജേതാവുമായ ദിവ്യാ ഉണ്ണി, മുൻ സിനിമാതാരമായ ആശ ജയറാം എന്നിവരും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രമുഖരും പങ്കെടുക്കും.

കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൾപ്പെടുത്തിയ ഓണസദ്യയോടൊപ്പം ദിവ്യാ ഉണ്ണി അവതരിപ്പിക്കുന്ന നൃത്തരൂപങ്ങൾ ആഘോഷങ്ങൾക്ക് ആവേശം പകരും. കലയും സംഗീതവും നിറഞ്ഞ വേദിയിൽ ആശാൻ ശ്രീകാന്ത് സുരേന്ദ്രൻ നയിക്കുന്ന വാദ്യവേദിയുടെ ചെണ്ടമേളവും വിൻസറിൽ നിന്നുള്ള കലാകാരന്മാരും കലാകാരികളും അവതരിപ്പിക്കുന്ന കലാപരിപാടികളും അരങ്ങേറും. മലയാളിയുടെ ഐക്യവും ഓണത്തിന്റെ പാരമ്പര്യവും നിറഞ്ഞുനിൽക്കുന്ന ഈ ഓണാഘോഷത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നതായി വിൻസർ മലയാളി അസോസിയേഷന്റെ ഭാരവാഹികൾ അറിയിച്ചു.

# നായർ അസ്സോസിയേഷൻ ഓണാഘോഷം ആഗസ്റ്റ് 30-ന്

ചിക്കാഗോ: നായർ അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ ആഗസ്റ്റ് 30-ന് ശനിയാഴ്ച വൈകുന്നേരം അഞ്ചു




മണി മുതൽ പാർക്ക് റിഡ്ജിലുള്ള സെന്റിനിയൽ ആക്ടിവിറ്റി സെന്ററിൽവെച്ച് (100. S.Westen Ave, Park Ridge IL 60068) നടത്തുന്നതാണെന്ന് പ്രസിഡണ്ട് വിജി നായർ അറിയിച്ചു.

ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടുകൂടി മഹാബലി തമ്പുരാനെ എതിരേറ്റുകൊണ്ട് ഓണാഘോഷ പരിപാടികൾക്ക് തുടക്കം കുറിക്കും.

സതീശൻ നായർ

കൂടാതെ വിവിധ കലാപരിപാടികൾ, നൃത്തനൃത്യങ്ങൾ, കേരളത്തനിമയുള്ള വിഭവസമൃദ്ധമായ സദ്യ എന്നിവയും ഓണാഘോഷത്തോടനുബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും ഓണാഘോഷത്തിൽ പങ്കുചേരുവാനും പ്രസിഡണ്ട് വിജി നായർ (847-962-0749) സെക്രട്ടറി സുരേഷ് ബാലചന്ദ്രൻ (847-977-9988) ട്രഷറർ അരവിന്ദ് പിള്ള (847-789-0519) എന്നിവരുമായി ബന്ധപ്പെടുക.

# ഓണം വരുന്നേ!

കോടിയുടുത്ത് ഒരോണം വന്നു
മാവേലി തമ്പ്രാന്റെ വരവും കാത്ത്
കോലോത്തെ പെണ്ണുങ്ങൾ കോടിയുടുത്തു
മാവേലി തമ്പ്രാന്റെ വരവും കാത്ത്
മുറ്റത്തെ ചെമ്പകമൊക്കെ
പൂത്തുലഞ്ഞു നറുമണം പാറി
കോമാവിൻ തുമ്പത്തിരുന്ന്
കാമകേളികൾ ആടി പനംതത്തകൾ
ശർക്കര മാവിന്റെ തുഞ്ചത്ത് ഒരു
കുഞ്ഞാറ്റക്കിളി പറന്നുവന്നു
ഓണത്തിൻ കീർത്തനം പാടി
ഓലാം ഞാലികളും പറന്നുവന്നു
കുട്ടികളെല്ലാം പൂവറുത്തു
അത്തത്തിനൊക്കെ
പൂക്കളം ചാർത്തി
മാവേലി തമ്പ്രാനെ വരവേൽക്കാൻ
തുമ്പികൾ പാറിപ്പറന്നെങ്ങും
തുമ്പപ്പൂക്കളെ ചുംബിച്ചുണർത്തി
വണ്ടുകൾ പാറിപ്പറന്നു
മാവേലി മന്നന്റെ വരവറിയിച്ചു
കാളന്റെ ഓലന്റെ നറുമണമെങ്ങും
കാറ്റിൽ പറന്നു ഒരു ഓണ ലഹരിയായി
തൂവാനത്തുമ്പികൾ തുള്ളി പറന്നു
തിരുവാതിരയാടിയെങ്ങും
വടംവലിച്ച് ഒരു കൂട്ടർ
മദ്യലഹരിയിൽ കൂത്താടിയെങ്ങും
പകിടകളിയുടെ ലഹരി പടർന്നു
പഞ്ചവാദ്യങ്ങൾ മുഴങ്ങിയെങ്ങും



ജോൺ ഇളമത

# മദ്യപാനവും മലയാളി പങ്കാളികളുടെ നിശ്ശബ്ദ ദുരിതങ്ങളും

**തോമസ് ഐപ്പ്**

അമേരിക്കൻ ഐക്യനാടുകളിലെ നിരവധി മലയാളി കുടുംബങ്ങൾ അമേരിക്കൻ സ്വപ്നത്തിന്റെ മികച്ച പതിപ്പ് വിജയകരമായി കെട്ടിപ്പടുത്തു. നമ്മുടെ ആഴത്തിൽ വേരൂന്നിയ കേരളീയ, ഭാരതീയ പൈതൃകം നമ്മെ കഠിനാധ്വാനികളും ശക്തമായ കുടുംബബന്ധങ്ങൾ കാത്തു സൂക്ഷിക്കുന്നവരും സമൂഹത്തോട് അചഞ്ചലമായ പ്രതിബദ്ധതയുള്ളവരുമാക്കി. 1970-കളിൽ കുടിയേറിയ ആദ്യ തലമുറ, വിശ്വാസാധിഷ്ഠിത സമൂഹങ്ങളും പള്ളികളും അമ്പലങ്ങളും സാംസ്കാരിക സംഘടനകളും സ്ഥാപിച്ചുകൊണ്ട് ശക്തമായ ഒരു അടിത്തറ പാകി. ഇത് അഭിമാനവും വിജയകരവുമായ ഒരു രണ്ടാം തലമുറയുടെ ഉയർച്ചയ്ക്ക് കാരണമായി.

എന്നാൽ, ഈ വിജയങ്ങൾക്കിടയിൽ നമ്മുടെ കുടുംബങ്ങളിൽ മദ്യപാനം എന്ന അപകടകരമായ ഒരു പ്രവണത നിശ്ശബ്ദമായി വേരുറപ്പിക്കുന്നുണ്ട്. പല സമൂഹങ്ങളിലും, പ്രത്യേകിച്ച് മലയാളികൾക്കിടയിൽ, മദ്യം ഒരു പദവിയുടെ ചിഹ്നമായി കണക്കാക്കപ്പെടുന്നു. വിലയേറിയ ബ്രാൻഡുകളും കൂട്ടുകാരുമായുള്ള മദ്യപാനവും ഇന്ന് ഒരു ഫാഷനായി മാറിയിരിക്കുന്നു. പലർക്കും മിതമായി മദ്യപിക്കാൻ കഴിയുമെങ്കിലും, ആവശ്യത്തിലധികം പേർ മദ്യത്തിന്റെ ദുരുപയോഗത്തിൽ അകപ്പെട്ട് തങ്ങളുടെ കുടുംബങ്ങളെയും ഭാവിയെയും അപകടത്തിലാക്കുന്നു. 1970-കളിൽ ഈ രാജ്യത്ത് വരികയും മദ്യത്തിന്റെ ആകർഷണവും പിന്നീട് അതിന്റെ ദുരന്തഫലങ്ങളും നേരിട്ട് അനുഭവിക്കുകും ചെയ്ത ഒരാളെന്ന നിലയിൽ വേദനാജനകമായ അനുഭവത്തിൽ നിന്നാണ് ഞാൻ സംസാരിക്കുന്നത്.

ദൈവകൃപയാൽ, കഴിഞ്ഞ 15 വർഷമായി ഞാൻ മദ്യപാനം ഉപേക്ഷിക്കുകയും ഇപ്പോൾ മറ്റുള്ളവരെ അതിൽ നിന്ന് കരകയറാൻ സഹായിക്കുന്നതിൽ എന്റെ ജീവിതം സമർപ്പിക്കുകയും ചെയ്യുന്നു. ഈ സന്ദേശം പ്രത്യേകിച്ചും നിശ്ശബ്ദമായി വേദനിക്കുന്ന പങ്കാളികൾക്ക്, പലപ്പോഴും സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. അവർ തങ്ങളുടെ പ്രിയപ്പെട്ടവരുടെ മദ്യപാനം കാരണം കുടുംബം തകരുന്നത് നിസ്സഹായരായി നോക്കി നിൽക്കുന്നു.

**മദ്യപാനത്തെക്കുറിച്ചുള്ള പ്രധാന വസ്തുതകൾ**

മദ്യപാനം ഒരു രോഗമാണ്, അത് ക്രമാനുഗതമായി വഷളാക്കിക്കൊണ്ടിരിക്കും. ഇത് ചികിത്സിച്ചു ഭേദമാക്കാൻ



ലേഖകൻ

സാധിക്കുന്ന ഒന്നാണ്. ഇതിനുള്ള ചികിത്സാ ചെലവുകൾ പലപ്പോഴും ഇൻഷുറൻസ് പരിരക്ഷയിൽ ലഭിക്കുന്നതാണ്. ആൽക്കഹോളിക്സ് അനോണിമസ് (AA) പോലുള്ള കൂട്ടായ്മകളിലൂടെ സ്ഥിരമായ മദ്യവർജ്ജനം സാധ്യമാകും. ഒരു മദ്യപാനിയോടൊപ്പം ജീവിക്കുന്നത് പങ്കാളികളെയും കുട്ടികളെയും കോ-ഡിപ്പൻഡന്റുകളാക്കി മാറ്റിയേക്കാം. പങ്കാളികൾക്ക് അൽ-അനോൻ (Al-Anon), കുട്ടികൾക്ക് അൽ-അട്ടീൻ (Al-Ateen) തുടങ്ങിയ സഹായ ഗ്രൂപ്പുകൾ വൈകാരികവും പ്രായോഗികവുമായ പിന്തുണ നൽകുന്നു.

**പങ്കാളികൾക്കും അമ്മമാർക്കും ഒരു സന്ദേശം**

നിങ്ങളുടെ പങ്കാളി മദ്യപാനത്താൽ കഷ്ടപ്പെടുന്നുണ്ടെങ്കിൽ, ചികിത്സ തേടാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുക. പല മദ്യപാനികളും തങ്ങൾക്ക് ഒരു പ്രശ്നമുണ്ടെന്ന് സമ്മതിക്കാൻ മടിക്കുന്നു. അവർ നുണപറയുന്നു, മദ്യപാനം ഒളിപ്പിക്കുന്നു, വെറും വാഗ്ദാനങ്ങൾ നൽകുന്നു, കൂടാതെ ജോലിക്ക് പോകാതിരിക്കുക, വ്യത്തിയില്ലാതെ നടക്കുക, വാക്കാലുള്ള അധിക്ഷേപം, അവിശ്വാസം, ശാരീരിക അക്രമം തുടങ്ങിയ ദോഷകരമായ പല പ്രവർത്തികളും കാണിക്കുന്നു.

പങ്കാളികൾ, പ്രത്യേകിച്ച് വീട്ടമ്മമാർ നാണക്കേട്, കളങ്കം അല്ലെങ്കിൽ സമൂഹം വിധിക്കുമോ എന്ന ഭയം കാരണം ഈ ഭാരം നിശ്ശബ്ദമായി ചുമക്കുന്നു. പലരും ആശ്വാസത്തിനായി പുരോഹിതന്മാരുടെ അടുക്കൽ ചെല്ലുന്നു. എന്നാൽ, നമ്മുടെ പള്ളികൾ പലപ്പോഴും ഇത്തരം പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ പ്രാപ്തമല്ലാത്തവയാണെന്ന് മനസ്സിലാക്കുന്നു. പ്രാർത്ഥന ശക്തമാണെങ്കിലും, മദ്യപാനം ചികിത്സിക്കാൻ വിദഗ്ദ്ധ സഹായവും കൂട്ടായ പിന്തുണയും ആവശ്യമാണ്. ഭൂരിഭാഗം മലയാളി പള്ളികളും ഇപ്പോഴും മദ്യപാനത്തെക്കുറിച്ച് തുറന്നു സംസാരിക്കുന്നില്ല. കൂടാതെ, അഡിക്ഷൻ കൗൺസിലിംഗ് പല പുരോഹിതന്മാരുടെയും വൈദഗ്ധ്യത്തിനു പുറത്തുള്ള വിഷയമാണ്. ഇത് ആരെയും കുറ്റപ്പെടുത്താനുള്ളതല്ല. മറിച്ച്, നിങ്ങളുടെയും നിങ്ങളുടെ കുട്ടികളുടെയും നിങ്ങളുടെ കുടുംബത്തിന്റെയും ജീവൻ രക്ഷിക്കാനുള്ളതാണ്.

**സഹായിക്കാൻ ഞങ്ങൾ ഇവിടെയുണ്ട്**

കഴിഞ്ഞ ആറ് വർഷമായി മദ്യപാനത്തിൽനിന്ന് കരകയറിയ ഏതാനും മലയാളി സ്ത്രീകളും പുരുഷന്മാരും എല്ലാ ആഴ്ചയും സൂം വഴി ഒത്തുകൂടുന്നു. ഈ പീർ-ലെഡ് കമ്മ്യൂണിറ്റി മദ്യപാനത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ശക്തിയും പിന്തുണയും മാർഗ്ഗനിർദ്ദേശവും നൽകുന്നു. പങ്കാളികൾക്കും കുടുംബാംഗങ്ങൾക്കും അവരുടെ അനുഭവങ്ങൾ സുരക്ഷിതവും വിധിരഹിതവുമായ ഒരിടത്ത് പങ്കിടാൻ കഴിയുന്ന 'ഹോപ്പ് ഫോർ ഫാമിലീസ്' എന്ന പേരിൽ ഒരു ദേശീയ സഹായ ശൃംഖലയും ഞങ്ങൾ നടത്തുന്നുണ്ട്. എല്ലാ ഞായറാഴ്ചയും പുരുഷന്മാർക്കായി ഒരു റിക്കവറി ഗ്രൂപ്പും ഞങ്ങൾക്കുണ്ട്.

നിങ്ങളോ നിങ്ങളുടെ പ്രിയപ്പെട്ടവരോ മദ്യപാനത്തിൽ ബുദ്ധിമുട്ടുന്നുണ്ടെങ്കിൽ, അഭിമാനമോ നാണക്കേടോ നിങ്ങളെ സഹായം തേടുന്നതിൽ നിന്ന് തടയാൻ അനുവദിക്കരുത്. നിങ്ങളുടെ മൗനം നിങ്ങളുടെ വേദനകളെ വർദ്ധിപ്പിച്ചേക്കാം. പ്രതീക്ഷയുണ്ട്, സഹായമുണ്ട്, നിങ്ങൾ ഒറ്റയ്ക്കല്ല. കൂടുതൽ വിവരങ്ങൾക്കോ, ഗ്രൂപ്പിൽ ചേരുന്നതിനോ വിളിക്കുക: തോമസ് ഐപ്പ് (713-779-3300).

# കുട്ടികളുടെ അത്ഭുതലോകം ഒരുക്കി ബെൻസൻവിൽ ഇടവകയിൽ 'രാരീരം'

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിൽ കുട്ടികൾക്കായി യുവജനങ്ങൾ ഒരുക്കിയ 'രാരീരം-25' കൂട്ടായ്മ ഏറെ പുതുമ നിറഞ്ഞതായി മാറി. ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികളെ ഉൾപ്പെടുത്തി ഓഗസ്റ്റ് 11-ന് തിങ്കളാഴ്ച വൈകിട്ട് 2 മുതൽ 8 വരെയായിരുന്നു പരിപാടി സംഘടിപ്പിച്ചത്. കഴിഞ്ഞ രണ്ടു മാസങ്ങളായി എല്ലാ ഞായറാഴ്ചകളിലും സംഘടിപ്പിച്ചുപോന്ന 'ഉണ്ണിക്കളരി', 'ഗുരുകുലം' പാഠ്യപദ്ധതിയുടെ ഭാഗമായിട്ടാണ് യുവജനങ്ങൾ ഇത് സംഘടിപ്പിച്ചത്. ബൈബിൾ വിജ്ഞാന ക്ലാസുകൾ, വിവിധ കളികൾ, പാട്ടുകൾ, ചിത്രരചനകൾ തുടങ്ങിയവ പുതുമയോടെ ഉൾപ്പെടുത്തി. ഹന്നാ ചേലയ്ക്കൽ, എലെയ്ൻ ഒറ്റത്തൈയ്ക്കൽ, സാറാ മുളയാനിക്കുന്നേൽ, സെറീന മുളയാനിക്കുന്നേൽ, അൽഫോൻസ പുള്ളോർക്കുന്നേൽ എന്നിവർ രാരീരം-25-ന് നേതൃത്വം നല്കി. പുതിയ അദ്ധ്യയന വർഷത്തിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുമ്പോൾ കുട്ടികൾക്ക് രാരീരം പോലെ ഹൃദ്യമായിരുന്നു.



Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone:630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540

Free Electronic Filing



Pramod Zacharias, E.A.

HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

Whatsapp +1 630 903 7680

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

Cell/Whatsapp +1 630 903 7680

# പത്തരമാറ്റ് തിളക്കത്തിൽ 'മാറ്റ്' (MAT) ഓണാഘോഷ പരിപാടികൾ അരങ്ങേറി

**രാജു മൈലപ്ര**

ടാമ്പാ: പ്രൗഢഗംഭീരമായ ഒരു നിറഞ്ഞ സദസ്സിനെ സാക്ഷി നിർത്തിക്കൊണ്ട് മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ ഓണാഘോഷ പരിപാടികൾ നടത്തപ്പെട്ടു. തനി നാടൻ രുചിയിൽ മാർട്ടിൻ കേറ്ററേഴ്സ് തയ്യാറാക്കിയ ഓണസദ്യയോടു കൂടി പതി







നൊന്നു മണിയോടെ ക്നാനായ കമ്യൂണിറ്റി സെന്ററിൽ ആഘോഷങ്ങൾക്കു തുടക്കമായി.

തുടർന്ന് താലപ്പൊലിയുടെയും താളമേളങ്ങളുടെയും അകമ്പടിയോടു കൂടി മാവേലിത്തമ്പുരാനെ വേദിയിലേക്ക് ആനയിച്ചു. മാസ്റ്റർ ഓഫ് സെറിമണീസ് ജോമോൻ തെക്കേതോട്ടിയിലിന്റെ ആമുഖപ്രസംഗത്തിനുശേഷം ശ്രീവികാ ദീപക് അമേരിക്കൻ ദേശീയഗാനവും ഷീ മാറ്റ് ഇന്ത്യൻ ദേശീയഗാനവും ആലപിച്ചു.

തുടർന്ന് മാവേലിമന്നന്റെ നേതൃത്വത്തിൽ പ്രസിഡണ്ട് ജോൺ കല്ലോലിക്കൽ, മാറ്റ് ഭാരവാഹികൾ, വന്ദ്യ പുരോഹിതന്മാർ, ബിജു തോണിക്കടവിൽ (ഫോമാ), ജോമോൻ ആന്റണി (ആർവിപി സൺഷൈൻ റീജിയൻ), രാജീവ് കുമാരൻ (ഫൊക്കാന), ലിന്റോ ജോളി (ആർവിപി ഫ്ളോറിഡ), സ്പോൺസേഴ്സ് ആയ മാത്യു മുണ്ടിയാങ്കൽ, സാബു ലൂക്കോസ് എന്നിവർ ചേർന്ന് വിശിഷ്ടാതിഥികളുടെ സാന്നിദ്ധ്യത്തിൽ ഭദ്രദീപം കൊളുത്തി.

മാവേലിയുടെ ഓണാശംസകൾക്കുശേഷം പ്രസിഡണ്ട് ജോൺ കല്ലോലിക്കൽ അദ്ധ്യക്ഷപ്രസംഗം നടത്തി. മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ മാതൃകാപരമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ഈ വൻ ജനപങ്കാളിത്തമെന്ന് അദ്ദേഹം എടുത്തുപറഞ്ഞു.

അമേരിക്കൻ മലയാളി സാഹിത്യകാരൻ രാജു മൈലപ്ര ഓണസന്ദേശം നല്കി. ഫൊക്കാനയെ പ്രതിനിധീകരിച്ച് രാജീവ് കുമാരനും ഫോമായെ പ്രതിനിധീകരിച്ച് മുൻ സെക്രട്ടറി ബിജു തോണിക്കടവിലും ആശംസകൾ നേർന്നു.

കർഷകശ്രീ അവാർഡ് നേടിയ മേഴ്സി പീറ്ററിനും തോമസ് പീറ്ററിനുമുള്ള പുരസ്കാരം ശ്രീമതി സുനിതാ ഫ്ളവർഹില്ലിന്റെ നേതൃത്വത്തിലുള്ള ജഡ്ജിംഗ് കമ്മിറ്റി കൈമാറി. സെക്രട്ടറി ശ്രീമതി അനഘാ വാര്യർ നന്ദിപ്രകാശനം നടത്തി.





സമയബന്ധിതമായി തീർന്ന പൊതുസമ്മേളനത്തിനുശേഷം ഇടവേളയില്ലാതെ തുടർച്ചയായി അരങ്ങേറിയ പരിപാടികൾ കാണികളുടെ മുക്തകണ്ഠപ്രശംസ നേടി.

പൂജാ ഡാൻസ്, തിരുവാതിര, മോഹിനിയാട്ടം, നയനയും മീരയും അവതരിപ്പിച്ച ക്ലാസിക്കൽ ഡാൻസ്, യുവജനങ്ങളുടെയും കുട്ടികളുടെയും നയനമനോഹരമായ നൃത്തങ്ങൾ, രമ്യയും ശ്രുതിയും അവതരിപ്പിച്ച ഡാൻസ്, അബിയുടെയും ഹരിയുടെയും ഗാനാലാപം തുടങ്ങിയ വിവിധ കലാപരിപാടികൾ കാണികളുടെ മനം കവർന്നു.

തുടർന്ന് സമ്മാനദാനച്ചടങ്ങ് നടന്നു. മാവേലിയായി വേഷമണിഞ്ഞത് എം.എം. മാത്യുവാണ്. മാത്യു മുണ്ടിയാങ്കൽ, സാബു ലൂക്കോസ് എന്നിവരായിരുന്നു പരിപാടികളുടെ പ്രധാന സ്പോൺസേഴ്സ്. പിക്സൽ റൈഡേഴ്സ് മീഡിയ ആണ് ഫോട്ടോ ആൻഡ് വീഡിയോ ചുമതല നിർവഹിച്ചത്.

ജോമോൻ ആന്റണി (ടിഎംഎ പ്രസിഡണ്ട്), സാബു ആന്റണി (ഓർമ പ്രസിഡണ്ട്), ജിബി ജോസഫ് (ഒരുമ പ്രസിഡണ്ട്), അരുൺ ഭാസ്കർ (ആത്മ പ്രസിഡണ്ട്), ജെറി കാമ്പിയിൽ (എംഎഡി പ്രസിഡണ്ട്), ടോണി ജാനു (തെലുഗു അസോസിയേഷൻ പ്രസിഡണ്ട്), ഇളയരാജാ (തമിഴ് അസോസിയേഷൻ പ്രസിഡണ്ട്), വിജയരാഘവൻ (ശ്രീ അയ്യപ്പാ ടെമ്പിൾ പ്രസിഡണ്ട്), ശ്രീഹരി പ്രസാദ് (ടെമ്പിൾ പ്രയിസ്റ്റ്), സാഹിബ് സുബൈർ കസീമി, ഫാ. ജിമ്മി ജെയിംസ് (സീറോമലബാർ ചർച്ച്), റവ.ഫാ. ജോർജ് ഏബ്രഹാം (മാർ ഗ്രീഗോറിയോസ് യാക്കോബായ ചർച്ച്), ഫാ. പ്രേം (മാർത്തോമ്മാ ചർച്ച്), ഫാ. ജോസഫ് ചാക്കോ, ഫാ. ജോർജ് വർക്കി, ഫാ. ജോബി, ഫാ. ജോസ് അടവപ്പള്ളിൽ, കമാൻഡർ ജോർജ് കോരുത്, മാത്യു മുണ്ടിയാങ്കൽ, സാബു ലൂക്കോസ് തുടങ്ങി നിരവധി വിശിഷ്ടാതിഥികൾ പരിപാടികളിൽ സംബന്ധിച്ചു.

ജോമോൻ തെക്കേതോട്ടിയിൽ മാസ്റ്റർ ഓഫ് സെറിമണീസ് ആയി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.


**രചനകൾ അയയ്ക്കേണ്ട വിലാസം:**
**news@keralaexpress.com**

വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS Weekly Newspaper National Edition from Chicago
കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
ഇനി ലോകം നിങ്ങളെ അറിയട്ടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് ധനസഹായം വിതരണം ചെയ്തു

പി.പി. ചെറിയാൻ

ഡാളസ്/കോട്ടയം: ജോസഫ് ചാണ്ടി മാനേജിംഗ് ട്രസ്റ്റിയായ ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് കോട്ടയം സിഎംഎസ് കോളജിൽ വെച്ച് വിവിധ ധനസഹായ പദ്ധതികളും സ്കോളർഷിപ്പുകളുടെയും വിതരണോദ്ഘാടനം നടത്തി. ഈശ്വരപ്രാർത്ഥനയ്ക്കുശേഷം ട്രസ്റ്റിന്റെ അഖിലേന്ത്യാ കോ-ഓർഡിനേറ്ററായ കേണൽ പ്രഫ. ഡോ. കാവുമ്പായി ജനാർദ്ദനൻ അദ്ധ്യക്ഷനേയും മുഖ്യാതിഥിയേയും വിശിഷ്ടാതിഥികളേയും സ്വാഗതം ചെയ്തു. തുടർന്ന് അഖിലേന്ത്യാ തലത്തിൽ ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റിന്റെ വിവിധ ജീവകാരുണ്യ സേവാ പ്രവർത്തനങ്ങളെപ്പറ്റി വിവരിച്ചു.



ജോസഫ് ചാണ്ടി

ദരിദ്രരായ 3,64,100 സ്കൂൾ കുട്ടികൾക്കും 29,310 കോളജ് വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ധനസഹായവും പാവപ്പെട്ടവർക്ക് ഭവനനിർമ്മാണം, സ്വയംതൊഴിൽ പദ്ധതി, സാധു പെൺകുട്ടികളുടെ വിവാഹം തുടങ്ങിയവയ്ക്കുള്ള ധനസഹായം എന്നിവ നല്കിയതുൾപ്പെടെ 14,66,30,000 രൂപയുടെ സഹായം മലയാളിയായ ജോസഫ് ചാണ്ടി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിച്ചു എന്നത് അവിശ്വസനീയമായി തോന്നാവുന്ന കാര്യമാണ്. ഇതിനു പുറമേ പാവപ്പെട്ടവർക്ക് ഭവനനിർമ്മാണം, ഭവന പുനർനിർമ്മാണം, ചികിത്സ, പെൺകുട്ടികളുടെ വിവാഹം എന്നിവയ്ക്ക് സാമ്പത്തിക സഹായങ്ങൾ നല്കി. അനാഥാലയങ്ങൾക്കും സ്വയം തൊഴിൽ പദ്ധതികൾക്കും സാമ്പത്തിക സഹായം നല്കി. കനിവിന്റെ സൂര്യതേജസ് എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന കോട്ടയം സ്വദേശിയായ ജോസഫ് ചാണ്ടി അമേരിക്കൻ പൗരൻ കൂടിയാണ്. അമേരിക്കയിൽ നിന്നുകൊണ്ട് ഇന്ത്യയിലെ നിസ്വാർത്ഥരായ സാമൂഹിക സേവകരുടെ സഹായത്താൽ ഇന്ത്യയിലുടനീളം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സിഎംഎസ് കോളജ് ഹാളിൽ വെച്ച് നടന്ന പരിപാടിയിൽ കോട്ടയം മുനിസിപ്പൽ കൗൺസിലർ സാബു മാത്യു അദ്ധ്യക്ഷത വഹിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെയും മാനേജിംഗ് ട്രസ്റ്റിയുടെ ഉദാരതയേയും വളരെയധികം പ്രശംസിച്ചു.





കോട്ടയം ജില്ലയിൽ ട്രസ്റ്റിനുവേണ്ടി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയ ഗോപീകൃഷ്ണന് മദർ തെരേസ ജീവകാരുണ്യ സേവാ പുരസ്കാരം സമ്മാനിച്ചു.

ഉമ്മൻ ചാണ്ടി മെമ്മോറിയൽ ഭവന പുനരുദ്ധാരണ പദ്ധതി മുഖ്യാതിഥി ഡോ. മറിയം ഉമ്മൻ ഉദ്ഘാടനം ചെയ്തു. പുതുപ്പള്ളി പഞ്ചായത്തിലെ 10 പാവപ്പെട്ട കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണ പദ്ധതി വഴി ഒന്നര ലക്ഷം രൂപയാണ് ട്രസ്റ്റ് നല്കിയത്. ഉമ്മൻ ചാണ്ടി മെമ്മോറിയൽ ഭവന നിർമ്മാണ പദ്ധതി വിശിഷ്ടാതിഥി അഡ്വ. സണ്ണി പാമ്പാടി ഉദ്ഘാടനം ചെയ്തു. ഈ പദ്ധതിക്കു വേണ്ടി ട്രസ്റ്റ് മൂന്നു ലക്ഷം രൂപ ധനസഹായം നല്കി. സിഎംഎസ് കോളജിലെയും പുതുപ്പള്ളി വി.ജെ.ഒ.എം സ്കൂളിലെയും പത്ത് വീതം വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളുടെ വിതരണോദ്ഘാടനം കോട്ടയം മുനിസിപ്പൽ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ നിർവഹിച്ചു. സിഎംഎസ് കോളജ് പ്രിൻസിപ്പൽ ഡോ. അഞ്ജു സൂസൻ ജോർജ്, കോട്ടയം മുനിസിപ്പാലിറ്റി വൈസ് ചെയർമാൻ ബി. ഗോപകുമാർ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ട്രസ്റ്റിന്റെ കോട്ടയം ജില്ലാ കോ-ഓർഡിനേറ്റർ സുനിൽദേവ് നന്ദിപ്രകടനം നടത്തിയതോടെ യോഗം സമാപിച്ചു.

## ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരം

(ഒന്നാം പേജിൽ നിന്നും)

1984-ൽ കോട്ടയം ബസേലിയസ് കോളജ് യൂണിയൻ ചെയർമാനായിരുന്നു. കെ.എസ്.സി സംസ്ഥാന പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, കേരള യൂത്ത്ഫ്രണ്ട് പ്രസിഡണ്ട്, കേരള കോൺഗ്രസ് കോട്ടയം ജില്ലാ പ്രസിഡണ്ട് തുടങ്ങിയ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള മോൻസ് ജോസഫ് സോഷ്യോളജിയിൽ മാസ്റ്റർ ബിരുദവും ലോ അക്കാഡമിയിൽ നിന്നും നിയമബിരുദവും നേടിയിട്ടുണ്ട്. 1996-ൽ കെ.എസ്.സി സംസ്ഥാന പ്രസിഡണ്ടായിരിക്കുമ്പോൾ കടുത്തുരുത്തിയിൽ നിന്നും നിയമസഭയിലേക്ക് 15,000 വോട്ടിന്റെ തിളക്കമാർന്ന വിജയം നേടി കന്നിമത്സരത്തിൽ വിജയിച്ചു. തുടർന്ന് 2006, 2011, 2016, 2021 വർഷങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ കടുത്തുരുത്തിയിൽ നിന്നും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നിയമസമാജികനെന്ന നിലയിൽ 25 വർഷത്തെ സേവനപാരമ്പര്യം കൈമുതലായുള്ള മോൻസ് ജോസഫ് 2007 ഒക്ടോബർ 18-ന് വി.എസ്. മന്ത്രിസഭയിൽ പൊതുമരാമത്ത് മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. രണ്ടര വർഷക്കാലം മന്ത്രിയായും തിളക്കമാർന്ന പ്രവർത്തനം കാഴ്ചവെച്ചു. കേരളാ കോൺഗ്രസിന്റെ എക്സിക്യൂട്ടീവ് ചെയർമാനായ അഡ്വ. മോൻസ് ജോസഫ് എംഎൽഎ അമേരിക്കൻ മലയാളികൾക്ക് സുപരിചിതനാണ്.

2019 മുതൽ പാലായിൽ നിന്നുള്ള ജനപ്രതിനിധിയാണ് മാണി സി. കാപ്പൻ എംഎൽഎ. കോളജ് വിദ്യാഭ്യാസ കാലഘട്ടത്തിൽ കേരള സംസ്ഥാന വോളിബോൾ ടീമിൽ നാല് വർഷത്തോളം അംഗമായിരുന്നു. കാലിക്കറ്റ് സർവകലാശാലാ വോളിബോൾ ടീം ക്യാപ്റ്റൻ എന്ന നിലയിൽ കാഴ്ചവെച്ച മിന്നുന്ന പ്രകടനം കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ വോളിബോൾ ടീമിൽ എത്താൻ സഹായിച്ചു. ജിമ്മി ജോർജിനൊപ്പം അബുദാബി സ്പോർട്സ് ക്ലബിൽ കളിക്കുവാൻ അവസരം ലഭിച്ച ചുരുക്കം ചില മലയാളികളിൽ ഒരാളാണ് മാണി സി. കാപ്പൻ. സിനിമാരംഗത്ത് നിർമ്മാതാവ്, സംവിധായകൻ, അഭിനേതാവ് എന്നീ നിലകളിലും ശ്രദ്ധേയനായി. 25-ഓളം സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. മേലേപ്പറമ്പിൽ ആൺവീടാണ് അദ്ദേഹം നിർമ്മിച്ച ആദ്യത്തെ സിനിമ. നാഷണലിസ്റ്റ് കോൺഗ്രസ് കേരള പാർട്ടിയുടെ സ്ഥാപകാംഗവും എൻ.സി.പിയുടെ മുൻ സംസ്ഥാന ട്രഷററുമാണ് മാണി സി. കാപ്പൻ.

ആഗസ്റ്റ് 31-ന് ഞായറാഴ്ച രാവിലെ 9 മണി മുതൽ മത്സരം ആരംഭിക്കും. 5 മണിക്ക് മത്സരങ്ങൾ അവസാനിക്കും. 5 മണി മുതൽ രാത്രി 10 മണി വരെ വൈവിധ്യമാർന്ന ഇന്ത്യൻ ഭക്ഷണവിഭവങ്ങൾ ആസ്വദിക്കാനുള്ള 'ഇന്ത്യ ഫുഡ് ടേസ്റ്റ്' നടത്തപ്പെടും. 7 മണി മുതൽ 10 മണി വരെയാണ് അഫ്സലിന്റെ നേതൃത്വത്തിലുള്ള കലാസന്ധ്യ അരങ്ങേറും. ഈ വർഷം പുതിയ സ്ഥലത്താണ് വടംവലി മത്സരം നടക്കുക. വിശാലവും വിപുലവുമായ പാർക്കിംഗ് സൗകര്യങ്ങളുള്ള മോർട്ടൻ ഗ്രോവ് പാർക്ക് ഡിസ്ട്രിക്ട് സ്റ്റേഡിയം കാണികളെ സ്വീകരിക്കാനുള്ള തയ്യാറെടുപ്പിലാണ്. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ടീമുകൾ മത്സരങ്ങളിൽ പങ്കെടുക്കും. ഇരുപതിൽപ്പരം ടീമുകളെയാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. കൃത്യനിഷ്ഠയോടെ ഈ വർഷത്തെ മത്സരങ്ങൾ നടത്തപ്പെടുന്നതാണ്.

പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയ് കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത്ത് എന്നിവരടങ്ങിയതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. സിറിയക് കൂവക്കാട്ടിലാണ് ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ. കമ്മിറ്റിയിൽ വൈസ് ചെയർമാൻ മാനി കരികുളം, ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫൈനാൻസ് ചെയർ ബിനു കൈതക്കതൊട്ടിയിൽ, പിആർഒ മാത്യു തട്ടാമറ്റം ഇന്ത്യാ ഫുഡ്ഫെസ്റ്റ് ചെയർമാൻ ജോസ് മണക്കാട്ട് എന്നിവരും മത്സരത്തിന്റെ വിജയത്തിനായി മുന്നിട്ടുപ്രവർത്തിക്കുന്നു.

ആയിരക്കണക്കിന് കാണികളെ പ്രതീക്ഷിക്കുന്ന ഈ വടംവലി മാമാങ്കത്തിലേക്ക് എല്ലാവരെയും സംഘാടകർ സ്വാഗതം ചെയ്യുന്നു.

**പുതിയ അഡ്രസ് ശ്രദ്ധിക്കുക:**

MORTON GROVE PARK
DISTRICT STADIUM

6834 DEMPSTER ST, MORTON
GROVE,

ILLINOIS 60053.

വിശദവിവരങ്ങൾക്ക്: റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡണ്ട്)-(630) 935-9655

സിറിയക് കൂവക്കാട്ടിൽ (ടൂർണമെന്റ് ചെയർമാൻ)-(630) 673-3382

## ജസ്റ്റിസ് യശ്വന്ത് വർമയുടെ ഇംപീച്ച്മെന്റ്: മൂന്നംഗ സമിതി രൂപവത്കരിച്ചു

ന്യൂഡൽഹി: ഔദ്യോഗിക വസതിയിൽനിന്നു കോടിക്കണക്കിന് രൂപയുടെ കറൻസി നോട്ടുകെട്ടുകൾ കണ്ടെത്തിയ സംഭവത്തിൽ അലഹബാദ് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമയ്ക്കെതിരായ ഇംപീച്ച്മെന്റിനായി ലോക്സഭാ സ്പീക്കർ മൂന്നംഗ അന്വേഷണസമിതിയെ നിയോഗിച്ചു. സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് അരവിന്ദ് കുമാർ അദ്ധ്യക്ഷനായ സമിതിയിൽ മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് മനീന്ദ്ര മോഹൻ ശ്രീവാസ്തവ, മദ്രാസ് ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകൻ ബി.വി. ആചാര്യ എന്നിവരാണ് അംഗങ്ങൾ.

മൂന്നംഗ സമിതിക്ക് തെളിവുകൾ ശേഖരിക്കാനും സാക്ഷികളെ ക്രോസ് വിസ്താരം ചെയ്യാനും അധികാരമുണ്ട്. സ്പീക്കർക്കാണ് അന്വേഷണ റിപ്പോർട്ട് നൽകുക. ആദ്യം ലോക്സഭയിലും പിന്നീട് രാജ്യസഭയിലും ചർച്ചയും വോട്ടെടുപ്പും നടക്കും. ഇരുസഭകളിലും ഹാജരുള്ള എംപിമാരിൽ മൂന്നിൽ രണ്ടു പേർ പ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്താൽ മാത്രമേ പദവിയിൽനിന്നു ജഡ്ജി പുറത്താകുകയുള്ളൂ. ജസ്റ്റിസ് വർമയെ പുറത്താക്കുന്നതിനുള്ള നടപടികൾക്കു തുടക്കമായാണ് അന്വേഷണസമിതിയെ നിയോഗിച്ചത്. 1968-ലെ ജഡ്ജിമാരുടെ അന്വേഷണ നിയമപ്രകാരമാണു സമിതി രൂപീകരിച്ചത്. സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ ഇംപീച്ച്മെന്റിന്മേൽ തുടർനടപടികൾ ഉണ്ടാകില്ലെന്നു സ്പീക്കർ ഓം ബിർള ലോക്സഭയിൽ അറിയിച്ചു. ഭരണപക്ഷ-പ്രതിപക്ഷ പാർട്ടികളിലെ 146 എംപിമാർ ഒപ്പിട്ട ഇംപീച്ച്മെന്റ് പ്രമേയം ജൂലൈ 21-ന് ലഭിച്ചതായി സ്പീക്കർ സഭയെ അറിയിച്ചു. രാജ്യസഭയിൽ പ്രതിപക്ഷത്തെ മാത്രം 63 എംപിമാർ ഒപ്പിട്ട ഇംപീച്ച്മെന്റ് പ്രമേയം സ്വീകരിച്ചതിനെത്തുടർന്നു മണിക്കൂറുകൾക്കകം ചെയർമാനും ഉപരാഷ്ട്രപതിയുമായ ജഗ്ദീപ് ധൻകറുടെ കസേര തെറിച്ചത് വലിയ വിവാദമായിരുന്നു. ലോക്സഭയിൽ സ്പീക്കർക്കു പ്രമേയം സമർപ്പിച്ച അതേദിവസം ഇംപീച്ച്മെന്റ് പ്രമേയം ലഭിച്ചതായും അതിന്മേൽ നടപടി തുടങ്ങുകയാണെന്നും അന്നത്തെ രാജ്യസഭാ ചെയർമാൻ ധൻകർ സഭയെ അറിയിച്ചിരുന്നു. ലോക്സഭയിൽ ഇംപീച്ച്മെന്റ് പ്രമേയത്തിൽ ഒപ്പിട്ട ബിജെപി എംപിമാർ രാജ്യസഭയിൽ അതിനു തയാറാകാത്തത് ദുരൂഹമായി. സാങ്കേതികമായി രാജ്യസഭയിൽ പ്രമേയം സ്വീകരിച്ചിട്ടില്ലെന്നു പിന്നീട് വിശദീകരണം വന്നു. സുപ്രീംകോടതി, ഹൈക്കോടതി ജഡ്ജിയെ നീക്കംചെയ്യുന്നതിനുള്ള നോട്ടീസിൽ ലോക്സഭയിൽ കുറഞ്ഞത് 100 എംപിമാരുടെയും രാജ്യസഭയിൽ 50 എംപിമാരുടെയും ഒപ്പു വേണമെന്നാണ് ചട്ടം.

# കൊപ്പേൽ, മക്കാലൻ ഇടവകകൾ വീണ്ടും ചാമ്പ്യന്മാരായി

മാർട്ടിൻ വിലങ്ങോലിൽ

ടെക്സാസ് (പേർലാൻഡ്): ടെക്സാസ്-ഒക്കലഹോമ റീജിയണിലെ എട്ടാമത് സീറോ മലബാർ ഇന്റർ പാരിഷ് ടാലന്റ് ഫെസ്റ്റിന് (ഐപിടിഎഫ് 2025) ഹൂസ്റ്റണിലെ പേർലാന്റിൽ തിരശീല വീണു. പേർലാൻഡ് സെന്റ് മേരീസ് സീറോമലബാർ ഇടവകയുടെ ആഭിമുഖ്യത്തിൽ ജൂലൈ ഒന്നു മുതൽ മൂന്നു വരെ തീയതികളിലായിരുന്നു ടാലന്റ് ഫെസ്റ്റ്. ഡിവിഷൻ ‘എ’ വിഭാഗത്തിൽ 146 പോയിന്റുകൾ നേടി കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ പാരിഷ് ഓവറോൾ ചാമ്പ്യന്മാരായി. ഗാർലാൻഡ് സെ. തോമസ് ഫൊറോന, ഹൂസ്റ്റൺ സെ. ജോസഫ് ഫൊറോന എന്നീ പാരീഷുകൾ 84, 79 പോയിന്റുകൾ നേടി യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഡിവിഷൻ ‘ബി’യിൽ ഡിവൈൻ മേഴ്സി മക്കാലൻ, സെന്റ് മറിയം ത്രേസ്യ മിഷൻ നോർത്ത് ഡാളസ് എന്നീ പാരിഷുകൾ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. കായികമേളയുടെ ആദ്യ ദിനമായ വെള്ളിയാഴ്ച വൈകുന്നേരം നടന്ന പൊതുസമ്മേളനത്തിൽ ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് തിരി തെളിച്ച് ഫെസ്റ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു.




രൂപതാ പ്രൊക്യുറേറ്റർ ഫാ. കുര്യൻ നെടുവേലിചാലുങ്കൽ, പേർലാൻഡ് സെ. മേരീസ് ഇടവക വികാരിയും ഇവന്റ് ഡയറക്ടറുമായ ഫാ. വർഗീസ് ജോർജ് കുന്നത്ത്, മറ്റ് ഇടവക വികാരിമാരായ ഫാ. മാത്യൂസ് മുഞ്ഞനാട്ട്, ഫാ. ജോണിക്കുട്ടി പുലിശ്ശേരി, ഫാ. സെബാസ്റ്റ്യൻ വലിയപറമ്പിൽ, ഫാ. ജോർജ് പാറയിൽ, ഫാ. സിബി സെബാസ്റ്റ്യൻ, ഫാ. റോയ് മൂലേച്ചാലിൽ, ഫാ. ജിമ്മി എടക്കളത്തൂർ, ഫാ. ആന്റോ ജി. ആലപ്പാട്ട്, ഫാ. സുനോജ് തോമസ്, ഫാ. ബിനീഷ് മാത്യു എന്നിവരും സിസ്റ്റർ ആഗ്നസ് മരിയ, സിസ്റ്റർ ബെൻസി റപ്പായി, മുഖ്യസ്പോൺസറായ സിജോ വടക്കൻ (സിഇഒ ട്രിനിറ്റി ഗ്രൂപ്പ്), ജോസി ജോർജ് (ഗോൾഡ് സ്പോൺസർ, സിഇഒ ഡോൾഫിൻ ഡിജിറ്റൽ) തുടങ്ങിയവരും സന്നിഹിതരായിരുന്നു. ഇതിനോടനുബന്ധിച്ച് വേദിയിൽ നടന്ന ഇടവകകളുടെ മാർച്ച് പാസ്റ്റും ഓപ്പണിംഗ് സെറിമണിയും വർണ്ണാഭമായി. ടെക്സാസ്-ഒക്കലഹോമ റീജിയണിലെ പത്ത് ഇടവകകളിൽ നിന്നായി അറുനൂറോളം മത്സരാർത്ഥികളാണ് മൂന്നുദിവസം നീണ്ട കലാമേളയിൽ പങ്കെടുത്തത്. കുട്ടികളും യുവജനങ്ങളും അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്ത കലാമേള റീജിയണിലെ സീറോമലബാർ വിശ്വാസികൾ പങ്കെടുത്ത വലിയ കൂട്ടായ്മ കൂടിയായി. മേളയോടനുബന്ധിച്ച് നടന്ന റാഫിൾ നറുക്കെടുപ്പും ഭക്ഷ്യമേളയും വൻവിജയമായിരുന്നു.

സമാപനദിവസം നടന്ന പുരസ്കാരദാന ചടങ്ങിൽ ചിക്കാഗോ രൂപതാ പ്രൊക്യുറേറ്റർ ഫാ. കുര്യൻ നെടുവേലിചാലുങ്കൽ, ഇവന്റ് ഡയറക്ടർ ഫാ. വർഗീസ് ജോർജ് കുന്നത്ത്, മറ്റ് ഇടവക വികാരിമാരും സ്പോൺസേഴ്സും ചേർന്ന് വിജയികൾക്കുള്ള ട്രോഫികൾ സമ്മാനിച്ചു.

ഫാ. വർഗീസ് ജോർജ് കുന്നത്ത് (ഇവന്റ് ഡയറക്ടർ), ഫ്ളെമിങ് ജോർജ് (ജനറൽ കോ-ഓർഡിനേറ്റർ), അഭിലാഷ് ഫ്രാൻസിസ് (ഫിനാൻസ്), ജോഷി വർഗീസ് (ഐടി/രജിസ്ട്രേഷൻ), എക്സിക്യൂട്ടീവ് ടീം അംഗങ്ങളായ ആനി ഏബ്രഹാം, ജെയ്സി സൈമൺ, അലീന ജോജോ, ട്രസ്റ്റിമാരായ സിബി ചാക്കോ, ഷാജു ഷാജു നേരെപറമ്പിൽ, ബെന്നിച്ചൻ ജോസഫ്, റജി സെബാസ്റ്റ്യൻ തുടങ്ങിയവരും വിവിധ സബ് കമ്മിറ്റികളും കലാമേളയുടെ വിജയത്തിനു നേതൃത്വം നല്കി.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 87.38 |
| യൂറോ | 102.11 |
| സ്റ്റെർലിംഗ്പൗണ്ട് | 118.35 |
| സ്വിസ് ഫ്രാങ്ക് | 108.31 |
| സിംഗപ്പൂർ ഡോളർ | 68.13 |
| കനേഡിയൻ ഡോളർ | 63.34 |
| ഒമാൻ റിയാൽ | 227.25 |
| ബഹ്റൈൻ ദിനാർ | 231.74 |
| സൗദി റിയാൽ | 23.28 |
| യു.എ.ഇ. ദിർഹം | 23.79 |
| കുവൈത്ത് ദിനാർ | 285.94 |






# IS INDIA STILL A LIBERAL DEMOCRACY?

**George Abraham**

As the Diaspora celebrates the 79th Independence Day of India, a pressing question looms in the minds of people across the globe: Is today's India truly a liberal democracy? This week, we may witness widespread celebrations of India's independence that will be held in many cities across the U.S. However, one may hear very little regarding whether the hard-fought freedom by the founders of modern India is in danger of being extinguished, a concern that should be at the forefront of our discussions.

Many cultural and religious organizations that host such events seem indifferent to the steadily eroding freedoms of India's citizens and the weakening of its democratic institutions. It is essential that the Indian diaspora, with its unique vantage point and influence, take a principled stand and speak out on these issues. Yet, far too often, these forums choose instead to recycle the same celebratory narratives of India's history and heritage, continually invoking our noble ancestry and cultural traditions. Adding to this irony, many of the same leaders neglect to acknowledge the freedoms and opportunities they themselves have enjoyed in their adopted countries—and, in some cases, go so far as to deride the so-called "decadent culture" of the West, as though migration to this part of the world were something imposed upon them.

A noticeable trend in recent years has been the decline of India's rankings on several global indices, especially dealing with subjective issues such as democracy and freedom. According to Varieties of Democracy (V-Dem), which produces the most extensive global dataset on democracy, India remains an "Electoral Autocracy". Freedom House downgraded India from "Free to" Partly Free" and maintained that classification since 2024. The Economic Intelligence Unit (EIU) ranks India as a "Flawed Democracy".

Under Modi's rule, the suppression of journalists has intensified. Tactics such as raiding news organizations like the BBC and bringing up sham charges against investigative journalists have become regular tools of intimidation. The Unlawful Activities Prevention Act, counter-terrorism laws, and a new censorship bill have been used to silence any criticism. India, like any other authoritarian country, has harassed and denied foreign funding to civil society organizations and religious ones. Academic freedom has also been a casualty, leading to the dismissal of professors critical of the Government.

The democratic Institutions that were built and maintained under the Congress rule over the years are under deep duress. There has been a growing pressure on the judiciary by the Executive, resulting in inconsistent rulings in politically sensitive areas. There is also a steep decline in debates in parliaments over critical issues, while the governing party relies more and more on the use of ordinances, marginalizing the opposition. India's election commission appears to have compromised its impartiality while becoming a vassal for the BJP political machine.

India leads the world in Internet shutdowns, and platforms like Twitter and YouTube have been pressured to remove content critical of the Government. There are allegations of Pegasus spyware's use against journalists, activists, and opposition politicians, painting a picture of a surveillance state that is said to be in operation, violating fundamental civil liberties. Since the Narendra Modi government came to power, access to information through the Right to Information (RTI) Act has diminished dramatically, according to the annual report of the Central Information Commission (CIC) for 2014-15. "Every Indian deserves to know the truth," and the BJP wants to hide the truth. The BJP believes the truth must be hidden from the people, and they must not question people in power. The changes proposed to the RTI (Right to the Information Act) would make it a useless Act," Rahul Gandhi, the opposition leader, once said on the X platform.

Agencies such as India's Central Bureau of Investigation (CBI), the Enforcement Directorate of the Finance Ministry, the Tax authorities, and even local police forces are often accused of doing the Government's bidding. The opposition has charged that their leaders have frequently been targeted for harassment, which they consider a political vendetta for expressing their opinions critical of the Government.

Religious freedom in India continued on a downward trend, said



George Abraham

the United States Commission on International Religious Freedom's annual report released recently. It noted that although government statistics have indicated that communal violence has decreased over the past two years, under the BJP rule, Hindu-nationalist groups have sought to "saffronize" India through violence, intimidation, and harassment against non-Hindus and Hindu Dalits. However, the Indian Constitution guarantees freedom of religion through articles 25 and 26. Since the ascendance of Modi as the Prime Minister, tensions between minorities and the majority community have increased in many parts of the country, further pushing minorities towards marginalization.

These days, the Embassies and Consulates of India have been utilized as propaganda machinery for the ruling party in India. In the name of promoting soft power, they have been forced to underwrite programs with intrinsic religious themes or ones that would fit their nationalist agenda. Even English is often being banished at official functions to the dismay of the attendee population, which always includes non-Hindi speaking people from the south or people who are born and brought up abroad.

India's electoral integrity has been a focus of critics and a growing concern in recent years. Rahul Gandhi, the opposition leader, has recently exposed wholesale fraud in the voter rolls in the Mahadevapura constituency in Bangalore in the last parliamentary election. He had earlier alleged bogus turnout in the recently concluded Maharashtra elections. His concern reflects more profound structural anxieties about the whole electoral systems where disparate voices are calling for a shift to paper ballots away from Electronic Voting Machines (EVMs), The changing of the composition of the Election Commission to majority appointees by the ruling disposition cast a serious cloud on that body for its independence and integrity to dealing with chorus of protests and complaints arising from the opposition ranks.

The basis for democracy is Liberty,' said Aristotle. However, today, the Institutions that were built to safeguard that principle are under duress. India is one of the most diverse nations in the world. The country has a population of 80% Hindu, 14% Muslim, Sikhs, and Christians, about 2% each. It has Castes and sub-castes, many languages and dialects, and varying customs and traditions, including different dress codes and dietary habits. That is the crossroad where India is today, with Narendra Modi in power, disregarding the aspirations of the minorities and diminishing the power structures that provided political and social equilibrium in the last six decades or more.

Many liberal critics of the Modi regime sincerely believe that his administration is run by a political dogma inspired by the RSS ideology. That ideology is based on a common thread promoted by the Sangh Parivar organizations and is called the 'Hindu Nationalist agenda of the BJP.' The ultimate goal of the agenda is to transform the pluralistic and democratic India into a Hindu nation where the majority religion will have the preeminence and minorities are relegated to a subservient role, probably being denied equal protection or opportunities, that too, to a substantial segment of the population.

The constitution's framers created a democratic system wherein the legislature would make laws, the Executive would implement laws and be accountable to parliament, and an independent judiciary would interpret them. They also put in a system of checks and balances among these three organs of the state. However, over the years, these three organs of the state have pushed the boundaries of their relationship with one another. NDA has the majority in the Lok Sabha, where they pass ordinary bills and then pass them on to the Rajya Sabha as Money bills to circumvent their numerical impairment in that body. They have also shown utter disregard for deliberating on essential bills, bypassing various parliamentary committees.

The Bhartiya Janata Party's victory in the Lok Sabha elections of 2014 has ushered in an unprecedented attack on India's democracy and injected new elements of intolerance and authoritarianism into the lives of people living in the country. Most political scientists agree that a liberal democracy rests on the pillars of free and fair elections, the rule of law, civil liberties, minority rights protection, pluralism, political competition, and institutional autonomy. The Modi government has utterly failed on those scores, earning India the inglorious title of a 'flawed democracy'.

Martin Luther King Jr. once said: Our lives begin to end the day we become silent about things that matter. The question is: will the Diaspora continue its long-held silence on the state of India's democracy?

## ഡോ. വന്ദനാദാസിന്റെ ഓർമ്മയ്ക്കായി ആശുപത്രി തുറന്നു

കടുത്തുരുത്തി: കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ജോലിക്കിടെ അക്രമിയുടെ കുത്തേറ്റുമരിച്ച യുവഡോക്ടർ വന്ദനാദാസിന്റെ സ്മരണയ്ക്കായി മാതാപിതാക്കൾ കടുത്തുരുത്തി മധുരവേലിയിൽ ആശുപത്രി തുടങ്ങി. ആശുപത്രിയുടെ ഉദ്ഘാടനം മന്ത്രി വി.എൻ. വാസവൻ നിർവഹിച്ചു. ചടങ്ങിൽ അഡ്വ. മോൻസ് ജോസഫ് എംഎൽഎ അദ്ധ്യക്ഷത വഹിച്ചു.

ഫാർമസിയുടെ ഉദ്ഘാടനം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ. പ്രിയയും ഡിഡിആർസി ലാബിന്റെ ഉദ്ഘാടനം ഐഎംഎ ജില്ലാ ചെയർമാൻ ഡോ.ആർ.പി. രഞ്ജിനും നിർവഹിച്ചു. മധുരവേലി പ്ലാമൂട് ജങ്ഷനു സമീപം ലക്ഷ്മി കോംപ്ലക്സിലാണ് ആശുപത്രി. ദിവസവും രാവിലെ ഒൻപതുമുതൽ വൈകിട്ടുവരെ പ്രവർത്തിക്കും. വന്ദനയുടെ പേരിൽ തുടങ്ങുന്ന രണ്ടാമത്തെ ആതുരാലയമാണിത്. ഒക്ടോബറിൽ ആലപ്പുഴ തൃക്കുന്നപ്പുഴ വലിയപറമ്പിൽ വന്ദനയുടെ പേരിൽ ആശുപത്രി തുടങ്ങിയിരുന്നു.



ഡോ. വന്ദനാദാസ്

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഹൗസ് സർജനായി ജോലിചെയ്യവേ, വൈദ്യപരിശോധനയ്ക്ക് പോലീസെത്തിച്ച സന്ദീപ് എന്ന പ്രതിയുടെ കുത്തേറ്റാണ് 2023 മേയ് 10-ന് പുലർച്ചെ ഡോ. വന്ദനാദാസ് കൊല്ലപ്പെട്ടത്.

കോട്ടയം മുട്ടുചിറ നമ്പിച്ചിറക്കാലായിൽ (കാളിപറമ്പ്) കെ.ജി. മോഹൻദാസിന്റെയും വസന്തകുമാരിയുടെയും ഏകമകളായിരുന്നു വന്ദന.

## ആര്യപ്പള്ളിൽ പ്രഫ. എ.എം. ജോൺ അന്തരിച്ചു



കുമ്പനാട്: ആര്യപ്പള്ളിൽ പരേതനായ എ.വി. മത്തായിയുടെ (ഉണ്ണിസാർ) മകൻ പ്രഫ. എ.എം. ജോൺ (92) അന്തരിച്ചു. ഭാര്യ എലിസബത്ത് ജോൺ ആനപ്പറമ്പാൽ ചിറ്റേഴത്ത് കുടുംബാംഗമാണ്. മക്കൾ: ബിന്ദു ഫിലിപ്പ്, സിന്ദു ജോൺസൺ, സന്തോഷ് ജോൺ. 19-ന് ചൊവ്വാഴ്ച രാവിലെ 9 മുതൽ 10 വരെ ഗാനം ആര്യപ്പള്ളിൽ ഭവനത്തിൽ വെച്ച് പൊതുദർശനവും തുടർന്ന് 11 മണി മുതൽ കുമ്പനാട് ശാലേം മാർത്തോമ്മാ പള്ളിയിൽ സംസ്കാര ശുശ്രൂഷകളും നടക്കും.

**വാർത്ത: രാജൻ ആര്യപ്പള്ളിൽ**

# SEEKING BRIDEGROOM

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller.
Please respond with a photo to **dm1235@gmail.com**

## SEEKING BRIDEGROOM CONTD.....


## Visit Our Website:
## www.keralaexpress.com for Matrimonial

# നിര്യാതരായി

## ജോൺ ജോസഫ്

**പാലാ:** മൂന്നാനി മലയിൽ ജോൺ ജോസഫ് (പാപ്പച്ചൻ–88) അന്തരിച്ചു. ഭാര്യ രാമപുരം കടലംകാട്ട് ത്രേസ്യാമ്മ ജോൺ. മക്കൾ: ജെസ്സി സ്കറിയാച്ചൻ (റിട്ട. ടീച്ചർ), ജോബി ജോൺ, ജീന ജോസ്, ജ്യോതി സാബു (യുഎസ്), ജോയൽ ജോൺ (ഓസ്ട്രേലിയ), ഡോ. ജിഷ നിവിൻ (യുഎസ്). മരുമക്കൾ: സ്കറിയാച്ചൻ താളുകണ്ടത്തിൽ ജുവലേഴ്സ് ഇരിട്ടി), സ്വപ്ന ജോബി പണിക്കരേടം (ചങ്ങനാശേരി), ജോസ് ജോസഫ് പനയ്ക്കൽ (ജെൻ ഔഷധി വലവൂർ), സാബു സ്കറിയ പാറയിൽ പ്ലാസനാൽ (യുഎസ്), ഡോ. ജോസ്മി ജോയൽ വീട്ടിയാങ്കൽ കുടയത്തൂർ (ഓസ്ട്രേലിയ), ഡോ. നിവിൻ ഹാറൂൺ തോട്ടത്തിൽ മൂവാറ്റുപുഴ (യുഎസ്).

## വാണിയപള്ളിൽ രാജു



**ന്യൂയോർക്ക്/മാത്തൂർ:** വാണിയപള്ളിൽ വി.ജി. രാജു (75) അന്തരിച്ചു. ഭാര്യ പന്തളം കൂരമ്പാല അമ്പലത്തിനാൽ സുമ രാജു. മകൾ: റിൻസി ലിജോ. മരുമകൻ: ലിജോ തങ്കച്ചൻ (ദുബായ്). സഹോദരങ്ങൾ: റോസമ്മ മാത്യു (ന്യൂയോർക്ക്), ഡെയ്സി ഓഗസ്റ്റിൻ (ന്യൂയോർക്ക്).

**പാലാ:** നെല്ലിയാനി നിത്യാരാധന മഠാംഗമായ സിസ്റ്റർ സോഫി അഴകത്ത് മേവട (92) അന്തരിച്ചു.

**കരുവാരക്കുണ്ട്:** വിമലഹൃദയാശ്രമം ഡയറക്ടറായിരുന്ന സിസ്റ്റർ ജോസി (76)അന്തരിച്ചു.

## പോത്തൻ ഏബ്രഹാം

**ഞീഴൂർ:** എൻഎംഎആർ റിട്ട. ജീവനക്കാരൻ മുകളേൽ പോത്തൻ ഏബ്രഹാം (86) അന്തരിച്ചു. ഭാര്യ ചേറ്റുകുളം പറത്താത്ത് ഏലിയാമ്മ. മക്കൾ: സാബു (ഐഎസ്ആർഒ തിരുവനന്തപുരം), സലീജ, സോഫിയ (ഇരുവരും യുഎസ്), പരേതയായ സീന. മരുമക്കൾ: സിനി തച്ചേരിൽ (ഇരവിമംഗലം), ജോസ് കൂവക്കട (വാകത്താനം), ഷിബു മുടിക്കുന്നേൽ (ഉഴവൂർ), ജോണി ആക്കംപറമ്പിൽ (സംക്രാന്തി).

## ജി. കുമാരക്കുറുപ്പ്

**കുടമാളൂർ:** ആര്യയിൽ ജി. കുമാരക്കുറുപ്പ് (93) അന്തരിച്ചു. ഭാര്യ രാജമ്മ ജി. കുറുപ്പ്. മക്കൾ: ഗിരിജ ബാലൻ, സതീഷ് പി. കുറുപ്പ്, സുരേഷ് ബാബു (യുഎസ്). മരുമക്കൾ: പരേതനായ ബാലകൃഷ്ണൻനായർ, പുഷ്പ സതീഷ്, അനില സുരേഷ്.

**താഴത്തുവടകര:** തിരുഹൃദയ സന്യാസിനി സമൂഹം അസം അമല പ്രോവിൻസ് അംഗം സിസ്റ്റർ ഫ്ളവർലെറ്റ് (തങ്കമ്മ –76) അന്തരിച്ചു.

**തിരുവല്ല:** സിഎംഎസ് കോളജ് റിട്ട. വൈസ് പ്രിൻസിപ്പൽ കോട്ടയം കണ്ടംതോട്ടുകര ജേക്കബ് വർഗീസ് (78) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** രൂപത വൈദികൻ ഫാ. ജോർജ് ഡി. വെള്ളാപ്പള്ളി (77) അന്തരിച്ചു.

**എസ്.എച്ച്.മൗണ്ട്:** ഫോട്ടോഗ്രാഫർ മറ്റത്തിപ്പറമ്പിൽ ബേബി തോമസ് (72) കാനഡയിൽ അന്തരിച്ചു.

**സൗത്ത് പാമ്പാടി:** കണിയാംപറമ്പിലായ കോഴിവള്ളിൽ കെ.വി. ഐസക് (അച്ചൻകുഞ്ഞ്–81) അന്തരിച്ചു.

**കൊടുങ്ങൂർ:** ചർച്ച് ഓഫ് ഗോഡ് ഫെലോഷിപ് ഇൻ ഇന്ത്യ ദൈവസഭ ഫൗണ്ടർ ജനറൽ പ്രസിഡണ്ട് പാസ്റ്റർ എം.എം. ചാക്കോ കണ്ണന്താനം (90) അന്തരിച്ചു.

## ഏലിയാമ്മ തോമസ് അന്തരിച്ചു



**ഫിലാഡൽഫിയ:** കീഴ്വായ്പൂർ കരോട്ട് ബഥേലിൽ പരേതനായ കുര്യൻ തോമസിന്റെ ഭാര്യ ഏലിയാമ്മ തോമസ് (ചിന്നമ്മ–93) ഫിലാഡൽഫിയയിൽ അന്തരിച്ചു. പരേതേ ഫിലാഡൽഫിയയിലെ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഫിലാഡൽഫിയയിലെ സജീവ അംഗമായിരുന്നു. മക്കൾ: മോളി സാറാ ചാക്കോ, സൂസൻ ഏബ്രഹാം (മിനു), എലിസബത്ത് കുര്യൻ (മോജി). മരുമക്കൾ: കെ.സി. ചാക്കോ (തമ്പി), തോമസ് ഏബ്രഹാം (ബിനോയ്), സ്റ്റീവൻ.

ഓഗസ്റ്റ് 18–ന് തിങ്കളാഴ്ച രാവിലെ 9 മുതൽ 12.30 വരെ പൊതുദർശനവും (Pentecostal Church of Philadelphia, 7101 Pennway St., Philadelphia, PA 19111) തുടർന്ന് ഉച്ചയ്ക്ക് ഒരു മണിക്ക് ഫോറസ്റ്റ് ഹിൽസ് സെമിത്തേരിയിൽ (Forest Hills Cemetery, 3573 Pine Road, Huntingdon Valley, PA 19006) സംസ്കാരവും നടക്കും.

വാർത്ത: ബോസി ചാണ്ടപ്പിള്ള

## പി.കെ. ശാന്തകുമാരി

**കൊച്ചി:** കടവന്ത്ര കൊടയ്ക്കാട്കുന്നം പി.കെ. ശാന്തകുമാരി (79) ബംഗ്ളൂരിൽ അന്തരിച്ചു. ഭർത്താവ് ശ്രീധരൻ നമ്പൂതിരി (റിട്ട. സയന്റിസ്റ്റ്) മക്കൾ: ജയശ്രീ (അദ്ധ്യാപിക), ഡോ. രാജശ്രീ (യുഎസ്). മരുമക്കൾ: കെ.എൻ. നാരായണൻ നമ്പൂതിരി), പി.എസ്. വിനോദ് (യുഎസ്).

## ചിന്നമ്മ ഏബ്രഹാം

**ആനപ്രമ്പാൽ:** റിട്ട. ഗവ. നേഴ്സ് കുറ്റിയിൽ കളരിക്കൽ ചിന്നമ്മ ഏബ്രഹാം (71) ഫിലാഡൽഫിയയിൽ അന്തരിച്ചു. പുളിങ്കുന്ന് കേളചാടയിൽ കുടുംബാംഗമാണ്. ഭർത്താവ് ഏബ്രഹാം ചാക്കോ. മക്കൾ: സൂര്യ, സിന്റോ, സിജോ. മരുമക്കൾ: റോണി സൈമൺ മണലേൽ (വെച്ചൂച്ചിറ), ഗ്രീന കുര്യാക്കോസ് പുതിയേടത്ത് (രാമമംഗലം), ഒലിവിയ ബെന്നി തെക്കേമഠത്തിൽ (ചിങ്ങവനം).

## കുഞ്ഞമ്മ കുഞ്ഞപ്പി



**കൊല്ലം:** കുന്നത്തൂർ തുരുത്തിക്കര മരുതിനാംവിളയിൽ പരേതനായ കുഞ്ഞപ്പി ചാക്കോയുടെ സഹധർമ്മിണി കുഞ്ഞമ്മ കുഞ്ഞപ്പി (101) ഡാളസിൽ അന്തരിച്ചു. കുന്നത്തൂർ പ്രദേശത്തെ ആദ്യകാല പെന്തെക്കോസ്ത് വിശ്വാസിയും കല്ലട തരകൻപറമ്പിൽ കുടുംബാംഗവുമാണ്. മക്കൾ: തങ്കമ്മ കുര്യൻ, പൊടിയമ്മ ഏബ്രഹാം, പെണ്ണമ്മ മാത്യു, മേരിക്കുട്ടി വർഗീസ്, പാസ്റ്റർ കെ. ജോയി (ഡൽഹി), കെ. ബാബു, റോസമ്മ മാത്യു, കെ. തോമസ്കുട്ടി. മരുമക്കൾ: പരേതനായ പാസ്റ്റർ ടി.എൽ. കുര്യൻ, പി.സി. ഏബ്രഹാം, മാത്യു മത്തായി, ടൈറ്റസ് വർഗീസ്, സൂസമ്മ ജോയി, സിസിലിയാമ്മ ബാബു, ഷാജു മാത്യു, ഷേർലി തോമസ്. മാധ്യമപ്രവർത്തകനായ സാം മാത്യു കൊച്ചുമകനാണ്.

**മാങ്ങാനം:** പെരുമ്പാവൂർ ആശ്രമം ഹൈസ്കൂൾ മുൻ ക്ലാർക്ക് വടക്കേനടയിൽ വി.ഐ. പുന്നൻ (അച്ചൻകുഞ്ഞ് –95) അന്തരിച്ചു.

**ളാക്കാട്ടൂർ:** പുത്തൻപറമ്പിൽ പരേതനായ പി.എം. പൗലോസിന്റെ ഭാര്യ ഏലിയാമ്മ പൗലോസ് (84) അന്തരിച്ചു.

**അതിരമ്പുഴ:** മാറാമ്പിൽ എം.കെ. ജോസഫ് (95) അന്തരിച്ചു.

**നാലുകോടി:** വീയപുരം പുതുപ്പറമ്പിൽ ജിജി തോമസ് (57) അന്തരിച്ചു.

## മൊയലൻ ആന്റണി തോമസ്



**ഹൂസ്റ്റൺ:** ഒല്ലൂർ സ്വദേശി മൊയലൻ ആന്റണി തോമസ് (95) ഹൂസ്റ്റണിൽ അന്തരിച്ചു. ബർമയിലും തുടർന്ന് ഒറീസയിലും ജോലി ചെയ്തശേഷം കേരളത്തിലേക്കു മടങ്ങിയ പരേതൻ പിന്നീട് അമേരിക്കയിലേക്ക് മടങ്ങിയെത്തുകയായിരുന്നു. ഭാര്യ സെലിൻ സ്കൂൾ പ്രിൻസിപ്പലായിരുന്നു. മക്കൾ: ബിജോയ്, സന്തോഷ്, ഡോ. ആനി (സീമ) മൈക്കൾസ്. മരുമക്കൾ: നിർമ്മല, ഷൈനി, മൈജോ മൈക്കൾസ് (കൈരളി ഓഫ് ബാൾട്ടിമോർ പ്രസിഡണ്ട്).

**അങ്കമാലി:** വിൻസൻഷ്യൻ സഭ മേരി മാതാ പ്രോവിൻസ് അംഗം ഫാ. ജോസഫ് പാറേൽ (93) അന്തരിച്ചു.

**തൊടുപുഴ:** കോലാനി മൂൺ ട്രേഡേഴ്സ് ഉടമ മ്രാല ഇല്ലിക്കുന്നുംപുറത്ത് ഇ.ജെ. അലക്സാണ്ടർ (സണ്ണി–69) അന്തരിച്ചു.

**കൊട്ടാരക്കര:** കൊട്ടാരക്കര ബാർ അസോസിയേഷൻ മുൻ പ്രസിഡണ്ട് സായികൃപയിൽ അഡ്വ. ആർ. കൃഷ്ണകുമാർ (64) അന്തരിച്ചു.

## അന്നമ്മ ജോസഫ്

**ഏറ്റുമാനൂർ:** പഴേമ്പള്ളിൽ തെക്കേപ്പുരയിൽ അന്നമ്മ ജോസഫ് (96) അന്തരിച്ചു. മാഞ്ഞൂർ അയിത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.കെ. ജോസഫ്. മക്കൾ: ജേക്കബ് (യുഎസ്), ആൻസി, ജോൺസൺ (സൗദി), ഡെയ്സി. മരുമക്കൾ: ഉഷ തച്ചാറ (കുമരകം), ഫിലിപ്പ് വയലുപടിയാനിക്കൽ (വലവൂർ), ഡെയ്സി പള്ളിയാർത്തുണ്ടത്തിൽ (എസ്.എച്ച് മൗണ്ട്), തോമസ് സ്രാമ്പിക്കൽ (വെളിയന്നൂർ).

**നാലുകോടി:** കാഞ്ഞുപറമ്പിൽ കെ.എ. തോമസുകുട്ടിയുടെ ഭാര്യ കുറിച്ചി ഗവ. ഹൈസ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക ലിസി മാത്യു (83) അന്തരിച്ചു.

**കുന്നക്കരി:** കവലയ്ക്കൽ കെ.പി. കുരുവിള (കുര്യാച്ചൻ –78) അന്തരിച്ചു.

**ചങ്ങനാശേരി:** പാറേൽ പള്ളിക്കു സമീപം താവളത്തിൽ റിട്ട. മിലിട്ടറി ഓഫീസർ വർഗീസ് ജോസഫിന്റെ ഭാര്യ ത്രേസ്യാമ്മ ജോസഫ് (79) അന്തരിച്ചു.

**ചെന്നിത്തല സൗത്ത്:** വല്ലൂർ ഷാജി വില്ലയിൽ മറിയാമ്മ ഇടുക്കുള (കുഞ്ഞുമോൾ–62) അന്തരിച്ചു.

## മറിയാമ്മ തോമസ്

**മാന്നാനം:** വലക്കടവിൽ പരേതനായ തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് (78) അന്തരിച്ചു. മീനടം നരിമറ്റത്തിൽ കുടുംബാംഗമാണ്. മക്കൾ: ബിജു തോമസ് (യുഎസ്), സുജ തോമസ്. മരുമക്കൾ: റെജി കുരുവിള കാട്ടടിയിൽ, ജോമ ബിജു പാലത്തിങ്കൽ.

**പിഴക്:** രാജസ്ഥാൻ മൗണ്ട് അബു സെ. ജോസഫ്സ് സ്കൂൾ റിട്ട. പ്രിൻസിപ്പൽ മാനത്തൂർ കുരീക്കാട്ട് ജോർജ് മാത്യു (68) അന്തരിച്ചു.

**കങ്ങഴ:** പാടത്തുമാപ്പിള കുടുംബാംഗമായ പീടിയേക്കൽ പരേതനായ പി.ടി. ജോയിയുടെ ഭാര്യ പൊന്നമ്മ ജോയി (87) അന്തരിച്ചു.

**ചാന്നാനിക്കാട്:** അറയ്ക്കൽ പരേതനായ എ.ഐ. ജോസഫിന്റെ ഭാര്യ തങ്കമ്മ ജോസഫ് (96) അന്തരിച്ചു.

**അരീക്കര:** പേഴത്തുമാക്കിൽ (മുണ്ടപ്ലാക്കിൽ) കുര്യാക്കോ മത്തായി (96) അന്തരിച്ചു.

**തലവടി:** ഐപിസി സോദരി സമാജം തിരുവല്ല സെന്റർ സെക്രട്ടറി മാമ്മൂട്ടിൽ ലാലി ബാബു (65) അന്തരിച്ചു.

**പൈക:** മരങ്ങാട്ട് തോമസ് അഗസ്റ്റിന്റെ (റിട്ട. കനറ ബാങ്ക്) ഭാര്യ മേരിക്കുട്ടി (സിസി–71) അന്തരിച്ചു.

## ഇന്ദിരാദേവി

**വാക്കാട്:** അമ്പാടിയിൽ ഇന്ദിരാദേവി (64) അന്തരിച്ചു. ഭർത്താവ് പരേതനായ സി.ബി. ഗോപാലകൃഷ്ണൻ നായർ (വയല). മക്കൾ: സ്വാതികൃഷ്ണ, ഹരികൃഷ്ണൻ. മരുമകൻ: വിനീഷ് രവീന്ദ്രൻ പൂവക്കുളം (യുഎസ്).

**മുട്ടുചിറ:** ആണ്ടുമ്യാലിൽ ഗ്രേസമ്മ ജേക്കബ് (83) അന്തരിച്ചു.

**ചങ്ങനാശേരി:** തുരുത്തി ചക്യായിൽ അഗസ്റ്റിൻ ജോസഫ് (കുട്ടപ്പൻ–88) അന്തരിച്ചു.

**മാവേലിക്കര:** കൊച്ചാലുംമൂട് കുറ്റിയിൽ ഗ്രേസ് വില്ലയിൽ അന്നമ്മ അലക്സാണ്ടർ (റോസമ്മ–84) അന്തരിച്ചു.

**മൂവാറ്റുപുഴ:** പെരിങ്ങഴ പരുന്തുംപ്ലാവിൽ പി.എ. മത്തായി (മത്തച്ചൻ–81) അന്തരിച്ചു.

**ചാത്തന്നൂർ:** മാമ്പള്ളിക്കുന്നം കൃപയിൽ (ചെരുപ്പിലാഴികത്ത്) റാഹേലമ്മ ചെറിയാൻ (80) അന്തരിച്ചു.

**തേവലക്കര:** കണ്ണാടിമുക്കിൽ അമ്മിണി ജേക്കബ് (74) അന്തരിച്ചു.

**ചാലക്കുടി:** തൃശൂർ സിഎംഐ ദേവമാതാ പ്രൊവിൻസ് അംഗവും പോട്ട കെഇസി യുപി സ്കൂൾ മുൻ പ്രിൻസിപ്പലുമായ ഫാ. ജോയ് കൊടിയൻ (52) അന്തരിച്ചു.

**പാലാ:** ഇളംതോട്ടം അരീക്കൽ പരേതനായ ദേവസ്യായുടെ മകൻ ജിമ്മി സെബാസ്റ്റ്യൻ (54) അന്തരിച്ചു.

## എ.ഒ. ജോസഫ്

**അറുനൂറ്റിമംഗലം:** ആമ്പക്കാട്ട് എ.ഒ. ജോസഫ് (പാപ്പച്ചൻ–84) അന്തരിച്ചു. ഭാര്യ കീഴൂർ പാറപ്പുറത്ത് ലീല. മക്കൾ: നിഷ (യുഎസ്), നിജു (കാനഡ). മരുമക്കൾ: സന്തോഷ് കരിമുണ്ടയ്ക്കൽ ഇരവിമംഗലം (യുഎസ്), ഷീജ പന്തല്ലൂർ ഊട്ടി (കാനഡ).

**ചങ്ങനാശേരി:** വലിയകുളം പാത്തിക്കൽമുക്ക് പാത്തിക്കൽ പരേതനായ ജോസുകുട്ടിയുടെ ഭാര്യ അന്നമ്മ ജോസ് (പെണ്ണമ്മ–84) അന്തരിച്ചു.

## ഏലിയാമ്മ പരേഖ്



**ഡിട്രോയിറ്റ്:** മുളക്കുഴ പിരളശ്ശേരി മക്കാട്ടിൽ കുടുംബാംഗമായ ഏലിയാമ്മ പരേഖ് (88) ഡിട്രോയിറ്റിൽ അന്തരിച്ചു. ആദ്യകാല പ്രവാസികളിൽ ഒരാളായ ഏലിയാമ്മ ഡിട്രോയിറ്റ് മാർത്തോമ്മാ ഇടവകാംഗമാണ്. പരേതനായ മൻഹർ പരേഖിന്റെ സഹധർമ്മിണിയാണ്. മക്കൾ: ഡോ. അനിത, അഞ്ജു. മരുമക്കൾ: ഡോ. റാണ്ടി, ക്രെയിഗ്.

**കടപ്ലാമറ്റം:** സെ. ജോസഫ്സ് എൽപിഎസ് റിട്ട. അദ്ധ്യാപിക ഇട്ടിയേപ്പാറ ഗോപുരത്ത് കെ.ജെ. മറിയം (മറിയക്കുട്ടി–90) അന്തരിച്ചു.

**ചിങ്ങവനം:** പ്ലാന്തോട്ടത്തിൽ അന്നമ്മ ഏബ്രഹാം (89) അന്തരിച്ചു.

**മാമ്മൂട്:** തോട്ടത്തിൽ പരേതനായ എസ്. ചാൾസിന്റെ ഭാര്യ ആലീസ് ചാൾസ് (87) അന്തരിച്ചു.

**പെരുവ:** കാരിക്കോട് തേയത്ത് കൊച്ചുതുരുത്തേൽ തോമസിന്റെ ഭാര്യ മോളി തോമസ് (83) അന്തരിച്ചു.

**വള്ളിച്ചിറ:** മാളിയേക്കൽ (ആദോപ്പള്ളിൽ) ചാക്കോയുടെയും ത്രേസ്യാമ്മയുടെയും മകൻ സിബി ചാക്കോ (52) അന്തരിച്ചു.

**രാമപുരം:** പാലവേലിൽ കല്ലടയിൽ ടോണി ജോസഫ് (56) അന്തരിച്ചു.

**പയ്യന്നൂർ:** ആദ്യകാല ഡോക്ടറും ഫുട്ബോൾ താരവും പയ്യന്നൂർ നേഴ്സിങ് ഹോം ഉടമയുമായിരുന്ന കുപ്പാടകത്ത് ഡോ. ഭാസ്കരൻ നമ്പ്യാർ (92) അന്തരിച്ചു.

**രാമപുരം:** വരിക്കമാക്കൽ ജോസഫ് മാനുവലിന്റെ ഭാര്യ മേരി ജോസഫ് (69) അന്തരിച്ചു.

**അരിക്കുഴ:** തരണിയിൽ പെണ്ണമ്മ കുര്യാക്കോസ് (79) അന്തരിച്ചു.

# Holiday Let

## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ shopping centres. Beautiful view of Kochi City. Location- Vennala near Holiday Inn Hotel.

**Contact NG Jerome**

**Mob: +91 9446211630**




## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**

**845 480 4721 or**

**email drmathai123@gmail.com**

## ചിക്കാഗോയിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ചിക്കാഗോയിലുള്ള കുടുംബത്തിന് നവജാത ശിശുവിനായി മലയാളം സംസാരിക്കുന്ന Baby Sitter-നെ ആവശ്യമുണ്ട്. അനുഭവമുള്ള, വിശ്വാസമർഹിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:**

**Rose Vadakara 708-662-0774**

### ഉപകാരസ്മരണ



*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



*Inserted by: Firm Believer, Atlanta*

### *Favors Received*




"Thank you, Kreupassnam Mathavu for all the blessings you have bestowed upon my family."

*Inserted by:* **Alyssa and Ajitha Kurien**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Houston*

**Visit Our Website:** **www.keralaexpress.com for Classified Advt.**




# അഭിനയ യാത്രയിൽ പുത്തൻ വഴിത്തിരിവായി മീനാക്ഷി



**അ**ഭിനയയാത്രയിൽ പുതിയ വഴിത്തിരിവിലാണു യുവതാരം മീനാക്ഷി അനൂപ്. ഷാഹി കബീർ എഴുതിയ ചാക്കോച്ചൻ ചിത്രം 'ഓഫീസർ ഓൺ ഡ്യൂട്ടി'യിലാണ് മാറ്റത്തിന്റെ തുടക്കം. അതിലെ നിളയെന്ന കരുത്താർന്ന കേന്ദ്രകഥാപാത്രമാകാൻ മീനാക്ഷിക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. ഇന്ദ്രൻസിനൊപ്പം പ്രധാനവേഷം ചെയ്ത പ്രൈവറ്റ് എന്ന ചിത്രം റിലീസിനൊരുങ്ങുന്നു. രാജകന്യകയാണു പുത്തൻ റിലീസ്. സിനിമ, ടോപ് സിംഗർ ആങ്കറിംഗ്, ഡിഗ്രി പഠനം, സോഷ്യൽ മീഡിയ... വേറിട്ട അനുഭവങ്ങളുടെ നിറക്കൂട്ടുകളുമായി മീനാക്ഷി സംസാരിക്കുന്നു.

അമർ അക്ബർ അന്തോണിയും ഒപ്പവും കഴിഞ്ഞ് വലിയ ഒരു ക്രൂവിനൊപ്പവും, മാർട്ടിൻ പ്രക്കാട്ട് ഫിലിംസ് എന്ന നല്ല ഒരു ബാനറിനൊപ്പവും ഞാൻ ചെയ്ത പടമാണ് ഓഫീസർ ഓൺ ഡ്യൂട്ടി. അതിനുമുന്നെയും നായികാതുല്യ കഥാപാത്രങ്ങൾ വന്നിരുന്നെങ്കിലും അത്രയും പക്വതയുള്ള വേഷങ്ങൾ കൈകാര്യം ചെയ്യാനാകുമെന്ന ഉറപ്പ് എനിക്കില്ലായിരുന്നു. ഓഫീസറിലെ നായികാ കഥാപാത്രമല്ല നിള. പക്ഷേ, നിളയിലൂടെയാണു കഥാസഞ്ചാരം. മാർട്ടിൻ പ്രക്കാട്ട്, ജിത്തു അഷ്റഫ്, ചാക്കോച്ചൻ, പ്രിയചേച്ചി.... എനിക്ക് ആ ക്രൂ പ്രിയപ്പെട്ടതാണ്. എന്റെ ഭാഗ്യത്തിന് അഭിനയിച്ച എല്ലാ പടങ്ങളിലും എനിക്കൊരു ഹിറ്റ് പാട്ട് കിട്ടാറുണ്ട്. ചാക്കോച്ചനും ഞാനുമൊത്തുള്ള പാട്ടിറങ്ങിയപ്പോൾ ഒപ്പത്തിൽ ലാലേട്ടനൊപ്പം കണ്ടതുപോലെ ഒരു ഫീൽ കിട്ടിയതായി പലരും പറഞ്ഞു. ഈ പടത്തിനുവേണ്ടി വില്ലന്മാരുൾപ്പെടെയുള്ളവരുടെ പരിശ്രമങ്ങൾ എനിക്കറിയാം. പക്ഷേ, പടം തീരുമ്പോൾ ആളുകൾക്കു വൈകാരിക അടുപ്പം നിളയോടാണ്. കാരണം, ഇവരുടെ അദ്ധ്വാനമെല്ലാം എന്റെ കഥാപാത്രത്തിലേക്കാണു വന്നുചേർന്നത്.

കുറച്ചു സങ്കീർണമായ കഥയാണു 'പ്രൈവറ്റ്' പറയുന്നത്. നമ്മൾ പുറത്തു പറയാത്ത അല്ലെങ്കിൽ പുറത്തറിയാത്ത കുറേ കാര്യങ്ങൾ - അതാണു ദീപക് ഡിയോൺ സംവിധാനംചെയ്ത പ്രൈവറ്റ്. ഇന്ദ്രൻസേട്ടന്റെ മാരാർ, ഞാൻ അവതരിപ്പിക്കുന്ന അഷിത ബീഗം എന്നിവരാണു കേന്ദ്ര കഥാപാത്രങ്ങൾ. അതിനൊപ്പം വളരെ ബോൾഡായ ഒരു സ്റ്റോറി ലൈൻ പറഞ്ഞുപോകുന്നു. അതിലൊരു പൊളിറ്റിക്സ് സംസാരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് ഇപ്പോൾ ചിത്രം സെൻസർ പ്രശ്നങ്ങൾ നേരിടുന്നതും. കളങ്കാവലിന്റെ കാമറ ചെയ്ത ഫൈസൽ അലിയാണു ഛായാഗ്രഹണം. മ്യൂസിക് അശ്വിൻ സത്യ. എന്റെ പ്രായത്തിലുള്ള, കുട്ടിക്കളിയുള്ള, അതേസമയം ബോൾഡായ, നമുക്ക് വൈകാരിക അടുപ്പം തോന്നാൻ സാധ്യതയുള്ള കഥാപാത്രമാണ് അഷിത.

അദ്ഭുതങ്ങളാണല്ലോ എന്ന ചിന്തയിലേക്കു നമ്മൾ പോവില്ല. നടനുമപ്പുറം നല്ല ഒരു മനുഷ്യൻ. മനസുകൊണ്ടു വലിയ അടുപ്പമായി.

ഞാൻ കുറച്ചുനാൾ മുന്നേ ചെയ്ത സിനിമയാണ് രാജകന്യക. ഗസ്റ്റ് റോൾ പോലെ എന്നാൽ ഒരു സർപ്രൈസിംഗ് കാരക്ടറാണ് അതിൽ. ഡിവൈൻ ഫാന്റസി പശ്ചാത്തലത്തിലുള്ള ചിത്രം.

സിനിമകൾ തെരഞ്ഞെടുക്കുമ്പോൾ ഞാനും അച്ഛനും അമ്മയുമൊന്നിച്ചാണു കഥകൾ കേൾക്കുന്നത്. ചിലതിൽ നമുക്കു താത്പര്യം തോന്നുന്ന ഒന്നുമുണ്ടാവില്ല. പക്ഷേ, മേക്ക് ചെയ്തുവരുമ്പോൾ നമ്മൾ വിചാരിക്കാത്ത ഒരു ഭംഗിയാവും സിനിമയ്ക്ക്. ടെക്നീഷൻസ് ആരൊക്കെയെന്നു ശ്രദ്ധിള്ളത്.

നമ്മൾ ഒരു നടിയോ ഡോക്ടറോ എഞ്ചിനീയറോ ആവട്ടെ, നമ്മുടെ ഗവൺമെന്റിനെപ്പറ്റിയോ നമ്മുടെ നാട്ടിൽ വളരണമെന്ന് ആഗ്രഹമുള്ള കാര്യത്തെപ്പറ്റിയോ പറയുന്നതുകൊണ്ട് ഒരു കുഴപ്പവുമില്ല. കാരണം, ഞാനൊരു സിറ്റിസൺ ആണല്ലോ. ഞാൻ മണർകാട് സെന്റ് മേരീസിൽ ഡിഗ്രി സെക്കൻഡ് ഇയർ പഠിക്കുകയാണ്. വീട്ടിലെ മറ്റുള്ളവരോടു സംസാരിച്ചു ഞാൻ പറയുന്നതു മണ്ടത്തരമല്ലെന്നുറപ്പു വരുത്തി അതു പുറത്തുപറയുന്നതുകൊണ്ട് തെറ്റില്ലല്ലോ. പുതിയ വിദ്യാഭ്യാസപദ്ധതി നല്ലതെന്നു തോന്നി. ഞാൻ പഠിക്കുമ്പോൾ അതില്ലായിരുന്നു. എന്റെ അനിയന്മാർക്കും അനിയത്തിമാർക്കും അ




അഭിനേത്രിയെന്ന നിലയിൽ എനിക്കങ്ങനെ മാറ്റങ്ങളൊന്നും ഫീൽ ചെയ്തില്ല. പ്രൈവറ്റിലും ഓഫീസറിലുമൊക്കെ എനിക്കൊപ്പം മികച്ച ക്രൂ ഉള്ളതിനാൽ എനിക്ക് അതിന്റെ ടെൻഷനോ സ്ട്രെയിനോ എടുക്കേണ്ടിവന്നില്ല. കാരണം, എന്താണു വേണ്ടതെന്നും എന്താണു ചെയ്യേണ്ടതെന്നും അവർക്കു കൃത്യമായ ബോദ്ധ്യമുള്ളതിനാൽ എനിക്ക് അതേപ്പറ്റി കൂടുതൽ ചിന്തിക്കേണ്ടിവന്നില്ല.

ഷൂട്ടിംഗ് കഴിഞ്ഞു മടങ്ങുമ്പോൾ ഇന്ദ്രൻസ് അങ്കിളിന്റടുത്തുനിന്നു മാറിനിൽക്കണമെന്നോർത്തായിരുന്നു ഏറ്റവും വിഷമം. സാധാരണ സിനിമയേക്കാൾ പ്രൈവറ്റിനു ഷൂട്ടിംഗ് ഡേറ്റ്സ് കൂടുതലായിരുന്നു. അത്രയുംനാൾ ഒന്നിച്ചുണ്ടായതിനാൽ എന്നെ വളരെ കാര്യമായി കൊണ്ടുനടന്നയാളാണ്. സെറ്റിലെ ആദ്യ ദിവസങ്ങളിൽ അദ്ദേഹം എത്ര രസമായിട്ടാണു ചെയ്യുന്നത് എന്നൊരു ഫീലാണ്. പിന്നീട് അങ്ങനെ ചെയ്തുനോക്ക് ഇങ്ങനെ ചെയ്തുനോക്ക് എന്നൊക്കെ നമ്മളോടു പറയും. മൂന്നാം ദിവസം കഴിയുമ്പോൾ അദ്ദേഹം എന്റേതാണ് എന്നൊരു തോന്നലുണ്ടാകും. അതിനാൽ വലിയ ആക്ടർ ആണല്ലോ, ചെയ്തതു വലിയ ക്കാറുണ്ട്. കഥാപാത്രം നമുക്കു ചെയ്യാൻ പറ്റുന്നതാണോ, യോജിക്കുന്നതാണോ എന്നൊക്കെ ശ്രദ്ധിക്കും. കൈയിൽ കിട്ടുന്ന എല്ലാ സിനിമകളും ചെയ്യാൻ ആഗ്രഹമില്ല. എനിക്കു പെർഫെക്ടായി തോന്നുന്നതാണു ചെയ്യുന്നത്.

വീട്ടമ്മമാരും മറ്റും എന്നെ വളരെ സീരിയസായ ഒരാളായി കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എല്ലാ കാര്യങ്ങളും നമ്മൾ എല്ലാവരോടും പറയേണ്ട ആവശ്യമില്ലല്ലോ. ടോപ് സിംഗർ.. അതൊരു കുടുംബമാണ്. അവിടെ പാട്ടും അതിന്റെ വിഷയങ്ങളുമൊക്കെ നന്നായി സംസാരിച്ചുപോകുന്നു. അതിന്റെയിടയിലൂടെ നമ്മുടെ അഭിപ്രായങ്ങൾ പറഞ്ഞ് അതിനെ മുഴപ്പിച്ചു നിർത്തേണ്ട ആവശ്യമില്ല. എഫ്ബിയും ഇൻസ്റ്റഗ്രാമുമൊക്കെ പ്രൈവറ്റ് പ്ലാറ്റ്ഫോമാണ്. മറ്റേതൊരു മീഡിയയാണ്. അവർക്ക് അവരുടേതായ ആവശ്യങ്ങളുണ്ട്. നമ്മൾ അതനുസരിച്ചു നിന്നാൽ മാത്രംമതി. എന്റെ സോഷ്യൽ മീഡിയ എന്റെ പേഴ്സണൽ സ്പേസാണ്. എന്റെ ആവശ്യങ്ങളും എന്റെ കാഴ്ചപ്പാടുകളും എഴുതാനും പറയാനുമുള്ള ഒരു പോക്കറ്റ് സ്ഥലം. അതുകൊണ്ടാണ് എന്നെ അവിടെ കൂടുതൽ കാണാറുതു കിട്ടുന്നതു വലിയ കാര്യമാണ്.

വൈശാഖൻ തമ്പിയെക്കുറിച്ചും ബൈജു ഡോക്ടറിനെപ്പറ്റിയും എഴുതുന്നത് അവർ എന്റെ ജീവിതത്തിൽ അത്രയും പ്രിയപ്പെട്ടവരായതുകൊണ്ടാണെന്ന് മീനാക്ഷി പറഞ്ഞു. സൂചി പേടിയുള്ള എന്നെ കൊഞ്ചിച്ച് പേടിയില്ലാതാക്കി. ചികിത്സിച്ച് കാര്യമായി കൊണ്ടുനടക്കുന്നയാളാണ് ബൈജു ഡോക്ടർ. മമിതച്ചേച്ചിയുടെ അച്ഛൻ എന്നു പറഞ്ഞാൽ എല്ലാവരും അറിയും എന്നതുകൊണ്ട് അതു സൂചിപ്പിച്ചുവെന്നേയുള്ളൂ. അന്നു ഡോക്ടേഴ്സ് ഡേയും ആയിരുന്നു. ഞാനായി പരിചയപ്പെടുത്തിയ ആളല്ല വൈശാഖൻ തമ്പി. ഇതു വൈശാഖൻ സാറിന്റെ ഇഫക്ടാണെന്ന് എന്റെ അഭിമുഖങ്ങൾക്കു കമന്റടിക്കുന്നവരുണ്ട്. സാർ പറഞ്ഞ കാര്യങ്ങളിലൂടെയാണ് ഇപ്പോൾ ഞാൻ അറിയപ്പെടുന്നത്. അല്ലാതെ ഞാൻ വഴിയല്ല അദ്ദേഹം അറിയപ്പെട്ടത്. ശാസ്ത്രീയ, സാമൂഹിക ബോധത്തിന്റെ കാര്യങ്ങളിൽ എന്നെ ഏറെ സ്വാധീനിച്ച വ്യക്തി. ഞാനതു പോസ്റ്റ് ചെയ്യുന്നതു വഴി എന്റെ പ്രായത്തിലുള്ളവർക്കും സാറിനെ പരിചയപ്പെടാനും ആ വഴിയിൽ ചിന്തിക്കാനും പറ്റുകയെന്നതു വലിയ കാര്യമാണ്.

## വലതുവശത്തെ കള്ളൻ

**ബി**ജു മേനോൻ, ജോജു ജോർജ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജിത്തു ജോസഫ് സംവിധാനം ചെയ്യുന്ന വലതു വശത്തെ കള്ളൻ എന്ന സിനിമയുടെ ചിത്രീകരണം പൂർത്തിയായി.

ലെന, നിരഞ്ജന അനൂപ്, ഇർഷാദ്, ഷാജു ശ്രീധർ, സംവിധായകൻ ശ്യാമപ്രസാദ്, മനോജ് കെ.യു, ലിയോണാ ലിഷോയ്, കിജൻ രാഘവൻ എന്നിവരാണു മറ്റു പ്രമുഖ താരങ്ങൾ. ബഡ് സ്റ്റോറീസുമായി സഹകരിച്ച് ഓഗസ്റ്റ് സിനിമയുടെ ബാനറിൽ ഷാജി നടേശൻ നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സതീഷ് കുറുപ്പ് നിർവഹിക്കുന്നു. ഡിനു തോമസ് ഈലൻ തിരക്കഥ-സംഭാഷണമെഴുതുന്നു.




# ദുരൂഹതയുടെ വഴിയിലൊരു ത്രില്ലർ ചിത്രം ക്രിസ്റ്റീന

ഗ്രാമവാസികളുടെ പ്രിയപ്പെട്ടവരായ നാലു ചെറുപ്പക്കാരായ സുഹൃത്തുക്കളുടെ ഇടയിലേക്ക് ഒരു സെയിൽസ് ഗേൾ കടന്നു വരുന്നതോടെ ആ ഗ്രാമത്തിൽ ഉടലെടുക്കുന്ന പ്രശ്നങ്ങളും തുടർന്നുണ്ടാകുന്ന സങ്കീർണതകളും ത്രില്ലർ മൂഡിൽ അവതരിപ്പിച്ചിരിക്കുന്ന ചിത്രം ക്രിസ്റ്റീനയുടെ സെക്കന്റ് ലുക്ക് പുറത്ത്. ചിത്രത്തിന്റെ ഭാഗമായവരുടെ സോഷ്യൽ മീഡിയ പേജുകളിലൂടെയാണ് പോസ്റ്റർ പുറത്തിറക്കിയത്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, തമിഴ്നാട് എന്നിവിടങ്ങളിലായിരുന്നു ചിത്രീകരണം.




സിഎസ് ഫിലിംസിന്റെ ബാനറിൽ ചിത്രാ സുദർശനൻ നിർമിച്ച് സുദർശൻ രചനയും സംവിധാനവും നിർവഹിക്കുന്നു. സുധീർ കരമന, എം. ആർ. ഗോപകുമാർ, സീമ ജി. നായർ, നസീർ സംക്രാന്തി, ആര്യ, മുരളീധരൻ (ഉപ്പും മുളകും ഫെയിം), രാജേഷ് കോബ്ര, ശിവമുരളി, മായകൃഷ്ണ, ശ്രീജിത്ത് ബാലരാമപുരം, സുനീഷ് കെ. ജാൻ, കലാഭവൻ നന്ദന എന്നിവർ പ്രധാന കഥാപാത്രങ്ങളാകുന്നു.

ബാനർ-സിഎസ് ഫിലിംസ്, നിർമാണം-ചിത്രാ സുദർശനൻ, രചന, സംവിധാനം-സുദർശനൻ, ഛായാഗ്രഹണം-ഷമീർ ജിബ്രാൻ, എഡിറ്റിംഗ്-അക്ഷയ് സൗദ, ഗാനരചന-ശരൺ ഇൻഡോകേര, സംഗീതം-ശ്രീനാഥ് എസ്. വിജയ്, ആലാപനം-ജാസി ഗിഫ്റ്റ്, നജിം അർഷാദ്, രശ്മി മധു, ലക്ഷ്മി രാജേഷ്, കോസ്റ്റ്യൂം-ഇന്ദ്രൻസ് ജയൻ, ബിജു മങ്ങാട്ടുകോണം, ചമയം-അഭിലാഷ് തിരുപുറം, അനിൽ നേമം, കല-ഉണ്ണി റസ്സൽപുരം, പ്രൊഡക്ഷൻ കൺട്രോളർ-അജയഘോഷ് പരവൂർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-സബിൻ കാട്ടുങ്കൽ, ബിജിഎം-സൻഫീർ, മ്യൂസിക് റൈറ്റ്സ്-ഗുഡ്‌വിൽ എന്റർടെയ്ൻമെന്റ്സ്, പ്രൊഡക്ഷൻ മാനേജർ-ആർ.കെ. കല്ലുംപുറത്ത്, വിജയലക്ഷ്മി വാമനപുരം, സ്റ്റുഡിയോ-ചിത്രാഞ്ജലി, സ്റ്റിൽസ്-അഖിൽ.

# ജയപാൽ സ്വാമിനാഥന്റെ 'എംജി 24' ഉടൻ റിലീസ് ചെയ്യും

നിഗൂഢതകളുടെ അദ്ഭുത ലോകം കാഴ്ചവെക്കുകയാണ് എംജി 24 എന്ന തമിഴ് ചിത്രം. ജയപാൽ സ്വാമിനാഥൻ നിർമിക്കുന്ന ഈ ചിത്രം, തമിഴിലെ യുവ സംവിധായകൻ ഫയർ കാർത്തിക് സംവിധാനം ചെയ്യുന്നു. ചിത്രീകരണം പൂർത്തിയായ ചിത്രം കേരളത്തിലും തമിഴ്നാട്ടിലും മറ്റ് ഭാഷകളിലുമായി ഉടൻ റിലീസ് ചെയ്യും. എംജിആറിന്റെ വലിയ ആരാധകനായ നിർമാതാവ് ജയപാൽ സ്വാമിനാഥൻ, ചിത്രത്തിന്റെ പൂജയും ചിത്രീകരണത്തിന്റെ ആരംഭവും, എംജിആറിന്റെ കൊല്ലങ്കോട് വടവന്നൂരുള്ള അമ്മവീട്ടിലാണു നടത്തിയത്. എംജി 24 എന്നു പേരിടാനും കാരണം ഇതാണ്. പ്രണവ് മോഹനൻ, ജസ്റ്റീൻ വിജയ് എന്നിവർ പ്രധാന വേഷത്തിലെത്തുന്ന ചിത്രത്തിൽ, മലയാളിയായ ജയശ്രീയും പ്രധാനമായൊരു കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ജെ.ആർ. സിനിവേർസിക്കുവേണ്ടി ഡോ. കെ. രാജേന്ദ്രൻ അവതരിപ്പിക്കുന്ന ചിത്രം, ജയപാൽ സ്വാമിനാഥൻ നിർമിക്കുന്നു.




രചന, സംവിധാനം-ഫയർ കാർത്തിക്, കാമറ-ബി. ബാലാജി, നവീൻ കുമാർ, ഗാനരചന-പ്രീയൻ, പിതാൻ വെങ്കിട്ടരാജ്, ശിവൻ, സംഗീതം-സദാശിവ ജയരാമൻ, ആലാപനം-ശെന്തിൽ ദാസ് വേലായുധൻ, വള്ളവൻ അണ്ണാദുരൈ, മാതംഗി അജിത്ത് കുമാർ, മോഹിത ബാലമുരുകൻ, ആർട്ട്-നടരാജ്, വിഎഫ്എക്സ്- വി. ധനശേഖർ, കോറിയോഗ്രാഫർ-അർജുൻ കാർത്തിക്, സംഘട്ടനം-ഫയർ കാർത്തിക്, പ്രവീൺ, രഞ്ജിത്ത്, സൗണ്ട് ഡിസൈൻ-ഗോഡ് വിൻ. ശ്വേത നടരാജ്, എം. ധനലക്ഷ്മി, ആട്ടോ ചന്ദ്രൻ, അബ്ദുൾ ബസീദ്, പിമ്മി, പ്രഭാകരൻ നാഗരാജൻ, അർജുൻ കാർത്തിക്, ഡോ. കെ. രാജേന്ദ്രൻ, ജയപാൽ എസ്, യുവരാജ് എന്നിവരും അഭിനയിക്കുന്നു.

# ബത്‌ലഹേം കുടുംബയൂണിറ്റിൽ നിവിൻ പോളിയും മമിതയും




ഭാവന സ്റ്റുഡിയോസിന്റെ ബാനറിൽ ദിലീഷ് പോത്തൻ, ഫഹദ് ഫാസിൽ, ശ്യാം പുഷ്കരൻ എന്നിവർ ചേർന്ന് നിർമിക്കുന്ന പുതിയ ചിത്രമായ ബത്‌ലഹേം കുടുംബ യൂണിറ്റിൽ നിവിൻ പോളിയും മമിത ബൈജുവും പ്രധാന വേഷങ്ങളിൽ എത്തുന്നു. പ്രേമലു സംവിധാനം ചെയ്ത ഗിരീഷ് എ.ഡിയാണ് സംവിധായകൻ. കുമ്പളങ്ങി നൈറ്റ്സ് മുതൽ പ്രേമലു വരെ ഭാവന സ്റ്റുഡിയോസ് നിർമ്മിച്ച അഞ്ച് സിനിമകളും പ്രേക്ഷകർ ഏറ്റെടുത്തിരുന്നു. പുതിയ ചിത്രത്തിന് തിരക്കഥയൊരുക്കുന്നത് ഗിരീഷ് എ.ഡിയും കിരൺ ജോസിയും ചേർന്നാണ്. റൊമാന്റിക് കോമഡി ജോണറിൽ തന്നെയാണ് ഈ ചിത്രവും ഒരുങ്ങുന്നത്. വിഷ്ണു വിജയ് സംഗീത സംവിധാനം നിർവഹിക്കുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം അജ്മൽ സാബു. എഡിറ്റിങ് ആകാശ് ജോസഫ് വർഗീസ്.

# 'കൂലി' പ്രദർശനത്തിനെത്തി

സ്റ്റൈൽ മന്നൻ രജനികാന്തിനെ കേന്ദ്ര കഥാപാത്രമാക്കി ലോകേഷ് കനകരാജ് സംവിധാനം ചെയ്യുന്ന കൂലി പ്രദർശനത്തിനെത്തി.

രജനീകാന്തിന്റെ 171-ാമത് ചിത്രമായ കൂലിയിൽ നാഗാർജുന, ഉപേന്ദ്ര, സത്യരാജ്, സൗബിൻ ഷാഹിർ, ശ്രുതി ഹാസൻ, റീബ മോണിക്ക ജോൺ, ജൂനിയർ എം.ജി.ആർ, മോനിഷ ബ്ലെസി തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.




അമീർ ഖാൻ, പൂജ ഹെഗ്ഡെ തുടങ്ങിയവർ അതിഥിതാരങ്ങളായി പ്രത്യക്ഷപ്പെടുന്നു.

സൺ പിക്ചേഴ്സിന്റെ ബാനറിൽ കലാനിധിമാരൻ നിർമിച്ച ഈ ചിത്രത്തിന്റെ ഛായാഗ്രഹണം മലയാളിയായ ഗിരീഷ് ഗംഗാധരൻ നിർവഹിക്കുന്നു.

എഡിറ്റർ-ഫിലോമിൻ രാജ്, സംഗീതം-അനിരുദ്ധ് രവിചന്ദർ, ഗാനരചന-മുത്തുലിംഗം, ഗായകർ-അനിരുദ്ധ് രവിചന്ദർ, ടി. രാജേന്ദ്രൻ, അറിവ്. നാന്നൂറ് കോടി മുതൽമുടക്കുള്ള ഈ ചിത്രം സ്റ്റാൻഡേർഡ്, ഐമാക്സ് ഫോർമാറ്റുകളിൽ റിലീസ് ചെയ്യും.

# കുട്ടനാടിനെ പരീക്ഷണശാലയാക്കരുത്: ആർച്ച് ബിഷപ് മാർ തോമസ് തറയിൽ

മങ്കൊമ്പ്: കുട്ടനാടിന്റെ പ്രശ്നങ്ങൾക്കു പരിഹാരം ആവശ്യപ്പെട്ടു ചങ്ങനാശേരി അതിരൂപതാ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കുട്ടനാട് ഐക്യദാർഢ്യ ധർണയിൽ പ്രതിഷേധമിരമ്പി. ചങ്ങനാശേരി അതിരൂപതാ ആർച്ച് ബിഷപ് മാർ തോമസ് തറയിൽ വിശ്വാസികൾക്കൊപ്പം കുട്ടനാടിനായി ഉപവാസമിരുന്നു. ആർച്ച് ബിഷപ്പിന് ഐക്യദാർഢ്യവുമായി ബിഷപ്പുമാരും വൈദികരും സിസ്റ്റർമാരും ധർണയിൽ പങ്കെടുത്തു. വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ രാഷ്ട്രീയ പാർട്ടികൾ കുട്ടനാടിനെ പരീക്ഷണശാലയാക്കരുതെന്നും കുട്ടനാടിന്റെ പ്രശ്നങ്ങൾ ഗൗരവത്തോടെ കാണാൻ തയാറാകണമെന്നും ധർണ ഉദ്ഘാടനം ചെയ്ത ആർച്ച് ബിഷപ് പറഞ്ഞു.

നാലു മാസമായി മാറാത്ത വെള്ളക്കെട്ടും കൃഷി മേഖലയിലെ പ്രശ്നങ്ങളും മൂലം ദുരിതത്തിലായ ജനത്തിന്റെ പ്രശ്നങ്ങളിൽ നിസ്സംഗത പാലിക്കുന്ന ഭരണകൂടങ്ങൾ ഒരു ജനാധിപത്യരാജ്യത്തു തന്നെയാണോ നിലനിൽക്കുന്നതെന്നു മനസ്സിലാകുന്നില്ല. രാജ്യാന്തര ശ്രദ്ധ നേടിയ കുട്ടനാട് സർക്കാരുകളുടെ നിഷ്ക്രിയത്വം മൂലം വികസനത്തിൽ പിന്നോട്ടുപോകുന്നു.

2007-ൽ സമർപ്പിച്ച സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിനും 2019-ൽ രൂപീകരിച്ച മോണിറ്ററിങ് കമ്മിറ്റിക്കും തുടർപ്രവർത്തനങ്ങൾ ഇല്ലാത്തതു ജനത്തെ തെരുവിലിറങ്ങാൻ നിർബന്ധിതരാക്കുന്നു. സർക്കാർ എത്തിനോക്കാത്ത കുട്ടനാട്ടിലെ തുരുത്തുകളിൽപോലും സ്കൂളുകളും ആശുപത്രികളും ആരംഭിച്ച ചങ്ങനാശേരി അതിരൂപത ആ കരുതൽ തുടരുമെന്നും മാർ തോമസ് തറയിൽ പറഞ്ഞു.

അതിരൂപതാ മുഖ്യ വികാരി ജനറൽ മോൺ. ആന്റണി എത്തക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ഷംഷാബാദ് രൂപതാ സഹായമെത്രാൻ മാർ തോമസ് പാടിയത്ത്, ഉജ്ജയിൻ രൂപതാ ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ, ചങ്ങനാശേരി അതിരൂപതാ വികാരി ജനറൽമാരായ മോൺ. സ്കറിയ കന്യാകോണിൽ തുടങ്ങിയവർ പ്രസംഗിച്ചു.

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ വിവിധ സംഘടനകളുടെ സഹകരണത്തോടെ നടത്തിയ ധർണയിൽ വിവിധ ഇടവകകളിൽ നിന്നായി ആയിരക്കണക്കിനാളുകൾ പങ്കെടുത്തു.

# മേഘവിസ്ഫോടനവും മണ്ണിടിച്ചിലും; കത്വയിൽ 7 മരണം

ജമ്മു: ജമ്മു കശ്മീരിലെ കത്വ ജില്ലയിൽ മേഘവിസ്ഫോടനവും മണ്ണിടിച്ചിലുമുണ്ടായ രണ്ട് വ്യത്യസ്ത സംഭവങ്ങളിൽ ഏഴു പേർ മരിച്ചു. ഏതാനും പേർക്ക് പരുക്ക്. മരിച്ചവരിൽ അഞ്ചു പേർ കുട്ടികളാണ്.

ജോഡ് ഘാട്ടിയിൽ മേഘവിസ്ഫോടനം മൂലമുണ്ടായ വെള്ളപ്പൊക്കത്തിൽ അഞ്ചു പേർക്കാണ് ജീവൻ നഷ്ടമായത്. ജൻമോട്ടിൽ മണ്ണിടിച്ചിലിൽ രണ്ടുപേർ മരിച്ചു.

കഴിഞ്ഞ ശനി, ഞായർ ദിവസങ്ങളിൽ രാത്രിയിലാണ് രണ്ട് സംഭവങ്ങളുമുണ്ടായത്. റെയിൽവേ ട്രാക്ക്, ദേശീയപാത-44, പോലീസ് സ്റ്റേഷൻ എന്നിവ തകർന്നു.

കനത്ത മഴയെത്തുടർന്ന് മിക്ക ജലാശയങ്ങളിലെയും ജലനിരപ്പ് ഉയർന്നതായും ഉജ്ഡ് നദി അപകടമേഖലയ്ക്കു സമീപം ഒഴുകുന്നതായും ഉദ്യോഗസ്ഥർ പറഞ്ഞു. ജമ്മുകശ്മീരിലെ കിഷ്ത്വാറിൽ മേഘവിസ്ഫോടനത്തിലും മിന്നൽപ്രളയത്തിലും അറുപതിലധികം പേർ മരിച്ചു.

# ബാറ്ററി സാങ്കേതികവിദ്യയിൽ എസ്ബി കോളജിന് ഇന്ത്യൻ പേറ്റന്റ്

ചങ്ങനാശേരി: ഊർജ സംരക്ഷണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന കണ്ടുപിടിത്തത്തിന് ചങ്ങനാശേരി സെന്റ് ബെർക്കുമാൻസ് (എസ്ബി) ഓട്ടോണമസ് കോളജിന് ഇന്ത്യൻ പേറ്റന്റ് ലഭിച്ചു. കോളജിലെ ഭൗതികശാസ്ത്ര വിഭാഗത്തിലെ അധ്യാപകരായ ഡോ. മനുജ എം., ഡോ. ജിജോ തോമസ് എന്നിവർ ചേർന്ന് വികസിപ്പിച്ച റീചാർജ് ചെയ്യാവുന്ന മഗ്നീഷ്യം അയൺ കൊയിൻ സെൽ സാങ്കേതിക വിദ്യക്കാണ് പേറ്റന്റ് 569664 നമ്പറിൽ പേറ്റന്റ് ലഭിച്ചത്. നിലവിൽ റീചാർജ് ചെയ്യാവുന്ന ബാറ്ററികളുടെ ലോകം അടക്കിവാഴുന്ന ലിഥിയം അധിഷ്ഠിത ബാറ്ററികൾക്ക് ബദലായി കൂടുതൽ സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ ഒരു സാങ്കേതിക വിദ്യയാണ് ഈ അധ്യാപകർ മുന്നോട്ടു വയ്ക്കുന്നത്. എസ്ബി കോളജിന്റെ പേരിൽ ആദ്യമായാണ് കണ്ടുപിടിത്തത്തിന്റെ പേറ്റന്റ് ലഭിക്കുന്നത്.

ഈ കണ്ടുപിടിത്തം സെൻസറുകൾ, കുറഞ്ഞ ഊർജം ആവശ്യമുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവയ്ക്ക് ഏറെ അനുയോജ്യമാണ്. നിലവിലെ ലിഥിയം ബാറ്ററികളെ അപേക്ഷിച്ച് മഗ്നീഷ്യം വില കുറഞ്ഞതും സുലഭവുമാണ്. തീപിടിക്കാനോ പൊട്ടിത്തെറിക്കാനോ ഉള്ള സാധ്യത വളരെ കുറവായതിനാൽ ഇവ കൂടുതൽ സുരക്ഷിതവുമാണ്. കുറഞ്ഞ സ്ഥലത്ത് കൂടുതൽ ഊർജം സംഭരിക്കാൻ മഗ്നീഷ്യത്തിന് സാധിക്കുമെന്നതും ഈ സാങ്കേതികവിദ്യയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

മഗ്നീഷ്യം ബാറ്ററികളുടെ പ്രധാന വെല്ലുവിളി അനുയോജ്യമായ ഒരു കാഥോഡിന്റെ (പോസിറ്റീവ് ഇലക്ട്രോഡ്) അഭാവമായിരുന്നു. ഈ പ്രശ്നത്തിന് പരിഹാരമായി പീസോ-ഇലക്ട്രിക് സ്വഭാവമുള്ള ഒരു പുതിയ കാഥോഡ് ഇവർ വികസിപ്പിച്ചു. ഇതിനൊപ്പം പീസോ-ഇലക്ട്രിക് ഗുണങ്ങളുള്ള ഒരു പോളിമർ ഇലക്ട്രോലൈറ്റ് കൂടി ചേർത്തതോടെ ബാറ്ററിയുടെ പ്രകടനം ഗണ്യമായി മെച്ചപ്പെട്ടു. ശുദ്ധമായ മഗ്നീഷ്യം ലോഹം ആനോഡായും (നെഗറ്റീവ് ഇലക്ട്രോഡ്), പീസോ-ഇലക്ട്രിക് കാഥോഡും പീസോ-ഇലക്ട്രിക് പോളിമർ ഇലക്ട്രോലൈറ്റും അടങ്ങുന്നതാണ് ഈ കോയിൻ സെൽ.

പേറ്റന്റ് ലഭിച്ചതിലെ വേഗമാണ് ഈ കണ്ടുപിടിത്തത്തിന്റെ മറ്റൊരു സവിശേഷത. അപേക്ഷ നൽകി വെറും എട്ടുമാസത്തിനുള്ളിൽ പേറ്റന്റ് ലഭിച്ചത് കണ്ടുപിടിത്തത്തിന്റെ പ്രാധാന്യവും അപേക്ഷയുടെ കൃത്യതയും എടുത്തുകാണിക്കുന്നു. പേറ്റന്റ് അറ്റോർണിമാരായ ഡോ. കെ.ടി. വർഗീസ്, ഡോ. ജേക്കബ് ജോർജ് എന്നിവരാണ് അപേക്ഷ സമർപ്പിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിയത്.

ഈ നേട്ടം കോളജിന്റെ ഗവേഷണ മികവിനും നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലുള്ള പ്രതിബദ്ധതയ്ക്കും ലഭിച്ച അംഗീകാരമാണെന്ന് കോളജ് വൈസ് പ്രിൻസിപ്പൽമാരായ ഫാ. ജോസ് മുല്ലക്കരി, ഡോ. സിബി ജോസഫ്, ഡോ. കെ.വി. ജോമോൻ എന്നിവർ പറഞ്ഞു.

## രാഹുൽ നയിക്കുന്ന 'വോട്ടർ അധികാർ' യാത്ര

(3-ാം പേജിൽനിന്നും)

അവരുടെ വോട്ടെല്ലാം ബിജെപിക്കു പോയി. ലോക്സഭയിൽ ലഭിച്ച വോട്ട് കോൺഗ്രസിനു നിയമസഭയിലും ലഭിച്ചു. ഒരു വോട്ടും കുറഞ്ഞില്ല. അത്തരം കൂട്ടിച്ചേർക്കലുകൾ നടന്നിടത്തെല്ലാം ബിജെപി വിജയിച്ചു." രാഹുൽ ആരോപിച്ചു.

ബിഹാറിലെ തെരഞ്ഞെടുപ്പ് മോഷ്ടിക്കപ്പെടാൻ ജനങ്ങൾ അനുവദിക്കില്ല. പാവപ്പെട്ടവർക്കു വോട്ടിന്റെ അധികാരം മാത്രമാണുള്ളത്. അത് കവർന്നെടുക്കാൻ അനുവദിക്കില്ല. എന്താണു തെരഞ്ഞെടുപ്പ് കമ്മീഷൻ ചെയ്യുന്നതെന്ന് ഇപ്പോൾ ഇന്ത്യക്കു മുഴുവനറിയാം. ബിഹാർ, മഹാരാഷ്ട്ര, ആസാം, പശ്ചിമബംഗാൾ എന്നിങ്ങനെ എവിടെ വോട്ട് മോഷണം നടന്നാലും പിടികൂടി ജനങ്ങളുടെ മുന്നിൽ വെക്കുമെന്നു രാഹുൽ പറഞ്ഞു. ഇന്ത്യാ സംഖ്യ പാർട്ടികൾ തെരഞ്ഞെടുപ്പ് കമ്മീഷനു പരാതി നൽകുകയും വീഡിയോ ദൃശ്യങ്ങൾ ആവശ്യപ്പെടുകയും ചെയ്തെങ്കിലും കമ്മീഷൻ നിരസിക്കുകയാണുണ്ടായത്. ഈ യുദ്ധം ഭരണഘടന സംരക്ഷിക്കാനുള്ളതാണ്. ആർഎസ്എസും ബിജെപിയും ഭരണഘടനയെ ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്-രാഹുൽ ഗാന്ധി കൂട്ടിച്ചേർത്തു.

നരേന്ദ്ര മോദി സർക്കാരിന്റെ ഏജന്റിനെപ്പോലെയാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ പെരുമാറുന്നതെന്നു കോൺഗ്രസ് പ്രസിഡണ്ട് മല്ലികാർജുൻ ഖാർഗെ കുറ്റപ്പെടുത്തി. ഭരണഘടനയ്ക്കും ജനങ്ങളുടെ വോട്ടവകാശത്തിനും ഇതൊരു ഭീഷണിയാണെന്നും അദ്ദേഹം പറഞ്ഞു.

ആർജെഡി അധ്യക്ഷൻ ലാലു പ്രസാദ്, ബിഹാർ പ്രതിപക്ഷ നേതാവ് തേജസ്വി യാദവ്, സിപിഐ (എംഎൽ) ലിബറേഷൻ ജനറൽ സെക്രട്ടറി ദീപാങ്കർ ഭട്ടാചാര്യ, സിപിഎം നേതാവ് സുഭാഷിണി അലി, സിപിഐ നേതാവ് പി. സന്തോഷ്കുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ബിഹാറിലെ 20 ജില്ലകളിലൂടെ കടന്നുപോകുന്ന യാത്ര സെപ്റ്റംബർ ഒന്നിനു പാറ്റ്നയിൽ അവസാനിക്കും. ഭാരത് ജോഡോ യാത്ര പോലെ കാൽനടയായും വാഹനത്തിലുമാണു യാത്ര.

## 'വോട്ട് കൊള്ള'

(3-ാം പേജിൽനിന്നും)

പ്രതിപക്ഷം നിരന്തരം ഉന്നയിക്കുന്ന ബിഹാറിലെ സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തെയും തെരഞ്ഞെടുപ്പു കമ്മീഷൻ ന്യായീകരിച്ചു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി മിക്ക രാഷ്ട്രീയപാർട്ടികളും ആവശ്യപ്പെടുന്ന പുതുക്കലാണ് പ്രത്യേക തീവ്ര പരിഷ്കരണത്തിലൂടെ (എസ്ഐആർ സ്പെഷൽ ഇന്റൻസീവ് റിവിഷൻ) തെരഞ്ഞെടുപ്പു കമ്മീഷൻ ബിഹാറിൽ നടപ്പാക്കിയത്. അടിസ്ഥാനപരമായി എല്ലാ വോട്ടർമാരും രാഷ്ട്രീയ പാർട്ടികളും ബിഎൽഒമാരും സുതാര്യമായ രീതിയിൽ ഒരുമിച്ചു പ്രവർത്തിച്ചാണ് വോട്ടർപട്ടിക പരിഷ്കരണം സാധ്യമാക്കിയത്. ഇതിനെതിരെ ഉയരുന്ന ആരോപണങ്ങൾ ആശയക്കുഴപ്പം ഉണ്ടാക്കുന്നതിനുള്ള ബോധപൂർവമായ നടപടിയാണെന്നും കമ്മീഷൻ പറഞ്ഞു. ഏഴ് കോടിയിലധികം വോട്ടർമാർ പട്ടികയിൽ ഉൾപ്പെട്ടപ്പോൾ കമ്മീഷന്റെയോ വോട്ടർമാരുടെയോ വിശ്വാസ്യതയെ ചോദ്യംചെയ്യരുതെന്നും ഗ്യാനേഷ് കുമാർ വ്യക്തമാക്കി.

## ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ്

(ഒന്നാം പേജിൽ നിന്നും)

നേരത്തേ, സ്ഥാനാർത്ഥിയെ തീരുമാനിക്കാൻ എൻഡിഎ യോഗം പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും ബിജെപി അധ്യക്ഷൻ ജെ.പി. നഡ്ഡയെയും ചുമതലപ്പെടുത്തിയിരുന്നു.

പ്രതിപക്ഷത്തിന്റെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥി ആരെന്നതിൽ ഇപ്പോഴും തീരുമാനമായിട്ടില്ല. 21 വരെയാണു പത്രിക സമർപ്പിക്കാനുള്ള അവസരം. ഭരണപക്ഷത്തിന്റെ നോമിനിയെ പിന്തുണയ്ക്കാനുള്ള തീരുമാനം സ്ഥാനാർത്ഥിയെ ആശ്രയിച്ചിരിക്കുമെന്നാണു പ്രതിപക്ഷ അംഗങ്ങൾ അറിയിച്ചത്. സമവായത്തിലൂടെ ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നതായി ജെ.പി. നഡ്ഡ പറഞ്ഞു.

കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിങ്, സർബാനന്ദ സോനാവാൾ, മുൻ കർണാടക മുഖ്യമന്ത്രി ബി.എസ്. യെഡിയൂരപ്പ, ബിജെപി ദേശീയ ജനറൽ സെക്രട്ടറി ബി.എൽ. സന്തോഷ്, ഒബിസി മോർച്ച പ്രസിഡണ്ട് കെ. ലക്ഷ്മൺ, ദേശീയ നേതാക്കളായ സുധാ യാദവ്, ഇക്ബാൽ സിങ് ലാൽപുര, സത്യനാരായണൻ ജടിയ എന്നിവരുമുൾപ്പെട്ട ബോർഡ് വിവിധ പേരുകൾ വിശദമായി ചർച്ചചെയ്തുവെന്നാണു വിവരം.

## ഒപ്പുശേഖരണം തുടങ്ങി

(ഒന്നാം പേജിൽ നിന്നും)

പാർലമെന്റിൽ നടത്താൻ പ്രതിപക്ഷത്തിന് അവസരം ലഭിക്കും. വർഷകാല സമ്മേളനം അവസാനിക്കാൻ ഏതാനും ദിവസങ്ങൾ മാത്രമാണ് ബാക്കിയുള്ളത്. അതിനാൽത്തന്നെ ഈ സമ്മേളനകാലത്ത് ഇംപീച്ച്മെന്റ് നടപടി അവതരിപ്പിക്കാൻ അനുവാദം ലഭിക്കുമോ എന്നതും സംശയമാണ്. സ്പീക്കറാണ് നോട്ടീസിൽ തീരുമാനമെടുക്കേണ്ടത്.

# പിതാവിന്റെ കൺമുമ്പിൽ രണ്ടാം ക്ലാസുകാരിക്ക് ദാരുണാന്ത്യം

പാലക്കാട്: അച്ഛനോടൊപ്പം സ്കൂട്ടറിൽ സ്കൂളിലേക്ക് പോകുന്നതിനിടെ റോഡിലേക്ക് തെറിച്ചുവീണ രണ്ടാം ക്ലാസ് വിദ്യാർത്ഥിനിയുടെ ശരീരത്തിലൂടെ ബസ് കയറിയിറങ്ങി മരിച്ചു. പഴനിയിർപാളയം സബീർ അലി-ആയിഷ ദമ്പതികളുടെ മകൾ കൊഴിഞ്ഞാമ്പാറ സെ. പോൾസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർത്ഥിനി നഫീസത് മിസ്രിയ (6) ആണ് മരിച്ചത്.

പാലക്കാട്-പൊള്ളാച്ചി പാതയിൽ കൊഴിഞ്ഞാമ്പാറ കരുവപ്പാറയിൽ 18-ന് രാവിലെ 9.10-നാണ് അപകടം നടന്നത്. മുൻപിൽ പോയ ഓട്ടോ പെട്ടെന്ന് നിർത്തിയപ്പോൾ ഇടിക്കാതിരിക്കാൻ ബ്രേക്ക് ചെയ്ത സ്കൂട്ടർ ചെരിയുകയായിരുന്നു. കുട്ടി റോഡിലേക്ക് തെറിച്ചു വീണാണ് അപകടമുണ്ടായത്.

ഈ സ്ഥലത്ത് റോഡിന് വീതി കുറവാണ് ഇവിടെ അപകടം പതിവാണെന്ന് നാട്ടുകാർ പറയുന്നു. അപകടത്തെ തുടർന്ന് നാട്ടുകാർ റോഡ് ഉപരോധിച്ചു.

## ചൈനീസ് വിദേശകാര്യമന്ത്രി

(3-ാം പേജിൽനിന്നും)

2020-ൽ ഗാൽവാൻ താഴ്‌വരയിലെ മാരകമായ ഏറ്റുമുട്ടലുകളെത്തുടർന്ന് കടുത്ത പിരിമുറുക്കത്തിലായ ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം പുനഃസ്ഥാപിക്കുന്നതിനുള്ള തുടർച്ചയായ ശ്രമങ്ങളുടെ ഭാഗമായാണ് ചൈനീസ് വിദേശകാര്യമന്ത്രിയുടെ സന്ദർശനത്തെ പ്രധാനമായും കാണുന്നത്. സംഘർഷമേഖലകളിൽനിന്ന് ഇരുപക്ഷവും സൈന്യത്തെ പിൻവലിച്ചെങ്കിലും, അതിർത്തിയിൽനിന്ന് സേനയെ പിൻവലിച്ചിട്ടില്ല.

കിഴക്കൻ ലഡാക്ക് മേഖലയിലെ എൽഎസിയിൽ ഓരോ ഭാഗത്തും നിലവിൽ 50000 മുതൽ 60000 വരെ സൈനികരുണ്ട്. അതിർത്തിയിലെ സ്ഥിതി, വ്യാപാരം, വിമാന സർവീസുകൾ പുനരാരംഭിക്കൽ എന്നിവയുൾപ്പെടെ നിരവധി സുപ്രധാന വിഷയങ്ങൾ ഇരുപക്ഷവും ചർച്ചചെയ്യുമെന്നു പ്രതീക്ഷിക്കാം.

ചൈനീസ് വിദേശകാര്യമന്ത്രിയുടെ സന്ദർശനത്തിനു പിന്നാലെ 20-ന് ബുധനാഴ്ച എസ്. ജയശങ്കർ റഷ്യയിലേക്കു തിരിക്കുമെന്നതും വിഷയത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. റഷ്യൻ വിദേശകാര്യമന്ത്രി സെർഗിലാവ്റോവുമായി ജയശങ്കർ ചർച്ച നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്.

# Grace CONVENTION CENTER
Punnamoodu, Mavelikara




DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)

| SERVICES | EVENTS |
| --- | --- |
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| FUSION, TALLMAN SECURITY, | BETROTHAL, BAPTISM, |
| PREMIUM CARS, ENTERTAINMENT | BIRTHDAY PARTIES, |
| CHURCH CHOIR, ANCHORING | HOUSE WARMING |
| LED WALL, LIVE STREAMING | BUSINESS CONFERENCE |
| | GET TOGETHER Etc; |



TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us



# THANNIKKARY VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com




# MIDWEST
WINDOWS & DOORS




MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com



Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**